UNIVERSITY LIB... -5 JULY 1931

# കൈരളി

പുസ്തകം ൧൬ | ൧൧൦൬ എടവം | ലക്കം ൨

## ശ്രീരാമകൃഷ്ണാഷ്ടകം.

ക്ഷുദിരാമസുതം വന്ദേ വന്ദേ ചന്ദ്രമണീസുതം
കൃതാവതാരം ശ്രീരാമകൃഷ്ണം വന്ദേ ഗദാധരം. 1

ശ്രീദക്ഷിണേശ്വരക്ഷേത്രപൂജകം പൂതമാനസം
ദേവീഭക്തജനോത്തംസം വന്ദേഹം ശാരദാപതിം. 2

നരേന്ദ്രജ്ഞാനദാതാരം വിവേകാനന്ദദേശികം
നിർമ്മലാനന്ദപാഥോജഭാസ്കരം ശ്രീധരം ഭജേ. 3

ബ്രഹ്മാനന്ദ ചിദാനന്ദശിവാനന്ദാദിസദ്ഗുരും
രാമകൃഷ്ണം ജഗത്പൂജ്യചരിതം ശാശ്വതാ ഭജെ. 4

അനഭ്യസ്തവിദ്യോപി സർവ്വജ്ഞ! കാന്താ-
സമേതോപി സദ്ബ്രഹ്മചാരിൻ! നമസ്തേ;
സദാ തേ പവിത്രം ചരിത്രം മദീയാ-
ന്യനേകാനി പാപാനി ദൂരീകരോതു. 5

സദാ കാമിനീകാഞ്ചനപ്രേരിതോഹം
കുമാർഗ്ഗേഷു നീതോതിസഞ്ചാരഖിന്നഃ
ത്വയാ പാലനീയോസ്മി ദീനാർത്തിഹാരിൻ
നമസ്യേ ത്വദന്യം വരേണ്യം ശരണ്യം. 6

വിഭോ! രാമകൃഷ്ണ! പ്രസീദ പ്രസീദ
ത്വമേവാസി മേ നാഥ! ബന്ധുഃശരണ്യഃ
ഇമം മൂഢചിത്തം ദുരാശാനുഷക്തം
സമുദ്ധാരയ ത്വം ഭവാംഭോധിമഗ്നം. 7

ജാനാമി ലോകവിഷയക്ഷണികസ്വഭാവം
കർമ്മാനുകൂലസുഖദുഃഖഗതിം ച മന്യേ;
തസ്മാൽ ഭവൽപദസരോരുഹപൂജനായാ-
മദ്യപ്രഭൃത്യനുരതോസ്മി മുകുന്ദമൂർത്തേ! 8

(ശുഭം.)

# സാഹിത്യം.

(പുരാതനവും ആധുനികവും ആയ പ്രസ്ഥാനങ്ങൾ തമ്മിൽ ഉള്ള വൈരുദ്ധ്യം)

നവനവങ്ങളായ മാർഗ്ഗങ്ങളിൽക്കൂടി സമകാലീനമായ സാഹിത്യസരണിയുടെ ഗതിയെ നയിക്കുവാനുള്ള നിരന്തരമായ പരിശ്രമത്തെ വിവിധമായ മനോഭാവത്തോടുകൂടി ലോകം വീക്ഷിക്കുകയാണ്. യാതൊന്നുമില്ല, ഇതിൽ അത്ഭുതാവഹമായിട്ട്. ജിവിതത്തിൻെറ പ്രകാശനമാണു സാഹിത്യം. ജീവിതം സാമുദായികമാകുന്നു. സാമുദായിക പരിവർത്തനത്തോടൊന്നിച്ചുതന്നെ സാഹിത്യപരമായ ഒരു പരിവർത്തനവും ഏതദന്തരീക്ഷത്തിൽ അപരിഹാർയ്യമത്രെ. ഇദാനീന്തനമായ മനുഷ്യജീവിതത്തിൻെറ പരിസരവിധാനത്തിന്നനുയോജ്യമായി സാഹിത്യത്തിൻെറ ഗതി ചായുന്നതു മററൊന്നുകൊണ്ടുമല്ല. പക്ഷേ, പുരാതനങ്ങളായവ ശ്രേഷ്ഠങ്ങളായതോടുകൂടി ആദർശകോടിയെ ആരോഹണം ചെയ്തു കഴിഞ്ഞു. നവീനപ്രസ്ഥാനത്തിൻെറ നേരെ പോരാടുവാൻ തുനിഞ്ഞു പേനയെടുത്ത ആരാധകന്മാരും അതിന് അല്പമല്ലാ. ഈദൃശമായ ഒരു സിദ്ധാന്തത്തിനു നിദാനം സ്വദ്ധാബുദ്ധിയാണ്; അജ്ഞതയാണ്. ബുദ്ധിശക്തിയാലും മഹത്വത്താലും ഗണനീയന്മാരായ ആരാധകന്മാർ ഈ രണ്ടു പ്രസ്ഥാനങ്ങൾക്കുമുണ്ട്. വികാരവാതത്താൽ ഉലയാത്ത, പക്ഷപാതബുദ്ധിയാൽ കുടിലമാകാത്ത, ഒരു ചിന്താഗതി ഈ പ്രസ്ഥാനദ്വയത്തിൽ സുന്ദരവും അംഗീകാരയോഗ്യവുമായവയെ നിശ്ശേഷം സ്വീകരിച്ച് ആസ്വദിക്കുവാനും ആനന്ദിക്കുവാനും അത്യന്താപേക്ഷിതമത്രേ. ഏതദുദ്യമത്തിൽ പക്ഷപാതികളായ ഒരു കൂട്ടം ആരാധകന്മാർ പരാജയം സമ്മതിച്ചു കഴിഞ്ഞിരിക്കുന്നു. ഭാവിയുടെ പ്രഭുത്വതയും അനിശ്ചിതതയും നവ്യമായതിൻെറ നേരെ അവർക്കുള്ള മനഃസ്ഥിതിയെ സന്ദേഹാകുലമാക്കിത്തീർത്തു. "ചിരപരിചിതമായ പുരാതനപ്രസ്ഥാനത്തെ നാം എന്തിനു മാററുന്നു?" ഒരു പുരാതനപ്രണയി ചോദിക്കുകയാണ്. നവീ

നപ്രസ്ഥാനത്തിന്റെ ആഞ്ഞടിച്ചുകയറുന്ന തിരമാലകളെ തടഞ്ഞുനിൎത്തുക അസാദ്ധ്യമെന്നു കാണുമ്പോൾ പ്രക്ഷീയമാണമായി മാഞ്ഞുപോകുന്ന ഭൂതത്തെ കാത്തു് ആയാൾ നെടുവീൎപ്പിടുന്നു. രണ്ടു പഴയസ്നേഹിതന്മാർ വിദ്യാലയത്തിലെ പാഠപുസ്തകത്തിൽ വരുത്തിയിട്ടുള്ള നവീകരണത്തെ പരാമൎശിക്കുന്നതു കേട്ടതായി ലേഖകൻ ഓൎക്കുന്നു. "പഴയതു് എന്നും പഴയതുതന്നെ. അതിന്റെ വല്ല 'യോഗ്യത'യുമുണ്ടോ ഈ നവീകരണത്തിനു്?" അവർ ആശ്ചൎയ്യപ്പെടുകയാണു്. പുതിയവ്യാകരണത്തിൽ 'പൂൎണ്ണഭൂതകാലം' (pluperfect tense) എന്നു ഒന്നില്ലെന്നസംഗതി അവൎക്കു് ഓൎക്കുകകൂടി അസാദ്ധ്യമാണത്രേ. എന്തൊരു യാഥാസ്ഥിതികചിന്ത.

സുഖലോലുപവും ചൈതന്യദരിദ്രവുമായ ഒരു മനഃസ്ഥിതി! നവനവങ്ങളായ കൃതികളോടു "കിടപിടി"ക്കുവാനോ അവയെ അതിശയിക്കുവാനോ സാദ്ധ്യമല്ലാത്ത ഒരു ഘട്ടത്തിൽ എത്തുമ്പോൾ പുരാതനകൃതികളുടെ വൈശിഷ്ട്യത്തേയും തൽകൎത്താക്കളുടെ മഹത്വത്തേയും ഇവയുമായി താരതമ്യപ്പെടുത്തി അവരുടെ സ്വബുദ്ധ്യാലിപ്തമായ മാനസനികഷോപലത്തിൽ ഉരച്ചുനോക്കി ലോകദൃഷ്ടിയിൽ അവയുടെ മാററു കുറയ്ക്കുവാൻ ശ്രമിക്കുന്നു. ഇതിനു നിദാനം പക്ഷപാതിത്വകലുഷിതമായ ഒരു ഹൃദയമാണു്. എന്നാൽ പുതിയപ്രസ്ഥാനം ആളുകളെ ബഹുമാനിക്കുന്നില്ല. നിത്യമായ പുരോഗമനത്തിൽ അതു വിശ്വസിക്കുന്നു. ഭൂതകാലത്തിന്റെ ക്ഷീണങ്ങളായ "വിഗ്രഹ"ങ്ങളെ ആരാധിക്കുവാൻ അതു് ഇഷ്ടപ്പെടുന്നില്ല. പഴയവയുടെ സ്വീകാരത്തിനു് അതു തെളിവുകളും കാരണങ്ങളും ചോദിക്കുന്നു. അവയെ സംശയിക്കുന്നു. സാന്മാൎഗ്ഗികതത്വങ്ങളേയും ദൈവികചിന്തകളേയും രൂപവൽകരിച്ച ആദിമകൎഷകൻ പ്രാദേശികമായ ഒരു പരിജ്ഞാനത്തെയായിരിക്കണം ഒരു പ്രധാനാവലംബമായി സ്വീകരിച്ചിരുന്നതു്. അല്ലാതെ ശാസ്ത്രീയമായ ഒരു വിചിന്തനമായിരുന്നിരിക്കയില്ല അതിന്റെ അസ്ഥിവാരം. സാഹിത്യത്തിൽ നവ്യമായ ഒരു ശാസ്ത്രീയചൈതന്യത്തെ ആവിഷ്കരിക്കുവാൻ ഈ നൂതനപ്രസ്ഥാനം പരിശ്രമിക്കുന്ന കാലത്തോളം നാം അതിനെ ഹാൎദ്ദമായി സ്വാഗതം ചെയ്തുതന്നെ വേണം.

റഷ്യൻ ചൈതന്യത്തിന്റെ പുനരുജ്ജീവനത്തോടുകൂടിത്തന്നെ സമുദായത്തിന്റെ നാനാമുഖങ്ങളായ പരിവൎത്തനങ്ങളിലെന്നപോലെ ആധുനികറഷ്യൻ സാഹിത്യനഭോമണ്ഡലത്തിലും പഴയ പ്രസ്ഥാനങ്ങളുമായുള്ള പോരാട്ടം ആരംഭിച്ചിരിക്കുന്നതായി കാണുന്നു. "ജീവിതാലംബമായ പരിണാമം, സംഘടനപരവും വിഘടനപരവുമായ പരസ്പര വിപരീതപ്രവൎത്തനം, സാഹിത്യസൃഷ്ടിയോടുചേൎന്നു പ്രവൎത്തിച്ചാലേ അതിൽ

എന്തെങ്കിലും ഒരു പരിവൎത്തനമുണ്ടാകയുള്ളൂ." ചുരുക്കത്തിൽ പറയുകയാണെങ്കിൽ നമ്മുടെ സദാചാരവും സാഹിത്യവും നമ്മുടെ ബീജത്തിൽ തന്നെ ദൃഢമൂലമായിരിക്കേണ്ടതാണ്. അങ്ങിനെ ജീവശാസ്ത്രസംബന്ധമായ ഒരു അസ്ഥിവാരമുണ്ടായാൽ മാത്രമേ അവയെ ശാശ്വതവും പ്രായോഗികവും ആക്കിത്തീൎക്കുവാൻ സാദ്ധ്യമാകയുള്ളൂ. പുരാതനമായവയിലുള്ള ഗുണങ്ങളെ നാം അഭിനന്ദിക്കേണ്ടതുതന്നെ; ആസ്വദിക്കേണ്ടതുതന്നെ. പക്ഷേ ഇദാനീന്തന പ്രസ്ഥാനത്തിൻെറ അനൎഘങ്ങളായ സംഭാവനകളെ നാം എന്തിന് അനാദരിക്കണം? ഏതെങ്കിലും ഒരു വസ്തുവിന്മേൽ നാം വ്യാപരിപ്പിക്കുന്ന ഏകാഗ്രചിന്തയുടെ സന്താനമാണല്ലോ സ്വതന്ത്രമായ അഭിപ്രായം. താദൃശമായ അഭിപ്രായം വിലയുള്ളതുതന്നെ. പക്ഷേ, അകാരണമായ അവജ്ഞ കലുഷബുദ്ധിയുടെ ഒരു പ്രകാശനം മാത്രമാണ്. ഒരു ഉദാഹരണം ഉദ്ധരിക്കാം. പഴയ സാഹിത്യത്തിലേയും പുതിയ സാഹിത്യത്തിലേയും ഖണ്ഡകഥാപ്രസ്ഥാനത്തെ ഒന്നു താരതമ്യപ്പെടുത്തി നോക്കുക. ഒരു പഴയ കഥയിൽ ആദ്യം കാരോന്നായി കഥാപാത്രങ്ങളേയും അവരുടെ പരിസരങ്ങളേയും വൎണ്ണിക്കുന്നു. അതു വായനക്കാരുടെ ക്ഷമയെ പരീക്ഷിക്കുകയാണു ചെയ്യുന്നതു്. കഥാപാത്രങ്ങളുമായി പരിചയപ്പെട്ടതോടുകൂടി അവരുടെ ജിജ്ഞാസ തീരെ നശിക്കുന്നു. പ്രത്യുത നൂതന പ്രസ്ഥാനത്തിലാകട്ടെ അതിലെ ഒരു പ്രധാന കഥാസംഭവത്തെ അപ്രതീക്ഷിതമായി അവതരിപ്പിക്കുകയത്രെ ചെയ്യുന്നതു്. വായനക്കാരുടെ ജിജ്ഞാസപൂൎവ്വാധികം ഉദ്ദീപ്തമാകുന്നു. അവരുടെ ആലോചനാശീലത്തിനു് അതു് ഒരു വ്യാപാരം കൂടിയാണ്. രസാസ്വാദനം സുഗമമാക്കത്തക്കവിധത്തിൽ ശാസ്ത്രീയമായ ഒരു പദ്ധതിയാണ് അതെന്നു പറയേണ്ടതില്ലല്ലോ. അവയുടെ വൈപരീത്യം എത്ര പ്രത്യക്ഷം!

ബങ്കാളി ഗ്രന്ഥകാരന്മാരുടെയിടയിൽ മധുസൂദനദത്തൻെറ കാലം മുതൽ ഇദാനീന്തനകാലംവരെയുള്ള സുപ്രസിദ്ധഗ്രന്ഥകാരന്മാർ ഈ നവ്യപദ്ധതിയെ അവലംബിച്ചാണു വംഗസാഹിത്യത്തെ പരിപുഷ്ടമാക്കിയിട്ടുള്ളതു്. അസഭ്യമായ വൈഷയികത്വത്തിലേയ്ക്കും ആഭാസത്വത്തിലേയ്ക്കും ചാടുവാൻ ഉന്മുഖമായിരിക്കുന്ന നവീനസാഹിത്യത്തിൻെറ അസ്വാഭാവികമായ ശരി, പക്ഷേ, അക്ഷന്തവ്യമായേക്കാം. എന്നാലും സ്പൎദ്ധയ്ക്കും അകാരണമായ അവജ്ഞയ്ക്കും സാഹിത്യത്തിൽ സ്ഥാനമില്ല. ഇദാനീന്തനമനുഷ്യ സമുദായത്തിൻെറ പ്രകൃതിവിരുദ്ധവും അനാരോഗ്യപ്രദവുമായ പരിസരവിധാനം മാത്രമാണ് ഈ താല്ക്കാലിക പരിവൎത്തനം സൂചിപ്പിക്കുന്നതെന്നു പക്ഷേ, സമാധാനിക്കാം.

പുരാതനസാഹിത്യത്തിൽ കാളിദാസൻ, ബ്രൌണിങ്ങ്, ടെനിസൺ, ഗീഥേ, ലാസ്സൻ, ഷേയിക്സ്പിയർ തുടങ്ങിയ ചില അനശ്വരനക്ഷത്രങ്ങൾ അവയുടെ ദീപ്തിചിന്നി പുരാതനനവീന പ്രസ്ഥാനഭേദമെന്യേ സാഹിത്യാന്തരീക്ഷത്തിൽ ചിരഞ്ജീവികളായ തേജഃ പുഞ്ജങ്ങളായി പരിലസിക്കുന്നു. അവരിൽ ഓരോരുത്തരുടേയും കൃതികൾ ഒരോ പ്രത്യേക സാഹിത്യമായി പരിഗണിക്കാവുന്നതാകയാൽ അവർ പുരാതനവും നവീനവുമായ രീതികൾ തമ്മിലുള്ള ഈ പോരാട്ടത്തിൽനിന്നു വിമുക്തരാണ്.

വി. രാമനുണ്ണിമേനോൻ.

---

# സംസ്കൃത സാഹിത്യം.

## II

സവ്വഥാനിർദ്ദുഷ്ടവും പരിപുഷ്ടവുമായിട്ടുള്ള സംസ്കൃത സാഹിത്യത്തിന്റെ ഉദ്ദേശശുദ്ധിയെക്കുറിച്ചു പര്യാലോചിക്കയാണെങ്കിൽ അതിൽ ഇത്രമാത്രം മനസ്സിരുത്തിയിട്ടും ഇത്ര വിശുദ്ധമായും വിശദമായും ചച്ചചെയ്തിട്ടുമുള്ള മറെറാരു സാഹിത്യവുമില്ലെന്നു തികച്ചും ബോദ്ധ്യപ്പെടുന്നതാണ്. കേവലം ആഹ്ലാദപ്രദാനം മാത്രമല്ല അതിന്റെ പരമോദ്ദേശ്യം. കൃത്യാകൃത്യോപദേശംകൊണ്ടു ജനതയെ സംസ്കാര സമ്പന്നമാക്കിത്തീക്കുന്നതിന്നായിട്ടാണ് ആ സാഹിത്യംതന്നെ പ്രവൃത്തമായിട്ടുള്ളതു്. അധികാരിഭേദേന പ്രഭുസമ്മിതമായും, സുഹൃത്സമ്മിതമായും, കാന്താസമ്മിതമായും സംസ്കൃത സാഹിത്യം അതിന്റെ ഉദ്ദേശത്തെ നിറവേററുന്നു. കാന്തയെപ്പോലെ സരസമായി കൃത്യാകൃത്യോപദേശം ചെയ്തു കക്കശമതികളെയെന്നപോലെതന്നെ സുകുമാരമതികളേയും സംസ്കാരസമ്പന്നരാക്കിത്തീക്കുന്നതിന്നുള്ള വൈഭവം സംസ്കൃത സാഹിത്യത്തെപ്പോലെ ഇതരസാഹിത്യങ്ങൾക്കില്ല.

സംസ്കൃത സാഹിത്യത്തിലെ മറെറാരു വൈശിഷ്ട്യം അതിന്റെ അന്തർമ്മുഖമായ പ്രവത്തനമാകുന്നു. നീതിതത്വങ്ങൾ, ധമ്മതത്വങ്ങൾ, വേദാന്തതത്വങ്ങൾ ഇവയെയെല്ലാം ഇത്രയും വിസ്തൃതമായും സമഗ്രമായും പ്രതിപാദിച്ചിട്ടുള്ള ഗ്രന്ഥരാശികൾ മറെറാരു സാഹിത്യത്തിലും കാണുവാൻ ഞെരുക്കമാണ്. ഐഹികഭോഗങ്ങൾക്കു പ്രാധാന്യം നൽകുന്നതായ ഇതരദേശീയരുടെ സാഹിത്യത്തിൽ ആത്മീയ ചിന്തകൾ കുറഞ്ഞുകാണുന്നതിൽ ആശ്ചയ്യപ്പെടുവാനില്ലല്ലോ. ആഷഭൂവിലെ പൂവ്വ പുരുഷന്മാരെപ്പോലെ ആദ്ധ്യാത്മികവിഷയങ്ങളിൽ നിഷ്ണാതരായിട്ടുള്ളവർ ഇല്ലെന്നു

ള്ളൂ സുപ്രസിദ്ധമത്രെ. ലൌകീക വിഷയങ്ങളിൽ അത്ഭുതാവഹമായ പരിഷ്കാരം സിദ്ധിച്ചുകഴിഞ്ഞിട്ടുള്ള പാശ്ചാത്യലോകംകൂടി ഇപ്പോഴും ആത്മീയമായ അഭ്യുന്നതിക്കുവേണ്ടി പൌരസ്ത്യലോകത്തെത്തന്നെ ഉററുനോക്കിക്കൊണ്ടിരിക്കുന്നതിൽനിന്നും ഈ സംഗതി വിശദമാകുന്നുണ്ട്. വേദങ്ങൾ, ഉപനിഷത്തുകൾ, പുരാണങ്ങൾ, വേദാന്തസൂത്രങ്ങൾ, ദശനങ്ങൾ മുതലായവയെല്ലാം ആദ്ധ്യാത്മികചിന്തകൾക്കു ഭാരതഭൂമിയിൽ ഉണ്ടായിട്ടുള്ള അസാധാരണമായ പുരോഗതിയേയും പരിപുഷ്ടിയേയും ഉച്ചൈസ്സരം ഉൽഘോഷിക്കുന്നു. സർവ്വോപനിഷത്സാരഭൂതമായ ഭഗവൽ ഗീതയുടെ സർവ്വാതിശായിയായ മാഹാത്മ്യത്തിന്നു നമോവാകമോതാത്ത പരിഷ്കൃതലോകം ഇന്നു ഭൂമണ്ഡലത്തിലില്ലെന്നുള്ളതുതന്നെ സംസ്കൃത സാഹിത്യത്തിന്റെ അനഘതയെ സവിശേഷം വെളിപ്പെടുത്തുന്നുണ്ട്. എന്തിനേററെ? അദ്വൈതമതപ്രതിഷ്ഠാപകനായ ജഗൽഗുരു ശ്രീശങ്കരാചാര്യസ്വാമികളുടെ സാരസ്വതവിലാസം ഒന്നുമാത്രം നശിക്കാതെ നിലനില്ക്കുന്നപക്ഷം, മററു ഗ്രന്ഥരാശികളെല്ലാം നശിച്ചുപോയാൽകൂടി ഇതരസാഹിത്യസമുച്ചയങ്ങളുടെ അഗ്രപീഠം അലങ്കരിപ്പാനുള്ള അവകാശം സംസ്കൃതസാഹിത്യത്തിന്നു തന്നെയായിരിക്കുമെന്നുള്ളതു നിർവ്വിവാദമാകുന്നു.

ആദ്ധ്യാത്മികതത്വപ്രതിപാദകങ്ങളും അതഏവ ഗഹനങ്ങളുമായ ഗ്രന്ഥങ്ങളുടെ ബാഹുല്യം മാത്രമല്ലാ സംസ്കൃതസാഹിത്യത്തെ വിശ്വാതിശായിയാക്കിത്തീക്കുന്നതു്. സാഹിത്യത്തിന്റെ മററു പ്രസ്ഥാനങ്ങളിലും അതിന്നു തുലോം ഉന്നതമായ ഒരു പദവി നിരാക്ഷേപമായിട്ടുള്ളതാകുന്നു. എന്നാൽ ഇതരസാഹിത്യങ്ങളേക്കാൾ ഭാരതീയസാഹിത്യത്തിന്നുള്ള ഒരു മെച്ചം അതിൽ ആത്മീയചിന്തകൾ പ്രതിഫലിച്ചിട്ടില്ലാത്ത ഒരു പ്രസ്ഥാനവുമില്ലെന്നുള്ളതാണ്. തന്നിമിത്തം കേവലം ലൌകികങ്ങളായ വിഷയങ്ങളെ അധികരിച്ചു നിർമ്മിച്ചിട്ടുള്ള കാവ്യനാടകാദികളിൽ കൂടി അവരുടെ ചിന്താസന്തതികളായ അനേകം വിശിഷ്ടതത്വങ്ങൾ ചിന്നിച്ചിതറിക്കിടക്കുന്നതായിക്കാണാം. ചുരുക്കത്തിൽ തത്വചിന്തകൊണ്ടു മധുരീകരിക്കാത്ത ഒരു കവനശകലമെങ്കിലും ഭാരതീയസാഹിത്യത്തിൽ കാണുകയില്ലെന്നു തന്നെ പറയാവുന്നതാണ്. തത്വചിന്തകൊണ്ടു കവിതയേയും കവിതകൊണ്ടു തത്വചിന്തയേയും മധുരീകരിക്കാമെന്ന തത്വത്തെ ഒന്നാമതായി പ്രായോഗികമാക്കിക്കാണിച്ചിട്ടുള്ളവർ ഭാരതപുണ്യഭൂമിയിലെ പൂർവ്വപുരുഷന്മാരാണെന്നുള്ളതു നിസ്സംശയമാകുന്നു. ഇതാണു സംസ്കൃത സാഹിത്യത്തിന്റെ അനുപമമായ ഊർജ്ജസ്വലതക്കുള്ള ഒരു പ്രധാനഹേതു.

ഇനിയും ഈ സാഹിത്യത്തിൽ പല രമണീയ പ്രസ്ഥാനങ്ങളുമുണ്ട്. അവയിൽ ഒന്നാണു സ്തോത്രപ്രസ്ഥാനം. സംസ്കൃതസാഹിത്യത്തിൽ സ്തോത്രങ്ങൾക്കുള്ള പ്രാധാന്യം അന്യാദൃശമാകുന്നു. ഈ വിധം ഓരോ പ്രസ്ഥാനത്തേയും വെവ്വേറെയെടുത്തു നിരൂപണം ചെയ്യുകയെന്നതു തുലോം ദുഃശകമാണ്. എന്നാൽ, മനുഷ്യസ്വത്വത്തിന്നു അധികം പ്രാധാന്യം കണ്ടുവരുന്ന ഇക്കാലത്തു, ഏതാണ്ടു നിരീശ്വരതപത്തിലേക്കു അധഃപതിച്ചു കഴിഞ്ഞിട്ടുള്ള ഭാരതീയ യുവലോകം പുരാതന ഭക്തകവീന്ദ്രന്മാരുടെ സരളകോമളങ്ങളും അഗാധാശയ സമ്പന്നങ്ങളുമായ ഈശ്വരസ്തോത്രങ്ങൾ പാരായണം ചെയ്യുന്നതു തുലോം സ്പൃഹണീയമായിരിക്കുമെന്നു മാത്രം തല്ക്കാലം പ്രസ്താവിച്ചുകൊള്ളട്ടെ. ഇങ്ങിനെ നാനാമുഖമായ സാഹിത്യത്തിന്റെ ഏതേതു വിഭാഗങ്ങൾ പരിശോധിച്ചു നോക്കുന്നതായാലും, ഓരോന്നും അതാതു വിഭാഗങ്ങളിൽ ഉത്തമോത്തമമെന്നു ഏതു സഹൃദയനെയും ബോദ്ധ്യപ്പെടുത്തുവാൻമാത്രം വിപുലവും ഗുണോത്തരവുമാണു സംസ്കൃത സാഹിത്യമെന്നു ഇത്രയുംകൊണ്ടു വിശദമായിരിക്കുമല്ലോ. ഭാരതീയരുടെ ഭൌതിക പരിഷ്കാരത്തിലുള്ള അനാസ്ഥ ആത്മീയ പരിഷ്കാരത്തിലുള്ള അത്യാസക്തി ഇവയെല്ലാം അന്ധവിശ്വാസത്തിന്റെ മൂത്ത ഗോഷ്ഠികൾ മാത്രമാണെന്നു വിശ്വസിക്കുകയോ, അവരുടെ മേധാബലം, യുക്തിവിചാരശക്തി ഇവയെക്കുറിച്ചു സംശയിക്കുകയോ ചെയ്യുന്ന നൂതന വിദ്യാസമ്പന്നന്മാർ ഇനിയും വല്ലവരുമുണ്ടെങ്കിൽ, അവർ സംസ്കൃത സാഹിത്യത്തിലെ പൂർവ്വപക്ഷ കോടിയിൽമാത്രം നില്ക്കുന്ന ബൌദ്ധ ചാർവ്വാകമതപ്രതിപാദകങ്ങളായ യുക്തിഗ്രന്ഥങ്ങൾനോക്കി തന്നിവൃത്തിവരുത്തിക്കൊള്ളേണ്ടതാണ്.

നാനാമുഖമായ സംസ്കാര പരിപുഷ്ടിയോടുകൂടിയ ഒരു ഉൽകൃഷ്ട സാഹിത്യം സംസ്കാര വിഹീനമായ ഒരു ജനതയിൽനിന്നും സമുത്ഭവിക്കുകയെന്നുള്ളത് കേവലം പ്രകൃതിവിരുദ്ധവും യുക്തിവിരുദ്ധവുമാകയാൽ, സംസ്കൃത സാഹിത്യത്തിന്റെ സത്തയുള്ളേടത്തോളം കാലം, ഭാരതീയരുടെ വിശിഷ്ടസംസ്കാരത്തെപ്പററി ആക്കും ആശങ്കയ്ക്കുവകാശമില്ല. ഒരു ജനതയുടെ സംസ്കാരത്തിന്റെ ശരിയായ മാനദണ്ഡംതന്നെ അതിലെ സാഹിത്യമാണല്ലോ. ഭാരതീയ സംസ്കാരംകൊണ്ടു സംസ്കൃത സാഹിത്യത്തിന്നും, സംസ്കൃത സാഹിത്യംകൊണ്ടു ഭാരതീയ സംസ്കാരത്തിന്നും അന്യോന്യമുണ്ടായിട്ടുള്ള പ്രൌഢിയും ശോഭാതിശയവും അസാമാന്യമാകുന്നു. തന്നിമിത്തം ഒന്നിൽനിന്നു മറെറാന്നിനെ വേർപെടുത്തിയെടുക്കുന്നതുതന്നെ ഒരിക്കലും ആശാസ്യമല്ല. അല്ലെങ്കിൽ അവയ്ക്കു തമ്മിലുള്ള സംബന്ധം സമവായസംബന്ധം തന്നെയാണെന്നുകൂടി പറയാവുന്നതാ

ണ്. അതിനാൽ ഭാരതീയ സംസ്കാരത്തെ നിലനിൎത്തേണമെന്നു നാം ആശിക്കുന്നേടത്തോളംകാലം നമുക്കു സംസ്കൃത സാഹിത്യത്തെ അകററിനിൎത്തുവാൻ സാധിക്കുന്നതല്ല. ഭാരതീയരായ നമുക്കു ഇന്നു ലോകത്തിൽ വല്ല സ്ഥാനവുമുണ്ടെങ്കിൽ അതിൻെറ ഏകഹേതു നഷ്ടശിഷ്ടമായ നമ്മുടെ പൂൎവ്വസംസ്കാരം ഒന്നുമാത്രമാണെന്നു ഏവനും ആലോചിച്ചാൽ അറിയാവുന്നതാണ്. അതിനാൽ നഷ്ടശിഷ്ടവും എന്നാൽ സൎവ്വോത്തമവുമായ ഭാരതീയ സംസ്കാരത്തെ പുനരുദ്ധരിക്കുന്നതിന്നുള്ള ഏകോപായമായ സംസ്കൃത സാഹിത്യ പ്രചാരത്തെ ഉപൎയ്യുപരിവൎദ്ധിപ്പിക്കുവാനാണു ഓരോ ഭാരതീയനും ഉത്സാഹിക്കേണ്ടതു്. ഇപ്പോൾ അടിയന്തരമായി നമ്മുടെ ശ്രദ്ധയെ ആകൎഷിക്കേണ്ട പ്രധാനസംഗതി ഇതൊന്നുമാത്രമാണ്.

ഇടക്കാലത്തുണ്ടായിരുന്ന പ്രതിബന്ധങ്ങളൊന്നും തന്നെ ഇപ്പോൾ സംസ്കൃതാഭ്യസനത്തിന്നില്ല. സംസ്കൃതസാഹിതി ഇന്നു കാമിക്കുന്നവരെയെല്ലാം ആശ്ലേഷിക്കുന്നതിന്നു ബാഹുക്കളെ പ്രസാരണം ചെയ്തുകൊണ്ടു നില്ക്കുകയാണ്. തന്നിമിത്തം ആ സുരസരസ്വതി ഇന്ന് ഏതൊരുത്തന്നും ദുഷ്പ്രാപയല്ലാതായിത്തീൎന്നിട്ടുണ്ടു്. രാഷ്ട്രീയമായോ, സാമുദായികമായോ, സാമ്പത്തികമായോ ഏതെല്ലാം വിധത്തിൽ എന്തു പരിവൎത്തനങ്ങൾ സംഭവിച്ചാലും, ഭാരതത്തിലെ സംസ്കാരം ആസേതുഹിമാചലം അഭിന്നമായതുകൊണ്ടും, അതിൻെറ നിധാനപേടകം സംസ്കൃതസാഹിത്യം ഒന്നു മാത്രമായതുകൊണ്ടും ഒരിക്കലും നമുക്ക് അതിൻെറ കരാവലംബം കൂടാതെ നിവൎന്നു നില്ക്കുവാൻ സാദ്ധ്യമാകാത്തതിനാൽ, ഭാരതീയരായ ഏവരും ഈ സുവൎണ്ണാവസരത്തെ പാഴാക്കിക്കളയാതിരിപ്പാൻ പ്രത്യേകം മനസ്സിരുത്തേണ്ടതാണ്. ഭാരതത്തിൻെറ പുരോഗതിക്കു സംസ്കൃത സാഹിത്യത്തിൻെറ പുനരുദ്ധരണം വിഘാതമാണെന്ന് ഒരു ഭാരതീയൻ ഹൃദയപൂൎവ്വം വിശ്വസിക്കുന്നുണ്ടെങ്കിൽ, അയാൾ ആത്മഹത്യക്ക് ഒരുമ്പെട്ടുകഴിഞ്ഞവനെപ്പോലെ കേവലം ദയനീയനായിത്തീൎന്നിരിക്കുന്നുവെന്നു തീൎച്ചപ്പെടുത്താവുന്നതാണ്. ഭാരതവൎഷത്തിൽ ഇന്നു ഇതരഭാഷകളിൽ പാണ്ഡിത്യം സമ്പാദിച്ചു പ്രശസ്തി നേടിയിട്ടുള്ളവരിൽ മിക്കപേരു സംസ്കൃത സാഹിത്യത്തിൽ സുശിക്ഷിതരാണെന്ന സംഗതി ഇവിടെ സവിശേഷം സ്മരണീയമാകുന്നു.

ഇന്നു പരസ്പരം വിഭിന്നങ്ങളായ രണ്ടു സംസ്കാരങ്ങളുടെ ശക്തിയേറിയ സമ്മൎദ്ദമാണ് ഇവിടെ നടക്കുന്നതു്. സഹജമായ സംസ്കാരത്തെ വിട്ടു പ്രകൃതിവിരുദ്ധമായ മററൊരു സംസ്കാരത്തെ സ്വീകരിക്കു

യെന്നതു് ഒരിക്കലും സാദ്ധ്യമോ ആശാസ്യമോ അല്ല. സംസ്കാരപരമായ ഒരാക്രമണത്തിന്നു് എപ്പോഴെങ്കിലും ഇടം കൊടുക്കുന്നതു് ആത്മനാശത്തെ ക്ഷണിച്ചു വരുത്തുകതന്നെയാകുന്നു. പാശ്ചാത്യസംസ്കാരവും സാഹിത്യവും ഇന്നു ഭാരതീയ സംസ്കാരത്തേയും സാഹിത്യത്തേയും കീഴടക്കുവാനായി അനവരതം പ്രയത്നിച്ചുവരികയാണു്. ഒരിക്കൽ അതിന്നു വിജയം ലഭിച്ചു കഴിഞ്ഞാൽ പിന്നീടു് അതിനെ ഇവിടെനിന്നകററി നിർത്തുന്നതു് അത്ര സുകരമായിരിക്കയില്ല. സൈന്യബലത്തേക്കാൾ സാഹിത്യബലത്തിന്നു കരുത്തേറുമെന്നുള്ളതു് ഒരിക്കലും മറന്നുകൂടാത്തതാകുന്നു. പാശ്ചാത്യരുടെ സൈന്യബലത്തെയല്ല, സാഹിത്യബലത്തെയാണു നാം എപ്പോഴും തീവ്രമായി ഭയപ്പെടേണ്ടിയിരിക്കുന്നതു്. പാശ്ചാത്യപരിഷ്കാരപ്പുറംപൂച്ചിൽ കണ്ണുമയങ്ങി നാം നമ്മുടെ സംസ്കാരത്തേയും സാഹിത്യത്തേയും തീരെ വലിച്ചെറിയുവാനുള്ള ബദ്ധപ്പാടിൽ അതിന്റെ ഗുണദോഷങ്ങളെക്കുറിച്ചു് അശേഷവും ആലോചിക്കുന്നില്ല. തന്നിമിത്തം പാശ്ചാത്യഭാഷയ്ക്കും സംസ്കാരത്തിന്നും നമ്മിൽ എന്തെന്നില്ലാത്ത ഒരു പ്രവൎത്തനശക്തിയുളവായിത്തീൎന്നിരിക്കുന്നു. അതിന്റെ ആക്രമണത്തിന്നു നാം നിശ്ശേഷം കീഴടങ്ങുകയാണെങ്കിൽ നമുക്കു സ്വന്തമായി യാതൊരു സംസ്കാരവുമില്ലെന്നു ലോകത്തെ ബോദ്ധ്യപ്പെടുത്തുകയും, പ്രകൃതിവിരുദ്ധമെങ്കിലും അന്യമായ ഒരു സംസ്കാരത്തെ ഇവിടെ ഇറക്കുമതി ചെയ്യുതിന്നു നാം ഇംഗ്ലീഷുകാരോടു കൃതജ്ഞരായിരിപ്പാൻ നിൎബ്ബന്ധിതരായിത്തീരുകയും ചെയ്യുന്നതാണു്. ആ സ്ഥിതി കേവലം ആത്മനാശത്തിന്റേയും അടിമത്തത്തിന്റേയും രൂപാന്തരമായിരിക്കുമെന്നുള്ളതു നിൎവ്വിവാദമാകുന്നു. അതിനാൽ രാഷ്ട്രീയമായ പുരോഗതിയും സ്വാതന്ത്ര്യവും എന്നെന്നേക്കുമായി അടഞ്ഞുപോകാതിരിക്കേണമെങ്കിലും, ഭാരതീയത്വംതന്നെ ലോകരംഗത്തിൽനിന്നു തിരോധാനം ചെയ്യാതിരിക്കേണമെങ്കിലും നാം നമ്മുടെ പ്രാചീന സംസ്കാരത്തേയും സാഹിത്യത്തേയും സമുദ്ധരിപ്പാനായി, വേണ്ടിവരുന്നപക്ഷം, ആത്മാൎപ്പണം കൂടിച്ചെയ്യാൻ സന്നദ്ധരായിരിക്കേണ്ടതാണു്.

വൈജ്ഞാനികശാസ്ത്രം, രസശാസ്ത്രം മുതലായവയിലുള്ള ഇന്നത്തെ പരിഷ്കാരമെല്ലാം പാശ്ചാത്യലോകത്തിന്റെ മാത്രം നേട്ടമാണെന്നു കരുതി, സംസ്കൃതസാഹിത്യത്തിൽ താദൃശങ്ങളായ ഗ്രന്ഥങ്ങളില്ലെന്ന ബോധത്താൽ പ്രേരിതരായി, അതിന്നു സംസ്കാരപരമായ വില (Cultural value)യില്ലെന്നു ശഠിക്കുന്ന നൂതന വിദ്യാസമ്പന്നന്മാരുടെ വാദവും യുക്തിസഹമായിത്തോന്നുന്നില്ല. കാലപ്രവാഹത്തിൽ നവംനവങ്ങളായ പല തത്വങ്ങളും കണ്ടെത്തുന്നതു ലോകപ്രകൃതിയാണു്. ഇതു്

അനാദികാലംമുതൽക്കേ അങ്ങിനെ നടന്നുവന്നിട്ടുള്ളതും, ഇപ്പോഴും വന്നുകൊണ്ടിരിക്കുന്നതും, ഇനിയും തീച്ചയായും അങ്ങിനെതന്നെ വരുന്നതുമാണ്. എന്നാൽ അവയിൽ പലതും പ്രാചീനലോകത്തിന്റെ നിരീക്ഷണശക്തിക്കു വിഷയീഭവിച്ചിട്ടുള്ളവയല്ലെന്നു നിശ്ചയിച്ചുകൂടാത്തതുമാകുന്നു. ഭാരതീയരുടെ ശാസ്ത്രീയ ജ്ഞാനത്തെ (Scientific Knowledge) സംബന്ധിച്ചുള്ള ഒരു നിരൂപണത്തിന്ന് ഇപ്പോൾ ഇവിടെ ഒരുങ്ങുന്നില്ല. ഏതായാലും പുതുതായി ചില കണ്ടുപിടുത്തങ്ങളുണ്ടായെന്നുള്ള ഏകകാരണത്താൽ മാത്രം പ്രാചീന സാഹിത്യങ്ങളിലൊന്നും കാതലില്ലെന്നു തീരുമാനിക്കുന്നതു തികഞ്ഞ മൌഢ്യമാകുന്നു. അങ്ങിനെ ഒരു കാലത്തും ഒരു ദിക്കിലും ആരും ചിന്തിച്ചതായികേട്ടറിവില്ല. വിദ്യുച്ഛക്തി, വ്യോമയാനം, ചലനചിത്രം, കമ്പിയില്ലാക്കമ്പി മുതലായവയുണ്ടായിരുന്ന കാലത്തെ കൃതികളല്ലെന്നു കരുതി ഹോമർ, വർജിൽ, ഡാന്റെ, ഷെക്സ്പിയർ, മിൽട്ടൻ മുതലായ ഉൽക്കൃഷ്ടകവീശ്വരന്മാരുടെ കൃതികളെ പാശ്ചാത്യലോകം ബഹിഷ്കരിക്കുന്നുണ്ടോ? ആദ്ധ്യാത്മികവിഷയങ്ങളിൽ ശ്രദ്ധാലുക്കളായ പ്രാചീനഭാരതീയർ അവയിൽ പല തത്വങ്ങളും ദശനം ചെയ്തിട്ടുണ്ട്. ആ വഴിയെ പോകുന്നതിന്നുപോലും ഇന്നത്തെ സുപരിഷ്കൃതക്കു സാദ്ധ്യമല്ല. ആമുഷ്മികങ്ങളായ ശ്രേയസ്സുകളിൽ ആസക്തന്മാരായ അവർ അതിനുള്ള മാൎഗ്ഗങ്ങൾ തെളിയിച്ചു. ഐഹികസുഖഭോഗങ്ങളിൽനിരതരായ ആധുനികർ അവക്കുവേണ്ടി ആയുസ്സു ബലികഴിക്കുന്നു. ഇരുവരുടേയും പ്രയത്നസരണികൾ വെവ്വേറെയായിരിക്കെ, ഒരു കൂട്ടരെ അവഹേളിക്കുന്നതും, മററവരെ ആരാധിക്കുന്നതും അനാത്മജ്ഞതയുടെ ബഹിഃപ്രകടനം മാത്രമത്രെ.

സംസ്കൃതസാഹിത്യത്തിന്റെ നാനാമുഖമായ പുരോഗതിയെക്കുറിച്ച് ഇങ്ങിനെ ഓരോന്നായിപ്പറഞ്ഞുതുടങ്ങിയാൽ അവസാനമില്ല. ഏതു വിധേനയും ഭാരതീയരുടെ യഥാൎത്ഥസംസ്കാരത്തെ സംരക്ഷിക്കുന്നതും, ഇതരസാധാരണങ്ങളല്ലാത്ത അനേകം ഗുണവൈശിഷ്ട്യങ്ങൾക്കാധാരമായതുമായ ഒരു മഹിത സാഹിത്യമാകുന്നു സംസ്കൃതസാഹിത്യം. അതിനാൽ ഭാരതവഷത്തിന്റെ പൂൎവ്വമഹിമക്കെല്ലാം ഏക ഹേതുവായിരുന്ന ആ ഉത്തമസാഹിത്യത്തിന്റെ സമുദ്ധരണത്തിന്നായി ത്രിവിധകരണങ്ങളേക്കൊണ്ടും പ്രയത്നിക്കേണ്ടതു, ഭാരതീയരായ നമ്മുടെ പ്രഥമകൎത്തവ്യമാകുന്നു.

വിദ്വാൻ വി. എം. ഗോവിന്ദമേനോൻ.

# സന്ദേശം.*

നിത്യതതന്മേലേച്ചുററിക്കിടക്കുന്ന
സത്യത്തിൽനിന്നു സംജാതമായി,
ചിത്രമാം സൗന്ദര്യത്താലേ നവനവ-
പത്രപരമ്പര വായ്പുതായി,
പ്രേമത്തിൻ ചാറിനാൽ പച്ചപിടിച്ചതായ്
ശ്രീമദാനന്ദഫലാഢ്യമായി
ദൈവചൈതന്യമെന്നോതുന്ന മുന്തിരി-
ത്തൈവല്ലി തന്നിഴലാശ്രയിപ്പിൻ!
ഭാവിയെക്കാക്കാതെ, ഭൂതത്തെ നോക്കാതെ,
പൊകുവിൻ! തേടുവിൻ! സൽഫലങ്ങൾ—
ക്ലേശത്തിൻ ബാഷ്പത്താലല്പം പുളിപ്പോലു-
"മാശാ" മധുരമാം സൽഫലങ്ങൾ!
ജീവിതത്തിൻ മടിക്കുത്തു നിറയ്ക്കുവിൻ
ജീവിതേശൻ വിളിച്ചിടുവോളം!

വിദ്വാൻ ജി. ശങ്കരക്കുറുപ്പ്.

# പ്രാചീനകേരളത്തിലെ ഗുരുകുലവിദ്യാലയങ്ങൾ.

പുരാതന ഭാരതഖണ്ഡത്തിലെ വിവിധ രാജ്യങ്ങളിലും വിശ്രുതങ്ങളായ വിശ്വവിദ്യാലയങ്ങൾ ഉണ്ടായിരുന്നതുപോലെ പ്രാചീനകേരളത്തിലും പല ഗുരുകുലവിദ്യാലയങ്ങൾ ഉണ്ടായിരുന്നു. അവ തക്ഷശില, നളന്ദ, വിക്രമശില, കാഞ്ചീപുരം, തിരുവൊററിയൂർ മുതലായ സ്ഥലങ്ങളിലെ ഗുരുകുലശാലകളേപ്പോലെതന്നെ ഭാരതീയ ചരിത്രകാരന്മാരുടെ ദൃഷ്ടിക്ക് വിഷയമായിട്ടില്ല. ഇതിനുള്ള കാരണം ചരിത്ര സാമഗ്രികളുടെ ദൌർല്ലഭ്യമല്ല, ചരിത്രകാരന്മാരുടെ ഉദാസീനതതന്നെയാണ്. അപൂർവ്വം ചില കേരളചരിത്രകാരന്മാരും ലേഖകന്മാരും ഇവിടത്തെ 18 സഭാമഠങ്ങളേപ്പററി സാമാന്യേനയും കുമ്പളം, ചെമ്പന്നൂർ, തൃക്കണാമതിലകം, തൃശ്ശിവപേരൂർ, തിരുനാവായ മുതലായ മഠങ്ങളേപ്പററി പ്രത്യേകിച്ചും പ്രതിപാദിച്ചു കണ്ടിട്ടുണ്ടെങ്കിലും ഐതിഹ്യ പ്രസിദ്ധമായ ഈ 18

*. വിലാസലഹരി എന്ന പേരിൽ പ്രസിദ്ധം ചെയ്യുവാൻ പോകുന്ന "ഓമർഖായ്യ" തർജ്ജമയുടെ പ്രസ്താവന.

സഭാ മഠങ്ങളുടെ പേരൊ, സ്ഥിതിയൊ, മററു പൂൎണ്ണവിവരങ്ങളൊ ഒന്നും തന്നെ പറഞ്ഞുകാണുന്നില്ല. സഭാമഠങ്ങൾക്കു പുറമെയും ഗുരുകുലശാലകൾ കേരളത്തിൽ പണ്ടുകാലങ്ങളിലുണ്ടായിരുന്നതായി ലക്ഷ്യങ്ങളുണ്ട്. ഇവയെസ്സംബന്ധിച്ച് നമ്മുടെ സ്വാധീനത്തിലുള്ള ചില സാമഗ്രികളെ ചരിത്രരീത്യാ ഉപയോഗിക്കുന്നതായാൽ പ്രാചീനവിദ്യാലയങ്ങളെപ്പററി സ്വദേശാഭിമാനികൾക്ക് അഭിമാനജനകമായ ചില സംഗതികൾ ഗ്രഹിക്കാവുന്നതാണ്. ഇവയിൽ ചിലതിനേപ്പററിയാണ് ഇവിടെ പ്രസ്താവിക്കുവാൻ ഉദ്ദേശിക്കുന്നത്.

വിഷയവിഭാഗം

മലയാളികളെ മാനസികവും കായികവും ആയ വിദ്യാഭ്യാസപദ്ധതികളിലേക്ക് നയിച്ചുകൊണ്ടിരുന്ന പഴയസ്ഥാപനങ്ങൾ വിദ്യാലയങ്ങളും, കൂത്ത്, പാഠകം, പുരാണപാരായണം എന്നിവ നടന്നുകൊണ്ടിരുന്ന ക്ഷേത്രസങ്കേതങ്ങളും, കളരികളും ആയിരുന്നു. ഗുരുകുല കലാശാലകളെ മതഭേദമനുസരിച്ച് മൂന്നായി വിഭജിക്കാം. ഇവ ബുദ്ധവിഹാരങ്ങൾ, ഹിന്തുവിദ്യാമന്ദിരങ്ങൾ, മുസൽമാൻ കലാശാല എന്നിവയാണ്. ജൈനവസതികൾ, അല്ലെങ്കിൽ ജൈനദേവാലയങ്ങൾ, കലാലയങ്ങളായിരുന്നുവോ എന്ന സംഗതി വ്യക്തമല്ലാത്തതിനാൽ അവയെ ഇതിൽ പെടുത്തീട്ടില്ല. പ്രധാനപ്പെട്ട കൃസ്തീയ പള്ളിക്കൂടങ്ങൾ കൃസ്ത്വാബ്ദം 16-ാം ശതവൎഷത്തിലും അതിനു ശേഷവുമുണ്ടായതാകകൊണ്ട് അവയ്ക്കു പ്രാചീനത്വം കല്പിച്ചിട്ടുമില്ല.

ഹിന്തുസ്ഥാപനങ്ങളെത്തന്നെ പ്രധാനമായി മൂന്നായി ഭാഗിക്കാം. അവ

(1) ശാലകൾ,

(2) സഭാമഠങ്ങളും, സന്ന്യാസി മഠങ്ങളും, കൎമ്മിമഠങ്ങളും, പ്രത്യേക സംജ്ഞയില്ലാത്ത ഇതര മഠങ്ങളും,

(3) പാഠശാലകൾ

ഇവയിൽ സഭാമഠങ്ങളേയും, സന്ന്യാസി മഠങ്ങളേയും, കൎമ്മിമഠങ്ങളേയും, പൊന്നാനി ജമാഅത്തുപള്ളിയോടു സംബന്ധിച്ച വിദ്യാലയത്തേയും പററിയുള്ള ഏതാനും വിവരങ്ങൾ ഇതിനുമുമ്പു തന്നെ ചരിത്രപാഠകന്മാൎക്ക് ഗ്രഹിപ്പാൻ കഴിഞ്ഞിട്ടുള്ളതുകൊണ്ട് അവയെ ഇവിടെ എടുത്തുപറയുന്നില്ല.

i. ബുദ്ധവിഹാരങ്ങൾ.

കേരളത്തിൽ ബുദ്ധമത പ്രചാരമുണ്ടായിരുന്ന കാലമായ ക്രിസ്തുവൎഷാരംഭത്തിനടുത്ത നൂററാണ്ടുകളിൽ പലേടങ്ങളിലും ബുദ്ധപാഠശാ

ലകൾ ഉണ്ടായിരുന്നു. ഇവിടെ വിഹാരങ്ങൾ പണിയിച്ചതു് അശോകചക്രവത്തിയായിരുന്നുവെന്നും, അല്ല, ബുദ്ധമതക്കാരായ ചീനവ്യാപാരികളാണെന്നും രണ്ടുപക്ഷമുണ്ടു്.[1] വാസ്തവം എങ്ങനേയെങ്കിലുമിരിക്കട്ടെ. ഈ വസതികളിൽ സന്യാസാശ്രമത്തെ അവലംബിച്ച ബുദ്ധമതപ്രവത്തകന്മാർ വസിച്ചിരുന്ന പല അറകളും ഉണ്ടായിരുന്നു. ഇവ ബിംബം പ്രതിഷ്ഠിച്ചിരുന്ന മുറിക്കു് തൊട്ടവയായിരുന്നു. ഈ മുറികളിൽ നെടുനിളത്തിൽ വരിവരിയായി വളരെ കൽത്തിണ്ണകളും ഉണ്ടായിരുന്നതായി കാണുന്നുണ്ടു്. ഇവിടെവെച്ചു് അവർ ശിഷ്യവൎഗ്ഗങ്ങൾക്കു് ഒരു പ്രാഥമിക വിദ്യാഭ്യാസം നൽകിയിരുന്നു. കാൎയ്യമായി തമിഴഭാഷ എഴുതുവാനും വായിക്കുവാനും കണക്കുകൾ ശരിയായി ഗണിക്കുവാനും അവരെ പഠിപ്പിച്ചിരുന്നതിനു പുറമെ പാലിഭാഷയും ബുദ്ധമതാദൎശങ്ങളും ഗ്രഹിപ്പിക്കയും ചെയ്തിരുന്നു.[2] ഈവിധം വിദ്യാലയങ്ങൾ തിരുവഞ്ചിക്കുളത്തടുത്തും, ശ്രീമൂലവാസത്തും, തിരുവനന്തപുരം താലൂക്കിൽ കഴക്കൂട്ടത്തു മടവൂർ പാറയിലും, വടക്കെ മലയാളത്തിൽ മാടായിയിലും ഉണ്ടായിരുന്നതായിട്ടാണു് ഇപ്പോൾ വെളിപ്പെട്ടിട്ടുള്ളതു്.

**ഗുണവായിൽ കോട്ടം** (Gunawayil Kottam) സുപ്രസിദ്ധമായ "ചിലപ്പതികാരം"[3] "മണി മേഖല"[4] എന്നീ തമിഴ് ഗ്രന്ഥങ്ങളിൽ നിന്നു് ചേരരാജതലസ്ഥാനമായ വഞ്ചിനഗരത്തിനു് അല്പം കിഴക്കായി "ഗുണവായിൽ കോട്ടം" (Gunawayil Kottam) എന്നൊരു വലിയ ബുദ്ധവിഹാരമുണ്ടായിരുന്നു എന്നു് സ്പഷ്ടമാകുന്നു. ഈ വിഹാരം അന്നത്തെ തൃക്കരൂർ (വഞ്ചി) പട്ടണത്തിൻെറ മദ്ധ്യഭാഗത്തിനു് ഏകദേശം തെക്കുകിഴക്കായി സ്ഥിതിചെയ്യുന്ന ഇപ്പോഴത്തെ തിരുവഞ്ചിക്കുളത്തുനിന്നു് നാലുനാഴികയോളം വടക്കു് "തൃക്കണാമതിലക"മെന്നും "തൃക്കണാപുര"മെന്നും "തൃഗ്ഗുണവാപുര"മെന്നും "ഗുണവാപുര"മെന്നും ഓരോകാലങ്ങളിൽ വിളിച്ചിരുന്ന "മതിലക"മാണെന്നു് പലകാരണങ്ങ

1. മിസ്റ്റർ കെ. പി. സുബ്രഹ്മണ്യഅയ്യർ ബി. എ. യം. ആർ. എ. എസ്സ്. റോയൽ ഏഷ്യാട്ടിക്ക് സൊസൈറ്റിയുടെ 1922-ൽ ഏപ്രിൽ മാസത്തിലെ മാസികയിൽ 'സ്ഥലം നിൎദ്ദേശിക്കപ്പെടാത്തതായ ഒരു പ്രദേശം' എന്ന തലവാചകത്തിൽ എഴുതിയിരിക്കുന്ന ലേഖനം, ഭാഗം, 173, നോക്കുക.

2. ബോംബെ സാഹിത്യ സംഘംവക പ്രൊസീഡിംങ്സു്, വാല്യം III. ഭാഗങ്ങൾ 509 മുതൽ 515 വരെ നോക്കുക.

3. പതികം 1 "ചിലപ്പതികാരം".

4. "മണിമേഖല" 28-ാം ഗാഥ, വരി 127, "മദ്രാസ്സ് റിവ്യൂ" വാല്യം I, ഭാഗം 317.

ളേക്കൊണ്ടും സിദ്ധിക്കുന്നുണ്ട്. ചേരരാജവംശാവലിയായ പതിററുപ്പത്തിൻെറ രണ്ടാം പത്തിൽ വൎണ്ണിച്ചിട്ടുള്ള നെടുഞ്ചേരലാതൻ എന്ന കേരളപ്പെരുമാളുടെ ഒരു ആശ്രിതനും "ചിലപ്പതികാര" നായകനായ കോവിലൻെറ ഒമ്പതാം തലമുറയിലുണ്ടായിരുന്ന പൂൎവ്വികനും ഒരു ഉത്തമശൈവഭക്തനുമായിരുന്ന കോവിലൻ എന്നൊരു ധനികൻ ബുദ്ധമതം അംഗീകരിച്ചശേഷം പെരുമാളുടെ അനുജ്ഞാനുസൃതം പണിയിച്ചതാണ് ഈ വിശിഷ്ടബുദ്ധചൈത്യം. ഇതു് മേൽപറഞ്ഞ തമിഴകാവ്യങ്ങളിലെ പ്രസ്താവങ്ങളിൽനിന്നു് മനസ്സിലാക്കാം. "മണിമേഖല" ഇരുപത്തെട്ടാം ഗാഥയിൽ ഇസ്സംഗതി വൎണ്ണിച്ചിട്ടുണ്ട്. ഇതു് റോമൻകാരും മററുവിദേശീയരും ഭാരതത്തിലെ ഒരു പ്രധാനകാഴ്ചയായി വിസ്തരിച്ചിരിക്കുന്നു. ഇതിൻെറ ആവിൎഭാവകാലം ഈ മഹാരാജാവിൻെറ കാലത്തിൻനിന്നു ഗ്രഹിക്കാവുന്നതാണ്. ഇദ്ദേഹം രാജ്യംഭരിച്ചിരുന്നതു് ക്രിസ്ത്വാബ്ദത്തിനുമുമ്പു 101-ാം വൎഷംമുതൽ 43-ാംവൎഷംവരെ ആയിരുന്നു എന്നു് ശ്രീമാൻ ആററൂർ കൃഷ്ണപ്പിഷാരടി അവൎകൾ ചെന്തമിഴ് ഗ്രന്ഥങ്ങളെ ആസ്പദമാക്കി ഗണിച്ചുകാണുന്നു.

ഈ വിഹാരത്തിലായിരുന്നു "ചിലപ്പതികാര" കൎത്താവും, അതിൽ പ്രധാനിയായി പുകഴ്ത്തീട്ടുള്ള ഇമയവൎമ്മൻ ചെങ്കുട്ടവപ്പെരുമാളുടെ കനിഷ്ഠസോദരനുമായ ഇളംകൂറവാണ ഇളംകോ അടികൾ എന്ന ബുദ്ധസന്യാസി വസിച്ചിരുന്നതു്. 5 അവിടെ പതിവായികൂടിയിരുന്നതും ഒട്ടും അപ്രധാനമല്ലാത്തതുമായ ഒരു വിദ്വൽ സദസ്സിൻെറ മേലദ്ധ്യക്ഷനായിരുന്നു അദ്ദേഹം. ആ പരിഷത്തിൽ "മണിമേഖല"യുടെ ഗ്രന്ഥകൎത്താവും ഒരു വിദ്വാനും വിമൎശകനുമായ ചീത്തലൈ ചാത്തനാരും "പതിററുപ്പത്തി"ൻെറ അഞ്ചാംഭാഗത്തിൻെറ നിൎമ്മാതാവുമായവൻ പാരണാരും മററനേകസരസകചന്തമിഴ്കവികളും, സംസ്കൃതകവികളും, വേദാന്തം, ന്യായം, വൈശേഷികം, തൎക്കം എന്നിവയിലും ഹിന്തുമതം, ബുദ്ധമതം നിൎഗ്രന്ഥമതം മുതലായവയിലെ സിദ്ധാന്തങ്ങളിലും അതിനിപുണന്മാരായ പണ്ഡിതവൎയ്യന്മാരും ഉണ്ടായിരുന്നതായി നമുക്കറിയാം.

"മണിമേഖല"യിലെ നായികതന്നെ തൻെറ വിദ്യാഭ്യാസപൂൎത്തിക്കായി ഏററവും സ്വീകാരയോഗ്യമായ മതപ്പൊരുളുകളെ പഠിക്കുവാനായി തമിഴ്ലോകത്തിലെങ്ങും കീൎത്തിപ്പെട്ടിരുന്ന വഞ്ചിനഗരത്തെ

5. പതികം 1, "ചിലപ്പതികാരം"; കനകസഭാ പിള്ളയുടെ "1800 കൊല്ലം മുമ്പെയുള്ള തമിഴർ" എന്നലേഖനം, "മദ്രാസ് റിവ്യൂ", വാല്യം I, 127-ാം ഭാഗം, നോട്ട്.

പ്രാപിച്ചതായി ആ കാവ്യത്തിൽ പറഞ്ഞുകാണുന്നു. 6. കണ്ണകിയുടെ സ്മാരകമായി നിർമ്മിച്ചിരുന്ന 7. ദേവിക്ഷേത്രത്തിലെ വിഗ്രഹത്തിനെ (അതായതു് കൊടുങ്ങല്ലൂർ ഭഗവതിയെ) ആരാധിച്ചതിനുശേഷം ആ നായിക സന്യാസാശ്രമം കയ്യേൽക്കുകയും തലസ്ഥാനപട്ടണത്തിലും അതിനടുത്തു ദൈവഭക്തന്മാരും തത്വജ്ഞന്മാരും മററും കൂടിയിരുന്ന യോഗങ്ങളിലും ക്ഷേത്രങ്ങളിലും ചെന്നു് വൈദികം, ശൈവം, വൈഷ്ണവം, അജീവികം, നിഗ്രന്ഥം, സാംഖ്യം, വൈശേഷികം, ലോകായതം മുതലായ മതങ്ങളുടെ പ്രചാരകന്മാരിൽ നിന്നു അവ ഓരോന്നിനേയും പററിയുള്ള മൂലതത്വങ്ങളെ ഗ്രഹിക്കയും ചെയ്തു. 8. പക്ഷെ, അക്കാലങ്ങളിലും ഇപ്പോഴത്തേപ്പോലെതന്നെ കൊടുങ്ങല്ലൂരും പരിസരപ്രദേശങ്ങളും ശാസ്ത്രീയവിദ്യാഭ്യാസത്തിൻെറ ഒരു കേന്ദ്രസ്ഥാനമായിരുന്നതിനാലും, ഇവിടങ്ങളിൽ പ്രബലമായി വേരൂന്നിയിരുന്ന ഹിന്ദുമതസിദ്ധാന്തങ്ങളെ ബുദ്ധമതത്തിനു്—രാജാക്കന്മാരും പ്രഭുക്കന്മാരും എത്രതന്നെ ആദരിച്ചിരുന്നുവെങ്കിലും— സ്വശക്തികൊണ്ടു് ഇളക്കിമറിക്കുവാൻ കഴിയാഞ്ഞതിനാലുമായിരിക്കണം ബുദ്ധമത പ്രതിപത്തിയുണ്ടായിരുന്ന മണിമേഖലക്കു് ഇവിടത്തെ അഭ്യസനംകൊണ്ടു് തൃപ്തികരമായ യാതൊരു സമാധാനവും ലഭിക്കാഞ്ഞതെന്നു് കരുതാവുന്നതാണു്. ഇതുപോലെതന്നെ മററനേക വിദ്യാൎത്ഥിനികളും, വിദ്യാൎത്ഥികളും അയൽരാജ്യങ്ങളിൽനിന്നു ഈ വിഹാരത്തിൽ വിദ്യാഭ്യാസത്തിനായി വന്നിരിക്കണമെന്നു സാമാന്യേന ഊഹിക്കാവുന്നതാണു്.

കുറച്ചുകൊല്ലങ്ങൾക്കകം കണ്ടുകിട്ടിയ "മൂഷകവംശം" 9 എന്ന സംസ്കൃതകാവ്യത്തിൽനിന്നു് മദ്ധ്യതിരുവിതാംകൂറിൽ സമുദ്രത്തിനടുത്തായി ഏകദേശം തൃക്കുന്നപ്പുഴക്കോ അമ്പലപ്പുഴക്കോ അരികെ എന്നു വിചാരിച്ചുവരുന്ന ശ്രീമൂലവാസം എന്നു പേരോടുകൂടിയ ഒരു മഹാസുഗതവിഹാരമുണ്ടായിരുന്നു എന്നു് വ്യക്തമാകുന്നു. ഇതിൻെറ പ്രസിദ്ധി കേരളത്തിലെന്നല്ല ഇന്ത്യ ഒട്ടുക്കും പുറരാജ്യങ്ങളിലും വ്യാപിച്ചിരുന്നു. ആൎയ്യാവൎത്തത്തിൽനിന്നു അതി ദൂരെ സ്ഥിതിചെയ്യുന്ന ഗാന്ധാരരാജ്യത്തിൽ

---

6. "മണിമേഖല" 26-ാം ഗാഥ.

7. "മണിമേഖല" 26 ാം ഗാഥ. "ചിലപ്പതികാരം 28-ാംഗാഥ, കനകസഭായപിള്ളയുടെ "800 കൊല്ലം മുമ്പെയുള്ള തമിഴർ" "മദ്രാസ് റിവ്യൂ" വല്യം രണ്ടു, ഭാഗം 435; വാല്യം അഞ്ചുഭാഗങ്ങൾ 97—98.

8. "മണിമേഖല" 27-ാംഗാഥ; മദ്രാസു റിവ്യു, വാല്യം അഞ്ച്, ഭഗം 98,

9. തിരുവിതാംകൂർ പ്രാചീനലേഖാവലി, വാല്യം 2, ഭാഗം 1

നിന്നു് ഫൌച്ചർ എന്ന മാന്യനായ ഒരു പരന്ത്രീസ്സുകലാവിമൎശകനു് കിട്ടിയതായ ഒരു ബുദ്ധവിഗ്രഹത്തിൻെറ പീഠത്തിലുള്ള "ദക്ഷിണാപഥേ മൂലവാസ ലോകനാഥ" എന്ന എഴുത്തിൽനിന്നു് ഈ പ്രതിമ "ദക്ഷിണാപഥത്തിൽ മൂലവാസത്തിലെ ബുദ്ധവിഗ്രഹമായ "ലോകനാഥൻെറ" ഒരു നേർപകൎപ്പായിരുന്നു എന്നു വെളിവാകുന്നുണ്ടു്. 10.

മൂഷകവംശജാതനായ വളഭൻ എന്ന ഒരു നൃപൻ തൻെറ രാജ്യത്തിനു് യാതൊരവകാശവുമില്ലാത്ത ചോളഭൂപതിയുടെ നേരെ തെക്കൻവഴിക്കു പടക്കുപോയി വരുമ്പോൾ ഐശ്വൎയ്യാഭിവൃദ്ധിയുള്ള പുണ്യനഗരമായ ശ്രീമൂലവാസത്തെ പ്രാപിച്ചു് സുഗതൻെറ ക്ഷേത്രത്തിൽ പ്രാൎത്ഥിച്ചതായും ആ കാവ്യത്തിൽ പതിനാലാം സൎഗ്ഗത്തിൽ പറയുന്നു. അതു എങ്ങനെയെന്നാൽ

ശ്രീമൂലവാസം.

1. പ്രഥിതമിഹജിനസ്യ ശ്രീനികേതം കദാചി-
നുഷിതജനവിപത്തേരാലയം മൂലവാസം
പൃഥുചടുലതുരംഗക്ഷുണ്ണധൂളീവലാതടാന്തഃ
കബളയിതു മുദാനീപാനുദ്ധതം വ്യാജജൃംഭേ.

2. "ഉപസൃത്യ നിത്യസുസമൃദ്ധ
വിഭവഗുരുധൎമ്മപാരഗം
തത്ര സഗതമതി കാരുണികം
ശുചി മൂലവാസ ജുഷമഭ്യവന്ദത."

ക്രിസ്തുവൎഷം 9-ാം നൂററാണ്ടിൽകൂടി ആ പള്ളി മൂലോദ്ദേശത്തെ നിറവേററി നിലനിന്നു പോന്നിരുന്നു എന്ന വസ്തുത അക്കാലത്തു ദക്ഷിണതിരുവിതാംകൂർ വാണിരുന്ന ആയവംശ്യനും ബുദ്ധമതക്കാരനുമായിരുന്ന വിക്രമാദിത്യവരഗുണൻ ക്രിസ്തുവൎഷം 868-ൽ അവിടേക്കു് ഉദകപൂൎവ്വം ദാനം ചെയ്തിട്ടുള്ള ചില ഭൂമികളെപ്പററി കുറിച്ചുവെച്ചിരുന്ന താമ്രശാസനകളിൽനിന്നു സുസ്പഷ്ടമാകുന്നുണ്ടു്. 11

ഇപ്പോഴും മാവേലിക്കര, കുന്നത്തൂർ, കരുനാഗപ്പള്ളി, അമ്പലപ്പുഴ മുതലായ താലൂക്കുകളിൽ കണ്ടുവരുന്ന ബുദ്ധവിഗ്രഹങ്ങളും മററ

(10). L' Iconographic Bouddhique per A. Foucher, Part I. p. 105, Plate IV, No 5.

11. "തരുമൂലവാതത്തു പാടഃക്കട്ടികുട്ടതു്." ഒന്നാം ശാസനം, വരി 10, തിരുവിതാംകൂർ പ്രാചീന ലേഖാവലി വാല്യം ഒന്നു, ഭാഗം 189. 187-ാം ഭാഗവും നോക്കുക.

അവശിഷ്ടങ്ങളും കേരളത്തിൻെറ ഈ ഭാഗത്തു ശാക്യസിംഹൻെറ മതത്തിൻെറ പ്രചാരവും അതിൻെ ചിഹ്നങ്ങളായ വിഹാരങ്ങളും ഉണ്ടായിരുന്നതിന്ന് മതിയായ ദൃഷ്ടാന്തമാണ്.

"മൂഷകവംശ"ത്തിൽതന്നെ വിക്രമരാമനൃവരൻെറ കാലത്തു പ്രസൂത സ്ഥലം കടലെടുത്തുപോകുവാൻ തുടങ്ങിയതിനാൽ ആ ക്ഷേത്രവിദ്യാലയത്തെ വലിയ കല്ലുകളും മറവമിട്ടു നാശത്തിൽനിന്ന് മോചിപ്പിച്ചിട്ടുണ്ടെന്നു പറയുന്നുണ്ട്. 12 അതുകൊണ്ടു കാലക്രമത്തിൽ ഈ പട്ടണം അപരിഹാര്യമായ സമുദ്രാക്രമണംനിമിത്തംഅതിൽ മഗ്നമായിപ്പോയി എന്നു വിചാരിക്കുന്നതു് എത്രയും യുക്തിയുക്തമായിരിക്കും. കായംകുളം, കൊച്ചി, കോഴിക്കോട്ട് മുതലായ തുറമുഖങ്ങളുടെ അഴികളിൽ വേലിയിറക്കമുള്ളപ്പോൾ ഗൃഹങ്ങളുടെ നഷ്ടാവശിഷ്ടങ്ങൾ കണ്ടതായി വിദേശീയസഞ്ചാരികൾ എഴുതിവെച്ചിട്ടുള്ളതിൽനിന്നും ഇപ്പോഴും പ്രത്യക്ഷമായി ചിലതെല്ലാം കാണാറുള്ളതിൽനിന്നും സമുദ്രതീരത്തു പ്രാചീനകാലങ്ങളിലുണ്ടായിരുന്ന പല കെട്ടിടങ്ങളും വെള്ളത്തിന്നിരയായിട്ടുണ്ടെന്നു ഊഹ്യമാണല്ലോ. അതിനാൽ മേൽപറഞ്ഞ ശ്രീമൂലവാസത്തിൻെറ നാശത്തിനെപ്പററിയുള്ള അനുമാനം ഒട്ടും അസ്ഥാനത്തിലല്ല. കൂടാതെ, കടലിൽനിന്നു കണ്ടുകിട്ടിയ ബിംബങ്ങളേയും കടലെടുത്തുപോകാൻ തുടങ്ങുന്ന ക്ഷേത്രങ്ങളിലെ വിഗ്രഹങ്ങളേയും എടുത്തു വീണ്ടും പ്രതിഷ്ഠിച്ചിട്ടുള്ളതായ ഐതിഹ്യങ്ങളും ചരിത്രവിവരങ്ങളും ഈ അനുമാനത്തെ സഹായിക്കുന്നു. പ്രത്യേകിച്ചു തൃക്കുന്നപ്പുഴയിലെ വിഷ്ണുക്ഷേത്രത്തിലെ പ്രതിമയെ ഇടപ്പിള്ളിരാജാവിൻെറ ഒരു പൂർവ്വികൻ ഈ കാരണത്താൽതന്നെ മാററി പ്രതിഷ്ഠിച്ചതായി അവിടത്തെ ഒരു ശിലാലേഖനത്തിൽ പറയുന്നുണ്ട്. 13

മാടായി

ഇനിയും മൂഷകവംശജനായ വളഭൻ കിള്ളിയാററിൻെറ വക്കത്തു് നിർമ്മിച്ചതായി "മാറാഹി" എന്നൊരു ബുദ്ധവിഹാരമുണ്ടായിരുന്നു എന്ന് "മൂഷകവംശ"ത്തിൽ നിന്നു നാം അറിയുന്നു. അതു വടക്കേമലയാളത്തിലുള്ള തളിപ്പറമ്പു പുഴയുടെ അഴിമുഖത്തിന്ന് സമീപമുള്ളതും ഇപ്പോൾ പഴയങ്ങാടി എന്നു പറഞ്ഞുവരുന്നതുമായ "മാടായി" എന്ന സ്ഥലമായിരുന്നു എന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. പോർത്തുഗീസ്സു

12. "മൂഷകവംശം"—12-ാം സർഗ്ഗം.

13. തിരുവിതാംകൂർ പ്രാചീനലേഖാവലി, വാല്യം 2. ഭാഗം 123.

വ്യാപാരികൾ, പ്രത്യേകിച്ചും ഡിബാരോസ്, തളിപ്പറമ്പു പുഴക്കു കൊടുത്തിരുന്ന പേർ "റിയൊ മാറേബിയ" "(Rio Marabia) എന്നാണ്. 14.

ഈ വിദേശ വ്യാപാരികൾ ചെയ്ത പുഴയുടെ നാമകരണം അതിപ്രധാനമായ വിഹാരസ്ഥലത്തിൽ നിന്നായിരിക്കണം. ഈ തെളിവിനെ ബലപ്പെടുത്തുന്നതിന് മറെറാരു തെളിവുകൂടി ഉണ്ട്. അതിനടുത്തു "മാടിയ" "മാടാവി" "മാദ്‌വി" എന്നെല്ലാം നാമത്തിൽ അല്പാല്പം ഭേദഗതിയോടുകൂടിയ ഒരു കുഗ്രാമം ഇപ്പോഴും ഉണ്ട്. ഈ പേരുകൾ "മാടായി"യുടെ അപൂർണ്ണമായ പരിണാമഭേദങ്ങളാണെന്നു കരുതാം. ഈ വിഹാരത്തെക്കുറിച്ചു ഒരു പഴയ മലയാളപദ്യമുള്ളതായിക്കൂടി കേട്ടിട്ടുണ്ട്. 15.

മററു വിവരങ്ങൾ.

തിരുവിതാംകൂറിലാവട്ടെ തിരുവനന്തപുരം താലൂക്കിൽ കഴക്കൂട്ടത്തു മടവൂർ പാറയിലും ഇങ്ങനെ ഒരു വിഹാരമുണ്ടായിരുന്നതിന് വേണ്ട ലക്ഷ്യങ്ങളുണ്ട്. 16.

ഇനിയും ചരിത്രകാരന്മാരുടെ ദൃഷ്ടിക്ക് വിഷയീഭവിക്കാത്തതായ അസംഖ്യം വിഹാരങ്ങൾ കേരളത്തിലുണ്ടായിരുന്നു എന്നു വേണം വിചാരിക്കുവാൻ. ഇപ്പോഴത്തെ ശിവക്ഷേത്രങ്ങൾ മിക്കതും പുരാതനകാലത്തെ ബുദ്ധവിഹാരങ്ങളായിരുന്നു എന്നു ചിലർ പ്രതിപാദിക്കുന്നുണ്ട്. 17. അതു തികച്ചും വാസ്തവമാണെന്നു തീരുമാനിക്കുവാൻ പരിപൂർണ്ണമായ തെളിവുകൾ ഇല്ലെങ്കിലും, നിശ്ചയമായും ചില ക്ഷേത്രങ്ങളെ സംബന്ധിച്ചേടത്തോളം ഈ അഭിപ്രായം സ്വീകാര്യയോഗ്യമാണെന്നു സമ്മതിച്ചേ തീരു

എം. ഗോവിന്ദവാര്യർ.

---

(14) Mr. Logan's Malabar Manual I p 309 and Col. Youle's "Marco Polo" Vol. II. Note pp. 375-6 and Fariay Sonsa's "Portuguese Asia" I, p. 318

15. J. R,A. S April 1922, p. 571. and Col. Yole's note referred to.

(16). The Travancore State Mannual Vol I p. 165 & II M. 2256

(17). The Ernakulam College Magazine, Vol, III, p. 60, See Mr. V. K, Rama Menon article on "The Temples of Malabar",

# ത്യാഗമാഹാത്മ്യം.

(ചെറുകഥ.)

ഝ്ം—ഝ്ം—ഝ്ം—

രഷ്യാ സാമ്രാജ്യത്തിലെ ഏകച്ഛത്രാധിപതിയായി സ്വേച്ഛാനുസൃതം രാജ്യഭരണം നിർവ്വഹിച്ചുവരുന്ന 'സാർ' ചക്രവർത്തിയുടെ അപ്രിയത്തിന്നു പാത്രീഭവിച്ച അപരാധികളെ ആവത്സരാന്തം തുഷാരാവൃതമായി കിടക്കുന്ന സുദൂരസ്ഥമായ സൈബീരിയാരാജ്യത്തിലേക്കു നാടുകടത്തുവാൻ വിധിച്ചിരിക്കുന്നു. രാജകല്പനപ്രകാരം സൈന്യശാസനാധീനത്തിൽ ആ രാജ്യത്തേക്കായ് യാത്ര തുടങ്ങിയിരിക്കുന്ന നിർഭാഗ്യരായ തടവുകാരുടെ കാലുകളിൽ പൂട്ടിയിരിക്കുന്ന ഇരുമ്പു ചങ്ങലകളിൽനിന്ന് അവരുടെ ചലനഗതിക്കനുസരിച്ചുള്ള താളത്തിൽ പുറപ്പെടുന്ന ശബ്ദമായിരുന്നു ഝ്ം—ഝ്ം—ഝ്ം—. എന്ന്.

അതിദാരുണമായ ശീതം. ദൃഷ്ടിക്കു ഗോചരമാകുന്നേടത്തോളമെങ്ങും ഹിമക്കട്ടകളാൽ മൂടപ്പെട്ട ശുഭ്രഭൂമിയേ കാണ്മാനുള്ളൂ. കുന്നുപോലെ കൂടിക്കിടക്കുന്ന ഹിമക്കട്ടകളുടെ ഇടയിലൂടെ വളഞ്ഞുതിരിഞ്ഞു മുന്നോട്ടുപോകുന്ന ഒരു കുടുങ്ങിയ വഴിയിൽക്കൂടെയാണു തടവുകാർ ഗമിക്കുന്നതു്. മഞ്ഞുതുള്ളികൾ ഇററിററു വീഴുന്ന കൊടുങ്കാററ് ആ പാവങ്ങളുടെ തലയ്ക്കുമീതെ ഊക്കോടെ അടിച്ചുപോകുന്നു. അഥവാ, തങ്ങളുടെ സഹോദരന്മാരുടെ നേരെ മനുഷ്യർ പ്രദർശിപ്പിക്കാറുള്ള നിർദ്ദയസ്വഭാവത്തെ കണ്ടിട്ടായിരിക്കാം പ്രകൃതിയും വികൃതസ്വഭാവമവലംബിച്ചിരിക്കുന്നതു്! അപരാധികളിൽ ദുർബ്ബലരായ ചിലർ ശൈത്യാധിക്യത്താൽ അവശരായി അറിയാതെ തന്നെ പദ്ധതിമദ്ധ്യേ വിശ്രമിക്കുവാൻ ഒരുങ്ങുമ്പോഴെക്കും, അശ്വാരൂഢരായ പട്ടാളക്കാരുടെ തീവ്രമായ പ്രഹരങ്ങൾ ആ സാധുക്കളുടെ പൃഷ്ഠങ്ങളിൽ പതിക്കുന്നു. ശ്രമത്താലും ക്ലമത്താലും പരവശപ്പെട്ടുഴലുന്ന ആ ഹതഭാഗ്യർ വീണ്ടും മുന്നോട്ടു നടക്കുന്നു. ഹാ കഷ്ടം! അവരുടെ യാത്രക്കും അവസാനമില്ലെ!!

തടവുകാരിൽ ഒരുത്തൻ ശൈത്യം സഹിപ്പാൻ ശക്തനല്ലാതെ വഴിയിൽ പൊടുന്നനവേ വീണു. നിഷ്ഠുരനായ രക്ഷിയുടെ കഠിനകർമ്മങ്ങൾക്കൊന്നും ആ പാവത്തെ എഴുന്നേല്പിക്കുവാൻ സാധിച്ചില്ല. മാർഗ്ഗശ്രമത്താലും മഞ്ഞിൻബാധയാലും കുഴഞ്ഞ് അവൻ ആസന്നമരണാവസ്ഥയെ പ്രാപിച്ചിരുന്നു. അവൻെറ ശോചനീയമായ ആ അവസ്ഥയിൽ രാക്ഷസതുല്യരായ രക്ഷിവർഗ്ഗത്തിന്നു് ആഹ്ലാദവും അട്ടഹാസവുമാണ് ഉണ്ടായതു്. അവനെ ബന്ധനത്തിൽനിന്നു മോചിച്ചു വഴിയിൽ

വിട്ടേച്ച് അവർ വീണ്ടും യാത്ര തുടൎന്നു. ഈ കഠോരകൃത്യങ്ങളെല്ലാം കണ്ടിരുന്ന തടവുകാരിൽ ഒരുവൻെറ കണ്ഠത്തിൽനിന്ന് അതിദീനസ്വരത്തിൽ 'ഹാ ദൈവമെ!' എന്നു സഹതാപസൂചകമായ ഒരു ശബ്ദം മാത്രം പുറപ്പെട്ടു.

അപരാധിവൎഗ്ഗം നിൎദ്ദിഷ്ടപന്ഥാവിലൂടെ മുന്നോട്ടു നീങ്ങിത്തുടങ്ങി. ആ കൂട്ടരിൽ എല്ലാവരും രാജദ്രോഹാപരാധത്താൽ ശിക്ഷയ്ക്കു പാത്രീഭവിച്ചവരാണ്. സൈബീരിയയിലെ ബീഭത്സമായ ധാതുക്കുഴികളിൽ പ്രവൃത്തിയെടുപ്പിക്കുവാനായിട്ടാണ് അവരെ കൊണ്ടുപോകുന്നതു്. എന്നാൽ ഗന്ധകഖനികളിൽ ജോലിക്കായ് നിശ്ചയിക്കപ്പെട്ടവരുടെ കഥ ജീവനോടെ "സമാധിയിരുത്ത"പ്പെട്ടവരുടേതിനേക്കാൾ എത്രയോ വ്യസനകരം തന്നെ. ഗന്ധകവിഷം തട്ടി അവരുടെ കൈകാലുകൾ അധികകാലം കഴിയുന്നതിന്നു മുമ്പായ്ത്തന്നെ ദ്രവിച്ചും ശരീരം ക്ഷയിച്ചും തുടങ്ങും.

പ്രസ്തുത തടവുകാരിൽ മിക്കവരും മാന്യവംശജരും വിദ്യാൎത്ഥികളുമാണ്. സമത്വം, സ്വാതന്ത്ര്യം, സഹോദരത്വം എന്നീ വിശിഷ്ട ബോധങ്ങളെ രാജ്യത്തിലെങ്ങും പരത്തുവാൻ ശ്രമിച്ചുവെന്ന കുററമാണ് അവരിൽ ചുമത്തിയിട്ടുള്ളതു്.

അപരാധികളായ സ്ത്രീകൾക്കും പുരുഷന്മാൎക്കും ഒരേവിധത്തിലുള്ള ശിക്ഷ കല്പിച്ചിരിക്കുന്നു. വരിവരിയായി നടന്നുപോകുന്ന പുരുഷന്മാരുടെ മുഖങ്ങളിൽ എന്തെന്നില്ലാത്ത ദുഃഖത്തിൻേറയും നൈരാശ്യത്തിൻെറയും ചിഹ്നങ്ങൾ മാത്രമേ സ്ഫുരിക്കുന്നുള്ളു. സംസാരത്തോട് അവസാനയാത്ര ചൊല്ലി ശവക്കുഴിക്കായിപ്പോകുന്ന അവരുടെ പദചലനം ഉദ്ദേശരഹിതവും ഉന്മേഷശൂന്യവുമായിരിക്കുന്നു. എന്നാൽ അപരാധിനികളുടെ കോമളവദനങ്ങളിൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന അസ്വാഭാവികമായ ദീപ്തിയും സ്ഥൈൎയ്യവും അവരുടെ ധൈൎയ്യത്തേയും സഹനശക്തിയേയും പൂൎണ്ണമായി സൂചിപ്പിക്കുന്നുണ്ട്.

നേരം സന്ധ്യയാകാറായി. ആ സ്ഥലത്തുതന്നെ രാത്രി കഴിക്കേണമെന്നു സൈന്യങ്ങളുടെ നേതാവു കല്പിച്ചു. ഭാരം വഹിച്ചു പിമ്പിൽ വന്നിരുന്ന കഴുതകളുടെ ചുമലിൽനിന്നു തമ്പടിപ്പാനുള്ള സാമഗ്രികളെല്ലാം താഴെയിറക്കി. തമ്പുകളിടിച്ച് ഉള്ളിലുണ്ടായിരുന്ന ഹിമക്കട്ടകളെല്ലാം വാരിനീക്കി, ചൂടിന്നായി ഓരോ തമ്പിലും തീകത്തിച്ചു. തടവുകാൎക്കെല്ലാം ഭക്ഷണങ്ങൾ പകുത്തുകൊടുക്കപ്പെട്ടു. ഓരോ ചെറിയ തമ്പിലും സ്ത്രീപുരുഷനിൎവ്വിശേഷം പത്താൾവീതം വിശ്രമിപ്പാനും ആയു

ധപാണികളായ ഈ രണ്ടു ഭടന്മാർ ഓരോ തമ്പിൻെറയും അടുക്കൽ കാവൽ നില്പാനും സൈന്യാധിപൻ ആജ്ഞാപിച്ചു.

ചെറിയ ഒരു തമ്പിന്നകത്തു് എരിഞ്ഞുകൊണ്ടിരിക്കുന്ന തിയ്യിന്നടുക്കൽ അപരാധികളിൽ രണ്ടാൾ തങ്ങളുടെ ശരീരങ്ങളെ ചൂടുപിടിപ്പിച്ചുംകൊണ്ടു് ഇരിക്കുന്നു. ആ തമ്പിന്നകത്തു് വിശ്രമിക്കുന്ന ശേഷം തടവുകാരെല്ലാം ക്ഷീണിതന്മാരായി അവരവരുടെ കമ്പിളികളിൽ കിടന്നു നിദ്രപ്രാപിച്ചുകഴിഞ്ഞു. ആ നിദ്രയിൽനിന്നു് അവരിൽ അധികം പേരും എപ്പോഴെങ്കിലും ഉണരുമൊ എന്തോ!

തീകാഞ്ഞുകൊണ്ടിരിക്കുന്നവരിൽ ഒരുവൻ തൻെറ തൊപ്പി ഊരി, ആൾ ഒരു വൃദ്ധൻ—അറുപതിൽ ചുരുങ്ങാതെ വയസ്സു കാണും. ആയാളുടെ വിശാലമായ നെററിയും, മാറോളം ഇറങ്ങിക്കിടക്കുന്ന നീണ്ടു നരച്ച താടിയും, ഉജ്വലമായി മിന്നിത്തിളങ്ങുന്ന മിഴികളും, കോപതാപസമ്മിശ്രമായ മുഖഭാവവും—എല്ലാം ആയാൾ ഒരു സദ്വംശോൽഭൂതനാണെന്നുള്ളതിന്നു മതിയായ സാക്ഷ്യം വഹിക്കുന്നുണ്ടു്. തൻെറ തൊപ്പി താഴെവെച്ചു മെല്ലെ തലപൊക്കി അയാൾ കുതൂഹലത്തോടെ രണ്ടാമത്തെ അപരാധിയുടെ മുഖത്തേയ്ക്കു നോക്കി.

രണ്ടാമത്തെ അപരാധി പുരുഷനല്ല—അസാധാരണമായ സൌന്ദര്യത്തോടുകൂടിയവളും യൌവനയുക്തയുമായ ഒരു സ്ത്രീയാണെന്നു് അവളുടെ ശിരസ്സിലെ മൂടിയെടുക്കുമ്പോഴെക്കും തെളിവായി. നീലനിറമുള്ള അവളുടെ മിഴികളിൽനിന്നു് അവർണ്ണനീയമായ കാന്തിസ്ഫുരിച്ചുകൊണ്ടിരുന്നു. ആ യുവതിയുടെ വദനത്തിൽ തീക്ഷ്ണമായ ബുദ്ധിശക്തിയുടെ സൂക്ഷ്മരേഖകൾ തിളങ്ങിവിളങ്ങിയിരുന്നു. വൃദ്ധൻെറ ജിജ്ഞാസാപൂർണ്ണമായ നോട്ടംകണ്ടു് അവൾ പുഞ്ചിരിയിട്ടു. ശാന്തസ്വരത്തിൽ വൃദ്ധൻ ചോദിച്ചുതുടങ്ങി. "സോദരി! ഘോരമായ കൊടുങ്കാററിൽ ഊക്കോടെ ഇളകിമറിയുന്ന സമുദ്രത്തിലെ തള്ളിത്തിരക്കിയലയ്ക്കുന്ന അലകളിൽപെട്ടു കുഴങ്ങി മരണം പ്രാപിക്കുവാൻ പോകുന്നവൻ പോലും തൻെറ പ്രാണനേക്കാൾ അധികം പ്രിയമായി ഏതൊന്നിനെയാണു കാംക്ഷിക്കുന്നതു്?"

"സ്വാതന്ത്ര്യത്തെ" എന്നു മാത്രം ദൃഢസ്വരത്തിൽ പറഞ്ഞു യുവതി അടങ്ങി.

വൃദ്ധൻെറ മുഖഭാവം തെളിഞ്ഞു. അദ്ദേഹം പറഞ്ഞു. "എൻെറ പേർ ബോറിസ് അലക്സാൺട്രോവിസ് എന്നാണു്. ഭവതിയുടേതോ?"

യുവതി—"എൻെറ പേർ മേരിയൻ പെട്രോവസ്കി എന്നാണു്"

വൃദ്ധൻ വീണ്ടും ചോദ്യം ചെയ്തു. ഭവതി പെട്രോവസ്കി പ്രഭുവിൻെറ വല്ല ചാർച്ചയിലും ഉള്ളവരാണോ?"

യുവതി—"അതെ—ഞാൻ പെട്രോവസ്കി പ്രഭുവിൻെറ പുത്രിയാണ്."

വൃദ്ധൻ വിസ്മയാകുലിതനായി യാതൊന്നും സംസാരിക്കാതെ ഇരിക്കുന്നതു കണ്ടു യുവതി പറയുവാൻ ആരംഭിച്ചു—"ഞാൻ പെട്രോവസ്കി പ്രഭുവിൻെറ പുത്രിയാണെന്ന് കേട്ട് ഭവാൻ ആശ്ചര്യപ്പെട്ടിരിക്കാം. ആശ്ചര്യത്തിനു മതിയായ കാരണവുമില്ലെന്നില്ല. എൻെറ പിതാവു റഷ്യാചക്രവർത്തിയുടെ തുഷ്ടിക്കും പ്രീതിക്കും പാത്രമാണെന്നും, അത്രമാത്രമല്ല— രാജ്യഭരണത്തിൽ യഥോചിതസ്ഥാനങ്ങളോടുകൂടി വളരെ ഉന്നതമായ പദവിയെ പ്രാപിച്ചിരിക്കുന്ന യോഗ്യനാണെന്നും എല്ലാവരും അറിയുന്ന ഒരു വാസ്തവമാണ്. അദ്ദേഹത്തിൻെറ സന്താനമായ എനിക്ക് ഈ കഠിന ശിക്ഷക്ക് എങ്ങിനെ കാരണമുണ്ടായിയെന്ന് അറിവാൻ ഭവാന്ന് ഒരു പക്ഷെ താല്പര്യമുണ്ടായിരിക്കാം. എൻെറ നിസ്സാരമായ ജീവിതവൃത്താന്തത്തോട് വേറൊരു മാന്യപുരുഷൻെറ ജീവിതവൃത്താന്തം കൂടി കലർന്നിട്ടുണ്ട്. അദ്ദേഹത്തിൻെറ പേർ ആൽഫ് ബാർഗിസ്റ്റിൻ എന്നാണ്. ഈ പേർ ഇതിന്നു മുമ്പു ഭവാൻ കേട്ടിട്ടുണ്ടോ?"

വൃദ്ധൻ — "അദ്ദേഹത്തിൻെറ പവിത്രമായ നാമധേയം സ്വാതന്ത്ര്യകാംക്ഷികളിൽ ആരാണ് കേട്ടിട്ടില്ലാത്തതു്! സമുദായത്തിൻെറ സ്വാതന്ത്ര്യത്തിന്നും, ശ്രേയസ്സിന്നുമായി ആ യുവാവു ചെയ്തുവന്നിരുന്ന ശ്രമങ്ങളെ ഏതൊരു സ്വാഭിമാനിയാണ് അഭിനന്ദിക്കാത്തതു്! റഷ്യയിലെ രഹസ്യപ്പോലീസ്സിന്നും അദ്ദേഹത്തെ നല്ലപോലെ അറിയാമായിരുന്നു. കഷ്ടം! കത്തിക്കാളിജ്വലിക്കുന്ന അദ്ദേഹത്തിൻെറ സ്വദേശപ്രേമത്തിന്ന് സ്മാരകമായി തൻെറ തുടിച്ചുകൊണ്ടിരുന്ന പ്രാണനെത്തന്നെ ബലികഴിക്കേണ്ടിവന്നു! ഹാ ദൈവമെ;" വൃദ്ധൻെറ കണ്ണുകളിൽ വെള്ളം നിറഞ്ഞു. കണ്ഠസ്വരം വികാരഭരിതമായി വിറക്കുവാൻ തുടങ്ങി. വൃദ്ധൻ പ്രയത്നപ്പെട്ട് ഇത്രയും പറഞ്ഞു് അവസാനിപ്പിച്ചു.

ഉത്തേജിതമായ സ്വരത്തിൽ യുവതി പറഞ്ഞുതുടങ്ങി. "ബാർഗിസ്റ്റിന്ന് മരണശിക്ഷ വിധിക്കപ്പെട്ടു. ശരി തന്നെ. എന്നാൽ അദ്ദേഹത്തിൻെറ ശിക്ഷക്ക് പ്രതിക്രിയയും ചെയ്തുകഴിഞ്ഞിട്ടുണ്ടെന്നു ഭവാന്ന് അറിവില്ലായിരിക്കാം. ബാർഗിസ്റ്റിൻെറ മരണത്തിന്ന് കാരണഭൂതനായ മാകർഫ് പ്രഭുവും അകാലമൃത്യുവിന്ന് അടിമപ്പെട്ടിട്ടുണ്ട്. ഈ ലോകത്തിൽ മാകർഫ് പ്രഭുവും ഇല്ല."

വൃദ്ധൻ— "സോദരി! എന്തു പറയുന്നു! മാകർഫ് പ്രഭുവും വ

ധിക്കപ്പെട്ടുവെന്നൊ? റഷ്യായിലെ രഹസ്യപോലീസ്സിന്റെ തലവനായ അദ്ദേഹത്തിന്റെ കാൎയ്യപ്രാപ്തിയും കൌശലവും ആരേയും അത്ഭുതപ്പെടുത്തത്തക്കതാണെന്നാണല്ലൊ കേൾവി. അദ്ദേഹവും അകാലമൃത്യു പ്രാപിച്ചുവൊ? സോദരി! നിങ്ങളുടെ ജീവിതവൃത്താന്തം ദയവുചെയ്തു് എന്നെ കേൾപ്പിക്കുമൊ?"

൭.

യുവതി പറയുവാൻ തുടങ്ങി.

"ഞാൻ എന്റെ പിതാവിന്റെ ഏക സന്താനമാണു്. എന്റെ ശൈശവത്തിൽത്തന്നെ മാതാവു് മരിച്ചുവെങ്കിലും പിതാവിന്റെ സ്നേഹത്തിനും ആദരത്തിനും ഞാൻ സദാ ഭാജനമാകയാൽ മാതൃവിയോഗം അധികമൊന്നും അറിയുവാൻ എനിക്കു് ഇടയായിട്ടില്ല. എന്നെ പരിപാലിപ്പാനും വിദ്യാഭ്യാസം ചെയ്യിപ്പാനും വേണ്ടി പിതാവു് ഒരു അദ്ധ്യാപികയെ നിശ്ചയിച്ചു. അവർ എന്നെ ആന്തരമായി സ്നേഹിക്കുകയും എന്റെ വിദ്യാഭ്യാസോൽക്കൎഷ വിഷയത്തിൽ വേണ്ടുംപോലെ പ്രവൎത്തിക്കുകയും ചെയ്തു.

"റഷ്യയിലെ രാജ്യതന്ത്രാവസ്ഥ അന്നുമിന്നും കലങ്ങിമറിഞ്ഞുകൊണ്ടാണല്ലൊ കണ്ടുവരുന്നതു്. രാജ്യാവസ്ഥ നന്നായി, രാജ്യവാസികൾക്കു ഗുണപ്രദമായിക്കാണുന്നതിൽ എനിക്കു് അനല്പമായ സന്തോഷമുണ്ടായിരുന്നു. പക്ഷേ, രാജ്യകാൎയ്യത്തിൽ അനാവശ്യമായി തലയിടുന്നതു് നന്നല്ലെന്നും മററും എന്റെ പിതാവു് എന്നോടു് ഉപദേശിച്ചിരുന്നതുകൊണ്ടു് രാജ്യാവസ്ഥയെ നിഷ്പക്ഷമായി ആരാഞ്ഞറിയുവാൻ എനിക്കു് ഇട കിട്ടിയിരുന്നില്ല. ശരിക്കു് ഒരു കൊല്ലം മുമ്പു്— അതെ, എന്റെ ഇരുപത്തിമൂന്നാമത്തെ വയസ്സിലാണു് എനിക്കു് റഷ്യായിലെ രാഷ്ട്രീയ വിപ്ലവത്തെപ്പററി എന്താണെന്നു മനസ്സിലാക്കുവാൻ ഇടയായതു്.

"അന്നു നേരം പുലൎന്നേയുള്ളു. തണുപ്പുകാലമായിരുന്നു. ഇപ്പോഴത്തെ ഈ തണുപ്പുപോലെ തന്നെ അന്നും അസഹ്യമായ തണുപ്പുണ്ടായിരുന്നു. ഞാൻ ഉണൎന്നു മിഴികൾ തുറന്നപ്പോൾ എന്റെ ശയനമുറിയുടെ ഒരു ജനൽവാതിൽ തുറന്നുകിടക്കുന്നതായി ഞാൻ കണ്ടു. സാധാരണയായി ഞാൻ എഴുന്നീററു് മുറിയിൽനിന്നു വെളിയിലേയ്ക്കു പോയതിന്നു ശേഷമേ പരിചാരിക വന്നു് മുറിയുടെ ജനലുകൾ തുറക്കുക പതിവുള്ളു. പതിവുപ്രകാരമല്ലാത്ത അന്നത്തെ ആ സംഭവത്തിൽ എനിക്കു അത്ഭുതം തോന്നി. വാല്യക്കാരത്തിയെ വിളിക്കുവാനായി ഞാൻ ശയ്യയിൽനിന്നു് എഴുന്നീററപ്പോഴെക്കും വെളിയിൽനിന്നു ഒരു കോലാഹല ശബ്ദം എന്റെ ശ്രദ്ധയെ ആകൎഷിച്ചു. താമസിയാതെ ഞാൻ എ

ന്റെ ഉടുപ്പുകളെല്ലാം മാറി താഴെ ഇറങ്ങിച്ചെന്നു. ആ സമയം ഒരു പോലീസ്സ് ഉദ്യോഗസ്ഥൻ എന്റെ പിതാവിനോട് ഗൌരവമായി എന്തെല്ലാമോ സംസാരിക്കുന്നുണ്ടായിരുന്നു. എന്നെ കണ്ടമാത്രയിൽ പോലീസ്സ് ഉദ്യോഗസ്ഥൻ സംഭാഷണം നിറുത്തി വിനയസ്വരത്തിൽ പ്രഭാതോചിതമായ കുശലോക്തികൾ കഴിച്ച്, പറഞ്ഞു—"ഈ സമയത്തിൽ നിങ്ങളെ സ്വല്പം അസൌകൎയ്യപ്പെടുത്തേണ്ടിവന്നതിൽ ഞാൻ വളരെ ദുഃഖിക്കുന്നു."

"എനിക്ക് കാൎയ്യമൊന്നും മനസ്സിലായില്ല. ഉദ്യോഗസ്ഥൻ തുടൎന്നു പറഞ്ഞു.—"രാജദ്രോഹികളിൽ ഒരുവനെ ഞങ്ങൾ പിന്തുടൎന്നുവരികയായിരുന്നു. പക്ഷേ നിങ്ങളുടെമാളികക്കടുത്തെത്തിയപ്പോഴേക്കും അവൻ എവിടെയൊ പെട്ടന്ന് മാഞ്ഞു. തൽക്കാലം നിങ്ങളുടെ മളികയുടെ അകമെല്ലാം പരിശോധിക്കേണ്ടിയിരിക്കുന്നു." പിതാവിന്ന് ആ അപേക്ഷ അത്ര രസിച്ചില്ല; എങ്കിലും യുക്തിയുക്തങ്ങളായ തൎക്കവിതൎക്കങ്ങളാൽ ഒടുവിൽ ഉദ്യോഗസ്ഥന്ന് പിതാവിന്റെ അനുമതി ലഭിച്ചു. അദ്ദേഹം കുറെ പോലിസ്സുകാരെ മാളികയുടെ ചുററും കാവൽനിൎത്തി, ഏതാനും പേരേയുംകൂട്ടി മാളികക്കകത്തു കടന്നു പരിശോധന ആരംഭിച്ചു.

"താഴയെല്ലാം പരിശോധിച്ചശേഷം പോലീസ് ഉദ്യോഗസ്ഥനും കൂട്ടുകാരും ഞങ്ങളുടെകൂടെ മാളികയുടെ മുകളിലേക്കുവന്നു. മുകളിൽ ചെന്നഉടനെ എനിക്ക് എന്റെ മുറിയുടെ തുറന്നുകിടന്നിരുന്ന ജനലിന്റെ കാൎയ്യം ഓൎമ്മവന്നു. ഓടിയൊളിച്ച ആ മനുഷ്യനും പതിവല്ലാത്തവിധം തുറന്നുകിടന്നിരുന്ന ആ ജനലിന്നും തമ്മിൽ എന്തൊ സംബന്ധമുണ്ടായിരിക്കേണമെന്നു ഞാൻ തിൎച്ചയാക്കി. മുകളിലെ മറവമുറികളെല്ലാം പരിശോധിച്ചതിന്നുശേഷം എന്റെ ശയനമുറി പരിശോധിക്കുവാനായി പോലീസ്സുകാർ മുതിൎന്നു. പക്ഷെ മുറിയുടെ വാതില്ക്കൽനിന്നു ഞാൻ പറഞ്ഞു. "എന്റെ മുറിയിൽ ആരുംതന്നെ പ്രവേശിച്ചിട്ടില്ല. പിന്നെ എന്തിന്നാണ് നിങ്ങൾ വെറുതെ ബുദ്ധിമുട്ടുന്നതു്? ഞാൻ ശൎയ്യയിൽനിന്നു എഴുന്നിററ പുറത്തുവന്നിട്ടു അഞ്ചുമിനിററപോലും കഴിഞ്ഞിട്ടില്ല."

കുറച്ചുനേരം പോലിസ്സ് ഉദ്യോഗസ്ഥൻ അവിടെത്തന്നെ ശങ്കിച്ചു നിന്നു. ഒരു യുവതിയുടെ വാക്കിനെ നിരാകരിക്കുന്നതു മൎയ്യാദക്കു കുറവായേക്കുമെന്നു വിചാരിച്ചായിരിക്കാം അദ്ദേഹം അവിടെ സംശയഗ്രസ്ഥനായി നിന്നതു്. എങ്കിലും തുറന്നുകിടന്നിരുന്ന ജനലിനെ ചൂണ്ടിക്കാണിച്ചു ഉദ്യോഗസ്ഥൻ ചോദിച്ചു—"ആ ജനൽ തുറന്നിട്ടു എത്രനേരമായി?"

"ഞാൻ എഴുന്നേററ താഴെ പോകുമ്പോഴാണ് അതു തുറന്നതു്."

എന്നു് സരസമായി ഞാൻ മറുപടി പറഞ്ഞു. ഈ കളവുപറഞ്ഞ അവസരത്തിൽ എന്റെ മുഖം ചുവന്നിരിക്കാം. ഉപാദ്ധ്യായിനി എന്റെ മുഖഭാവത്തെ സൂക്ഷിച്ചുനോക്കുന്നുണ്ടായിരുന്നു. പോലീസ്സ് ഉദ്യോഗസ്ഥനും കൂട്ടുകാരും പിതാവിന്റെകൂടെ താഴെയിറങ്ങിപ്പോയി. ഞാനും ഉപാദ്ധ്യായിനിയും മാത്രം എന്റെ മുറിയിൽ ചെന്നു് ഇരുന്നു. അവർ കുറച്ചുനേരം എന്റെ മുഖത്തേക്കു സൂക്ഷിച്ചു നോക്കിയശേഷം ചോദിച്ചു—"മേരിയൻ, നീ എന്തിനാണു് കളവുപറഞ്ഞതു്?" ഞാൻ ഒന്നുംതന്നെ മിണ്ടിയില്ല.

ഉപാദ്ധ്യായിനി "ഈ ജനൽ നീ തുറന്നിട്ടില്ലെന്നു് നിനക്കു നല്ലപോലെ അറിയാമല്ലോ. അതു തുറക്കുന്ന പതിവും നിനക്കു ഇല്ലതന്നെ. നീ എഴുന്നീററു പോയാൽ വാല്യക്കാരത്തിവന്നു് തുറക്കുകയല്ലെ സാധാരണയായ് ചെയ്യുവരാറുള്ളതു്. പിന്നെ ഈ ജനൽ ഇന്നു് ആരാണു തുറന്നതു്?

"എനിക്കറിവില്ല"

"നീ തുറന്നിട്ടില്ലെന്നുള്ളതു സത്യമല്ലെ?"

"അതെ"

തൽക്ഷണം എന്റെ മുറിയിലുണ്ടായിരുന്ന ഒരു അൽമാരിയുടെ പിമ്പിൽനിന്നു് ഒരു ശബ്ദം പുറപ്പെട്ടു—"മഹതികളെ, എന്നെ ഇന്നു് നിങ്ങളാണു് രക്ഷിച്ചതു്." ഇത്രയും കേട്ടപ്പോൾ ഞങ്ങൾക്കു് അനല്പമായ ആശ്ചര്യമുണ്ടായി. അൽമാരിയുടെ പിമ്പിൽനിന്നു് ഒരു യുവാവു പുറത്തുവന്നു. അദ്ദേഹത്തിന്റെ ഉടുപ്പുകൾ അവിടവിടെ കീറിപ്പൊളിഞ്ഞിട്ടുണ്ടായിരുന്നു. തലയിൽ തൊപ്പിയാവട്ടെ അദ്ദേഹത്തിന്നുണ്ടായിരുന്നില്ല. മുഖം വാടി വിളർത്തിരുന്നു. അദ്ദേഹത്തെപ്പോലെ സുന്ദരനായ മററൊരു പുരുഷനെ ഞാൻ ഇതേവരെ കണ്ടിട്ടില്ല. ഹാ! അദ്ദേഹത്തിന്റെ ജ്വലിച്ചുകൊണ്ടിരുന്ന മിഴികളുടെ പ്രഭയും മനസ്സിലിയിക്കുന്ന നോട്ടവും എത്ര കോമളമായിരുന്നു! കുറച്ചുനേരത്തേയ്ക്കു ഞാൻ തന്നെത്താൻ മറന്നുപോയി. കിഴവിയുടെ ചോദ്യങ്ങളാണു് എന്നെ ദിവാസ്വപ്നത്തിൽനിന്നും ഉണർത്തിയതു്. അവർ യുവാവിനോടു ചോദിക്കുന്നുണ്ടായിരുന്നു—"നീ ആരാണു്? എന്തു ധൈര്യത്തിലാണു് നീ ഇവിടെ പ്രവേശിച്ചതു്?"

യുവാവു യഥോചിതം ക്ഷമായാചനം ചെയ്തതിന്നുശേഷം, "മാന്യെ! ഞാൻതന്നെയാണു് ഓടി ഒളിച്ച ആ കുററക്കാരൻ. പോലീസ്സുകാരുടെ കൈയ്യിൽനിന്നു് രക്ഷപ്രാപിക്കുവാനായിട്ടാണു് ഞാൻ നിങ്ങളുടെ അനുമതികൂടാതെ ഇവിടെ കടന്നു പററിക്കൂടിയതു്. എന്നെ അവർ പിടിച്ചുവെങ്കിൽ എനിക്കുള്ള ശിക്ഷ അപമൃത്യുവാണെന്നുള്ളതു റിപ്പിവാ

ദമാണ്. മരണത്തെ ഞാൻ ഭയപ്പെടുന്നില്ല. പക്ഷെ, എൻെറ ഉദ്ദേശം ഇതേവരെ സാദ്ധ്യമായിട്ടില്ല. ഉദ്ദേശം സാധിപ്പിക്കേണമെന്ന ആഗ്രഹത്തോടുകൂടിയാണ് ഞാൻ തൽക്കാലം ഒളിച്ചിരുന്നതു്. നിങ്ങളുടെ അനുഗ്രഹത്താൽ ഞാൻ ഇത്തവണ രക്ഷപ്രാപിച്ചു. ദയവുചെയ്തു എൻെറ കുററത്തെ നിങ്ങൾ പൊറുക്കണം." എന്നു പറഞ്ഞു കൃതജ്ഞതാപൂർണ്ണങ്ങളായ മിഴികളോടെ എൻെറ മുഖത്തേക്കു നോക്കി. എന്തെന്നില്ലാത്ത ഒരു വിദ്യുച്ഛക്തിയുടെ പ്രഭാവം എൻെറ ശരീരത്തിൽ സർവാംഗം ബാധിച്ചു. മുമ്പൊരിക്കലും അനുഭൂതമല്ലാത്ത ഒരു മനോവികാരം എന്നിൽ കടന്നുകൂടി. ലജ്ജയാൽ എൻെറ മുഖം ചുവന്നു. യുവാവിൻെറ മുഖത്തിൽനിന്നു എൻെറ ദൃഷ്ടികൾ തിരിച്ചു ഞാൻ തല താഴ്ത്തി. കിഴവി ചോദിപ്പാൻ തുടങ്ങി.–"നിൻെറ പേരെന്താണ്?"

ഈ ചോദ്യത്തിന്ന് മറുപടി പറയുവാൻ യുവാവ് അല്പം മടിച്ചു, എങ്കിലും അധികം താമസിയാതെ പറഞ്ഞു–"എൻെറ പേരൊ?–എൻെറ പേർ ആൽഫ് ബാർഗിസ്സിൻ എന്നാണ്."

ഉപാ–"നിൻെറ ജോലി?"

യുവാ–"മോസ്കോ നഗരിയിലെ 'കാളേജ് ഇംപീരിയലി'ലെ ഒരു വിദ്യാർത്ഥിയാണ് ഞാൻ."

ഉപാ–"ഹെ യുവാവെ! ആപൽക്കരമായ ഈ സംകീർണ്ണപന്ഥാവിൽ എന്തിനാണ് നി ഇറങ്ങിയിരിക്കുന്നതു്? സാമ്രാജ്യാധിപൻെറ ആൾക്കാരെ ഹനിച്ച് സ്വാതന്ത്ര്യപ്രചാരം ചെയ്യാമെന്നുള്ള മൂഢവിശ്വാസം നിനക്കുമുണ്ടോ? ഇതിൽ അടിക്കടി അപായത്തിന്നല്ലെ അവകാശമുള്ളു!"

യുവാവ് പുഞ്ചിരിയിട്ടു പറഞ്ഞു –"നിങ്ങളുടെ ദയവിന്നും അനുഗ്രഹത്തിന്നും വളരെ വന്ദനം. എൻെറ കുററങ്ങളെല്ലാം സദയം പൊറുത്ത് എന്നെ ഇവിടെ നിന്ന് പോകുവാനനുവദിക്കുന്നപക്ഷം ഞാൻ ഇപ്പോൾ തന്നെ ഇവിടം വിട്ടേക്കാം."

ഞാൻ തലപൊക്കി ഉടനെ പറഞ്ഞു.–"നിങ്ങളെ ഈ സമയത്തു പുറത്തിറങ്ങുവാൻ ഞാൻ ഒരിക്കലും അനുവദിക്കുന്നതല്ല. രാത്രിയാവോളം നിങ്ങൾ ഇവിടെത്തന്നെ ഒളിഞ്ഞിരിക്കേണം. നേരം ഇരുട്ടിയാൽ ഇഷ്ടമുള്ളേടത്ത് ചെന്ന് രക്ഷപ്രാപിച്ചു കൊള്ളുവിൻ."

കിഴവി എന്നെത്തടഞ്ഞ്, "മേരിയൻ, നിനക്ക് സുബോധമില്ലാതായൊ? ഈ യുവാവിനെ രാത്രിയാവോളം ഇവിടെ ഒളിച്ചിരുത്തുവാൻ ഒരിക്കലും ഞാൻ നിന്നെ അനുവദിക്കുന്നതല്ല. അതുമല്ല–നിൻെറ പിതാവ് അറിയുന്നപക്ഷം ഉടനെ ഇവനെ പോലിസ്സിൽ ഏല്പിക്കുന്ന

 തുമാണ്. എന്തുകൊണ്ടും ഇവൻ ഇപ്പോൾ തന്നെ ഇവിടം വിടുകയാണു ഉത്തമം" എന്ന് പറഞ്ഞു വെളിയിലേക്കുള്ള വാതിലിനെ യുവാവിന്ന് കാണിച്ചുകൊടുത്തു. യുവാവ് വാതിലിന്നടുക്കലേക്ക് നടന്നു ചെന്നു. അദ്ദേഹത്തിൻെറ വിളത്ത് വിവൎണ്ണമായ മുഖം കണ്ട് എനിക്ക് അത്യന്തം വ്യസനമുണ്ടായി. ഞാൻ പെട്ടെന്നു എഴുന്നീററ് എന്തെന്നില്ലാത്ത അധികാരത്തെ വ്യക്തമാക്കുന്ന സ്വരത്തിൽ പറഞ്ഞു.— "നിങ്ങൾ ഇപ്പോൾ പോകരുത്. ഇത്രയും പ്രകാശമുള്ള പകലിൽ വെളിയിലിറങ്ങുന്നത് നിങ്ങൾ ആത്മഹത്യചെയ്യാൻ ഒരുങ്ങുമ്പോലെയാണ്. ഞാൻ ഒരിക്കലും അതിന്ന് സമ്മതിക്കുന്നതല്ല. നിങ്ങൾ യാതൊരു ആഹാരവും ഇന്ന് കഴിച്ചിട്ടില്ലെന്ന് തോന്നുന്നു—"

യുവാവ് അവിടെത്തന്നെ നിന്നു "വളരെ വന്ദനം. കഴിഞ്ഞ മൂന്നു ദിവസമായി ഞാൻ യാതൊരു ആഹാരവും കഴിച്ചിട്ടില്ല. എങ്കിലും ഞാൻ ഇവിടെ നില്ക്കുന്നത് നിങ്ങൾക്ക് അപായകരമാണെങ്കിൽ ഇപ്പോൾത്തന്നെ പോയേക്കാം."

എൻെറ വാക്‌സാമൎത്ഥ്യത്തെ നല്ലപോലെ പ്രയോഗിച്ച് യുവാവിനെ എൻെറ ഇഷ്ടത്തിന്നു ഞാൻ വഴിപ്പെടുത്തി. ഈ അവസരത്തിൽ "മേരിയൻ, ഇതൊന്നും നന്നല്ല" എന്ന് മാത്രം കിഴവി ഗുണദോഷിച്ചു. അപ്പോഴെക്കും വെളിൽ ആരുടേയോ കാലടി ശബ്ദം കേട്ടു ബാർഗിസ്സിൻ ഝടുതിയിൽ അൽമാരിയുടെ പിമ്പിൽ ചെന്ന് ഒളിഞ്ഞു. വാല്യക്കാരത്തി എനിക്കായ് രാവിലത്തെ ആഹാരാദികൾ കൊണ്ടുവന്ന് മേശമേൽ ഒരുക്കി വെച്ച് മുറിയിൽ നിന്ന് വെളിയിലേക്ക് പോയി. ബാർഗിസ്ററിന്ന് അഭയം നൽകി ആ ആഹാരത്തെ ഭക്ഷിച്ചുകൊള്ളുവാൻ ഞാൻ അദ്ദേഹത്തോട് അപേക്ഷിച്ചു. പാവം! അദ്ദേഹത്തിൻെറ കണ്ണുകളിൽ വെള്ളം നിറഞ്ഞു എത്രയും ആൎദ്രതയോടെ എൻെറ മുഖത്തേക്കു നോക്കിനീരവമായ ഭാഷയിൽ നന്ദിപറഞ്ഞ് അദ്ദേഹം ആഹാരത്തിന്നിരുന്നു.

## ൩.

അൎദ്ധരാത്രിയിലെ ഭയങ്കരമായ അന്ധകാരത്തിലകപ്പെട്ടു ഭൂലോകം മയങ്ങി. ഘോരമായ നിശ്ശബ്ദതയെങ്ങും പരന്നിരുന്ന ആ സമയത്ത് ആൽഫ് ബാർഗിസ്സിൻ ഞങ്ങളെ വിട്ടുപിരിഞ്ഞു. അദ്ദേഹത്തെ തൽക്കാലം രക്ഷിച്ചതിൽ എനിക്ക് അളവില്ലാത്ത ചാരിതാൎത്ഥ്യവും ഗൎവ്വും അനുഭൂതമായി. അദ്ദേഹത്തെ വിട്ടുപിരിയുന്നതിൽ എൻെറ നാരിഹൃദയത്തിൽ അനല്പമായ വ്യസനം ഉണ്ടായി. അദ്ദേഹത്തെ യാത്രയാക്കു

മ്പോഠം എൻെറ അക്ഷികളിൽനിന്നു പൊട്ടിപ്പുറപ്പെടുവാനുദ്യമിച്ച അശ്രുധാരയെ ഞാൻ സപ്രയത്നം തടഞ്ഞു നിൎത്തിയെങ്കിലും ഞാൻ ഏകാകിനിയായ്ത്തീൎന്നപ്പോഠം എൻെറ ചക്ഷുസ്സുകളിൽ ബാഷ്പധാര നിറഞ്ഞു കവിഞ്ഞൊഴുകുവാൻ തുടങ്ങി. അതേവരെ മുകുളിതമായ എൻെറ ഹൃദയം വികസിതമായി എന്നു് എനിക്കുതന്നെ മനസ്സിലായി. ഞാൻ അദ്ദേഹത്തെ കാമിമിച്ചുതുടങ്ങി.എൻെറ ജീവിതത്തിൽ ഒരു പുതിയ അദ്ധ്യായം തുറന്നുകഴിഞ്ഞു.ആ യുവാവിൻെറ തേജോമയമായിവിളങ്ങിക്കൊണ്ടിരുന്ന മിഴികളുടെ അസാധാരണ ഗാംഭീൎയ്യത്താൽ വശീകരിക്കപ്പെട്ട എൻെറ ഇളയഹൃദയം അപൂൎവ്വപൌരുഷത്തിന്നാധാരമായ ആ കോമളമൂൎത്തിയെ ധ്യാനിച്ച് ആനന്ദാബ്ധിയിലാണ്ടുപോകുവാൻ തുടങ്ങി.രാത്രിയിലാവട്ടെഎനിക്കു് ഉറക്കമുണ്ടായതെ ഇല്ല. അദ്ദേഹത്തിൻെറ പ്രേമത്തെ കാംക്ഷിക്കുന്നതു കേവലം ദുരാശയാവാനേ ഇടയുള്ളുഎന്നു് എനിക്കറിയാമായിരുന്നു. അദ്ദേഹമൊ—രാജ്യതന്ത്ര വിരുദ്ധാചാരികളുടെ അനന്യതമനായ നേതാവ്;—ഘോരമായ പല കുലക്കുററങ്ങളിലും അകപ്പെട്ടിരിക്കാം. മാത്രമല്ലാ—ഈ ജന്മത്തിൽ അദ്ദേഹത്തെ രണ്ടാമതൊരു തവണ കാണുവാൻപോലും എനിക്കു ഭാഗ്യമുണ്ടാകുമോ എന്നതുതന്നെ സംശയമാണ്. അപ്രിയങ്ങളും വ്യസനപൂൎവ്വങ്ങളുമായ ചിന്തകഠം എൻെറ മനസ്സിൽ തെരുതെരെ കടന്നുകൂടുകയാൽ നയനങ്ങഠം അശ്രുഭാരാക്രാന്തങ്ങളായി. ബാൎഗസ്റ്റിനെ പിടിച്ചടക്കുവാൻ പോല്ലീസ്സിൽനിന്നും യഥാസാദ്ധ്യം ശ്രമങ്ങഠം ചെയ്യുവരുന്നുണ്ടെന്നും അവരുടെ വലയിൽ കുടുങ്ങുന്ന പക്ഷം അദ്ദേഹം അനുഭവിക്കാവുന്ന ശിക്ഷയും എനിക്കു് അവിദിതമല്ലായിരുന്നു. സാർ ചക്രവൎത്തി തിരുമനസ്സിലെ നീതിന്യായ വകുപ്പിൽ അപരാധികഠംക്കു മരണവും നാടുകടത്തലുമല്ലാതെ മററുശിക്ഷ വിധിച്ചിട്ടില്ല.

പിറേറ ദിവസത്തെ വൎത്തമാനപത്രത്തിൽ ബാൎഗിസ്റ്റിനെപ്പററിയേതാനും അറിവു കിട്ടി. റഷ്യാധിപൻെറ രാജധാനിയെ ചുട്ടു ഭസ്മമാക്കാൻ ശ്രമിച്ചുവന്നിരുന്ന യുവാക്കന്മാരിൽ അഗ്രഗണ്യനായ ആൽഫ ബാൎഗിസ്ററൻ ഒരിക്കൽകൂടെ പോല്ലീസുകാരെ കബളിപ്പിച്ചുവെന്നും പോല്ലീസ്സു പിന്തുടൎന്നുകൊണ്ടിരിക്കെ പെട്രോവസ്കി പ്രഭുവിൻെറ മാളികയുടെ അടുത്തെവിടെയൊ ഓടി ഒളിച്ചു രക്ഷപ്രാപിച്ചുവെന്നുമായിരുന്നു വൎത്തമാനസാരാംശം. ബാൎഗിസ്റ്റിൻ ആ സ്ഥലത്തിന്നടുത്തുതന്നെ ഉണ്ടായിരിക്കേണമെന്നും, അവിടം വിട്ടു് അധികദൂരം പോവാൻ തരമില്ലെന്നുംകൂടി പത്രാധിപന്മാർ അഭിപ്രായപ്പെട്ടിരുന്നു. ഇത്രയും അറിഞ്ഞതിന്നുശേഷം എൻെറ മനഃസ്ഥിതി ഏതു വിധത്തിലായിരിക്കുമെന്നു

നിങ്ങൾക്കുതന്നെ ഊഹിക്കാമല്ലൊ. ആ യുവാവിന്നു യാതൊരു പ്രാണാപായവും നേരിടാതിരിപ്പാൻ ഞാൻ ആന്തരികമായി പ്രാർത്ഥിച്ചു. അദ്ദേഹത്തിൻെറ പുനർദശനത്തെ— അസംഭവ്യമാണെന്നറിഞ്ഞിട്ടും— ഞാൻ പ്രബലമായി കാംക്ഷിച്ചു. ദൈവകാരുണ്യത്താൽ എൻെറ ആ കാംക്ഷ സഫലമാകയും ചെയ്തു.

ഏകദേശം ഒരു മാസക്കാലം കഴിഞ്ഞു. ഒരു ദിവസം ഞാൻ ഉദ്യാനത്തിലെ ഒരു ബെഞ്ചിന്മേൽ ഇരിക്കുകയായിരുന്നു. ആരും തന്നെ അടുത്തു് ഉണ്ടായിരുന്നില്ല. സന്ധ്യ അതിക്രമിച്ചിരുന്നതിനാൽ നല്ലപോലെ ഇരുട്ടുണ്ടായിരുന്നു. സ്വച്ഛമായ നീലാകാശം മിന്നിത്തിളങ്ങുന്ന നക്ഷത്രപംക്തികളാൽ അലങ്കരിക്കപ്പെട്ടിരുന്നു. പ്രകൃതിയെങ്ങും നിശ്ശബ്ദം. നവവികസിതങ്ങളായ പുഷ്പങ്ങളുടെ സുഗന്ധത്താൽ സുരഭിലമായ മാരുതൻ മന്ദമായി വീശുന്നുണ്ടായിരുന്നു. പ്രകൃതിയുടെ മനോമോഹനകരമായ രമണീയതയിലും അവർണ്ണനീയമായ ആകാരമാധുരിയിലും മുങ്ങിമയങ്ങുംതോറും യൌവനയുക്തമായ എൻെറ ഹൃദയം ശൂന്യവും നിസ്സാരവുമായി എനിക്കു തോന്നി. നിഷ്ഫലമായ പ്രേമത്തിന്നു മാത്രം പാത്രമായ എൻെറ വ്യർത്ഥജീവിതത്തെ ഞാൻ ശപിച്ചു.

ആകസ്മികമായി ആരുടേയോ ശബ്ദം കേൾക്കയുണ്ടായി. സ്വരം വളരെ പരിചിതമായിത്തോന്നി. കൊടുങ്കാററിൽ കൂത്താടുന്ന തിരമാലകൾ പോലെ എൻെറ ഹൃദയം അലയ്ക്കുവാൻ തുടങ്ങി. എൻെറ ശരീരമാസകലം വിറച്ചു.

ആ സ്വരം വീണ്ടും വിളിക്കയുണ്ടായി—"മാന്യേ"

ഭയവിഹ്വലയായി ഞാൻ പിന്നോട്ടു തിരിഞ്ഞുനോക്കി. നക്ഷത്രങ്ങളുടെ അസ്പഷ്ടമായ വെളിച്ചത്തിൽ ആരോ ഞാൻ ഇരുന്നിരുന്ന ബെഞ്ചിൻെറ അരികിൽ പിമ്പിലായി നില്ക്കുന്നതു കണ്ടു. ആളെ തിരിച്ചറിയുവാൻ അധികം ബുദ്ധിമുട്ടേണ്ടിവന്നില്ല. പെട്ടെന്നു ഞാൻ എഴുന്നീററുനിന്നു്—"ബാഗ്ഗിസ്റ്റിൻ! ഭവാൻ എന്തിനാണ് ഇവിടെ വീണ്ടും വന്നതു്? ജീവനിൽ ഭവാന്നു കൊതിയില്ലയോ? പ്രാണനിൽ യാതൊരു മമതയും കൂടാതെ കേവലം ഭ്രാന്തനെപ്പോലെ എന്തിനാണ് ഇപ്രകാരം പ്രവർത്തിച്ചതു്?" എന്നു ഞാൻ ചോദിച്ചു.

ശാന്തസ്വരത്തിൽ ബാഗ്ഗിസ്റ്റിൻ പറഞ്ഞു—"എൻെറ ഈ തുച്ഛമായ ജീവനിൽ ഭവതിക്കുള്ള മമതക്കു ഞാൻ വളരെ നന്ദി പറഞ്ഞുകൊള്ളുന്നു. ഇവിടെയെന്നുവേണ്ടാ—എവിടെയായിരുന്നാലും എൻെറ ജീവൻ എപ്പോഴും അപായത്തിലാണ്. എങ്കിലും, എന്നെ ഒരിക്കൽ

രക്ഷിച്ചതിന്നു ഭവതിയോടുള്ള കൃതജ്ഞതയെ അറിയിപ്പാൻ ഒരു തവണ കൂടി ഇവിടെ വരാതിരിക്കുവാൻ എനിക്കു സാധിച്ചില്ല."

വളരെ താണസ്വരത്തിൽ എന്റെ കണ്ഠത്തിൽനിന്നു് "വെറും കൃതജ്ഞതയോ?" എന്നൊരു ചോദ്യം പുറപ്പെട്ടു.

ബാഗ്ഗിസ്റ്റിൻ നെടുവിപ്പിട്ടു പറഞ്ഞുതുടങ്ങി— "അല്ല, മേരിയൻ, വെറും കൃതജ്ഞതയല്ലാ എന്റെ ഹാർദ്ദമായ ആരാധന—പവിത്രവും ആന്തരികവുമായ പൂജ—അല്ലാ, എന്റെ ഹൃദയത്തിൽ നിറഞ്ഞൊഴുകുന്ന പ്രേമധാരയെ ഭവതിയുടെ പാവനമായ ചരണയുഗളത്തിൽ അഭിഷേചിക്കുവാനായിട്ടാണു ഞാൻ വന്നതു്. മറവിൽനിന്നു ഭവതിയെ ഒരു കണ്ണുകാണുവാനും ഒരിക്കൽകൂടി ഭവതിയെ ആരാധിപ്പാനും ആഗ്രഹിച്ചാണു ഞാൻ വന്നതു്. മേരിയൻ! എന്റെ ഈ ജീവിതത്തിൽ അസ്വസ്ഥതയും അപായവുമല്ലാതെ ആശ്വാസമോ ആനന്ദമോ ഞാൻ അനുഭവിച്ചിട്ടില്ല. എന്റെ പ്രാണനെ ഏതൊരു കാര്യത്തിലും ലേശംപോലും സങ്കോചംകൂടാതെ ബലി കഴിപ്പാനും ഞാൻ ഇതേവരെ സന്നദ്ധനായിരുന്നു. എന്നാൽ ഭവതിയെ കാണുവാൻ സാധിച്ച ആ ദിവസം മുതൽ എന്റെ ഉറപ്പുകൾക്കെല്ലാം മാററം തട്ടിയിരിക്കുന്നു. അപായകരമായ കർമ്മക്ഷേത്രത്തിൽ ജയം നേടേണമെന്നും, ഇനിയും വളരേക്കാലം ജീവിച്ചിരിക്കേണമെന്നും എനിക്കു തോന്നിത്തുടങ്ങിയിരിക്കുന്നു. മേരിയൻ! ഭവതിക്കു് എന്നിൽ ദയയില്ലയോ? എന്നെ ജീവിച്ചിരിക്കുവാൻ അനുവദിക്കുമോ? ഭവതിയുടെ പ്രേമത്താൽ എന്നെ അനുഗ്രഹീതനാക്കുമോ?"

എന്റെ കണ്ണുകളിൽ വെള്ളം നിറഞ്ഞു. എനിക്കു യാതൊന്നും സംസാരിപ്പാൻ സാധിച്ചില്ല. ഞാൻ അധോമുഖിയായി നിന്നതേയുള്ളു. എന്നാൽ നില്ക്കുന്നതിന്നും എനിക്കു ശക്തിയില്ലാതായി. എന്റെ ശിരസ്സു് അദ്ദേഹത്തിന്റെ ചുമലിൽ മെല്ലേ ചാഞ്ഞു. ശാന്തമായ് ഒഴുകിപ്പോകുന്ന അരുവിയിലെ നിർമ്മലജലം മുങ്ങാതെ മുങ്ങിക്കിടക്കുന്ന പളുങ്കുപാറയുടെ മേൽ എങ്ങിനെ പ്രണയപരവശമായി തഴുകിക്കൊണ്ടിരിക്കുന്നുവോ അപ്രകാരം അദ്ദേഹം എന്റെ മേൽ തലോടി. അദ്ദേഹം എന്റെ കൈകളെ പൊക്കിയെടുത്തു. ഗൽഗദസ്വരത്തിൽ അദ്ദേഹം പറഞ്ഞുതുടങ്ങി— "മേരിയൻ! ഭവതിയുടെ നിഷ്കളങ്കമായ പ്രണയത്തിന്നു ഞാൻ അർഹനല്ലെന്നു് എനിക്കറിയാം. എന്റെ പ്രാണൻ എപ്പോഴും അപായശങ്കയിലാണു്. അതുമാത്രമല്ല, ഞാൻ ഒരു കുററക്കാരനാണെന്നാണു് അധികം ആളുകളുടേയും ധാരണ. എന്റെ ജന്മഭൂമിയുടെ ദുഃഖവിമോചനത്തിന്നായി ഞാൻ എന്തെല്ലാം നിഷ്ഠുരകൃത്യങ്ങളാണു ചെ

യ്യിട്ടുള്ളതു്! സാറിൻെറ ആൾക്കാരെ വധിക്കയെന്നതു് ഒരു വ്രതംപോലെയാണ ഞാൻ കരുതിയിരുന്നതു്. ഇതെല്ലാം അറിഞ്ഞതുടങ്ങുമ്പോൾ ഭവതി എന്നെ വെറുക്കുകയില്ലയോ?"

അദ്ദേഹത്തെ വെറുക്കുകയൊ! എൻെറ ഹൃദയമന്ദിരത്തിൽ അവിരതം വിരാജിക്കുന്ന ഇഷ്ടദേവതയെ ഞാൻ വെറുക്കുകയൊ!!

എനിക്കു് അധികമൊന്നും സംസാരിപ്പാൻ സാധിച്ചില്ല.—"അങ്ങയെ വെറുക്കുകയൊ! അങ്ങയ്ക്കു് അധീനയായ ഈ ദാസിയോ അങ്ങയെ വെറുക്കുന്നു!" എന്നു മാത്രമേ എനിക്കു പറയുവാൻ സാധിച്ചുള്ളൂ. എന്നാൽ അന്നേരം എൻെറ മനസ്സിൽ ഉണ്ടായിരുന്ന ഉത്തരങ്ങളെല്ലാം പറയുന്നതായാൽ അവസാനിക്കാതെ മാസങ്ങളും കൊല്ലങ്ങളും കഴിഞ്ഞുപോകുമായിരുന്നു. അദ്ദേഹം എന്നെ മാറോടണച്ചു ചുംബിച്ചു. എൻെറ പ്രേയാൻെറ പ്രേമപുരസ്സരമായ പ്രഥമാശ്ലേഷത്തിൽ എൻെറ ഹൃദയം തളൎന്നു. ഈ ലോകത്തിൽ ഞാനും ആൽഫും മാത്രമേയുള്ളു എന്നു് എനിക്കു തോന്നി. ഞങ്ങളുടെ താൽക്കാലികമായ അവസ്ഥയേയൊ വ്യവസ്ഥയേയൊ ഓൎക്കുവാൻ തക്ക ശേഷിയെനിക്കുണ്ടായിരുന്നില്ല. ഞാൻ പ്രേമാകുലയായിട്ടുണ്ടെന്നും ആൽഫ് എൻെറ ആരാധ്യദേവനാണെന്നും മാത്രമെ എനിക്കു് ഓൎമ്മയുണ്ടായിരുന്നുള്ളൂ."

മേരിയൻ അവളുടെ സ്വപ്നമയങ്ങളായ അക്ഷികൾ പൊക്കി അഗ്നികുണ്ഡത്തിലേക്കു നോക്കി. അമിതമായ ആനന്ദത്തെയും അളവില്ലാത്ത വിഷാദത്തെയും ഒരേസമയം പ്രദൎശിപ്പിക്കുന്നതായ ഭാവങ്ങൾ അവളുടെ വദനാംബുജത്തിൽ കളിയാടിയിരുന്നു.

(തുടരും)

ഉണിക്കാട്ടു് പി. രാമചന്ദ്രമേനോൻ, എം. ഏ.

---

# കോടീശ്വരനായ

# രാമദുലാലസരകാരൻ.

(തുടൎച്ച)

## രാമദുലാലൻെറ വിദ്യാഭ്യാസം.

മദനമോഹൻ തൻെറ കുടുംബത്തിലെ കുട്ടികളെ പഠിപ്പിക്കാനായി ഒരു ഗുരുനാഥനെ പാൎപ്പിച്ചിരുന്നു. രാമദുലാലനും അവരുടെ ഒപ്പം പഠിക്കാൻ തുടങ്ങി. ഇക്കാലത്തുള്ളപോലെ സ്ലേറ്റും പെൻസിലും ഉണ്ടായിരുന്നില്ല. കുട്ടികൾ ആദ്യം മണലിലും പിന്നെ ഓലയിലും

പിന്നീട്ട കടലാസ്സിലും എഴുതാൻ ശീലിച്ചിരുന്നു. അക്കാലത്തു പേന ഉണ്ടായിരുന്നു എങ്കിലും അതു് അശുദ്ധസാധനമാണെന്നു കരുതി ഭേദക്കാരാരും അതു് ഉപയോഗിച്ചിരുന്നില്ല. സാധാരണതരക്കാർ മാത്രമേ പേന ഉപയോഗിച്ചിരുന്നുള്ളു. അക്കാലത്തു് ഇല്ലിക്കോൽ എഴുത്താമ്പുല്ല മുതലായവകൊണ്ടുള്ള പേനയാണു് ഉപയോഗിച്ചിരുന്നതു്. കാലയിലെഴുത്തു കഴിഞ്ഞശേഷം രാമദുലാലൻ വാഴയിലയിൽ എഴുത്തു ശീലിച്ചുതുടങ്ങി. ദിവസേന വാഴയില ഒരുക്കിക്കൊടുക്കാൻ രാമദുലാലന്റെ മുത്തശ്ശിക്കു സാധിച്ചില്ല. രാമദുലാലൻ അതിന്നു് ഒരു ഉപായമെടുത്തു. ആ വീട്ടിലെ കുട്ടികൾ വാഴയിലയിലെഴുതിയ ശേഷം അവയെ വലിച്ചെറിഞ്ഞിരുന്നു. രാമദുലാലൻ ആ ഇലകൾ ഗംഗയിൽ കൊണ്ടുപോയി കഴുകി വെടിപ്പാക്കി അവയിൽ എഴുത്തു ശീലിച്ചു. പിന്നെ രാമദുലാലൻ കടലാസ്സിൽ എഴുതാൻ തുടങ്ങി. അതോടുകൂടി അയാൾ ബംഗാളഭാഷയിൽ സാമാന്യജ്ഞാനവും കണക്കും പഠിച്ചുതുടങ്ങി. നല്ലവണ്ണം പരിശ്രമിച്ചെങ്കിലേ ബുദ്ധിക്കു വികാസമുണ്ടാകയുള്ളു. രാമദുലാലൻ കണക്കെഴുത്തിൽ മിടുക്കനായിത്തീൎന്നു. ക്രമത്തിൽ കുറച്ചു് ഇംഗ്ലീഷും പഠിച്ചു. കപ്പലിലെ കപ്പിത്താൻ സായ്പും അയാളുടെ കീഴുദ്യോഗസ്ഥന്മാരുമായി ഒരു വിധം ഇംഗ്ലീഷിൽ സംസാരിച്ചു തന്റെ മനോഭാവം അവരെ അറിയിക്കാൻ അയാൾക്കു സാധിച്ചു. അക്കാലത്തു് ഇതിലുമധികമായ എന്തൊരു വിദ്യാഭ്യാസമാണു രാമദുലാലന്നു സിദ്ധിക്കാൻ കഴിയുന്നതു്. പിന്നീടു് അയാൾക്കു സായ്പുമാരുമായി നല്ലവണ്ണം സംസാരിക്കാൻ കഴിഞ്ഞിരുന്നു എങ്കിലും ഇംഗ്ലീഷുഭാഷയിൽ എഴുത്തുകളെഴുതാൻ അയാൾക്കു കിഞ്ഞിരുന്നില്ല. ഇംഗ്ലീഷ് എഴുതുമ്പോൾ അദ്ദേഹത്തിന്നു വിഴക്ഷരങ്ങൾ വന്നിരുന്നു.

### രാമദുലാലന്റെ ജീവിതരംഗപ്രവേശം.

രാമദുലാലന്നു ദിവസവൃത്തി കഴിച്ചുകൂട്ടാൻ വളരെ ക്ലേശിക്കേണ്ടിവന്നു. നന്ദകുമാരവസു എന്നു പേരായ ഒരു ദാരിദ്ര്യകായസ്ഥബാലൻ രാമദുലാലന്റെ പരമസ്നേഹിതനായിരുന്നു. ഇവർ രണ്ടുപേരേയും മദനമോഹനദത്തൻ തന്റെ വലിയ ആപ്പീസ്സിൽ ജോലി പഠിക്കാനായി നിശ്ചയിച്ചു. ഒരു ദിവസം അവരിരുവരുംകൂടി ആപ്പീസ്സിലേക്കു പോകുംവഴിക്കു കഠിനമായ ഒരു കൊടുങ്കാററു പൊടിപൊടിച്ചുകൊണ്ടു വീശിത്തുടങ്ങി. കഠിനമായ വെയിൽ അതിന്നു പുറമേ കൊടുങ്കാററും പൊടിപറക്കലും ഇതെല്ലാം കണ്ടപ്പോൾ ആപ്പീസ്സിൽ തങ്ങൾക്കു വിശേഷവിധിയായ ജോലിയൊന്നുമില്ലെന്നും ജോലി പഠിക്കാൻ മാത്രം തങ്ങൾ

ആപ്പീസ്സിൽ പോകുന്നതാണെന്നും വിചാരിച്ച് അവരിരുവരും വീട്ടിലേയ്ക്കു മടങ്ങി. ക്ഷീണം നിമിത്തം അവർ ഉറക്കത്തിൽ പെടുകയും ചെയ്തു. മദനമോഹനൻ രാമദുലാലനെ പലപ്രാവശ്യം വിളിച്ചു. രാമദുലാലൻ പരിഭ്രമിച്ച് എണീട്ട് ആപ്പീസ്സിൽ പോകാഞ്ഞതിൻെറ കാരണം ചോദിച്ചപ്പോൾ രാമദുലാലൻ പറഞ്ഞു. "വഴിയിൽ അനവധി പൊടിയും കൊടുങ്കാററും വെയിലിൻെറ ചൂടുംകൊണ്ട് ആപ്പീസ്സിലേക്കു പോകാൻ സാധിക്കാത്തതാണ്." വേണമെങ്കിൽ ദേഹത്തിന്നു സുഖക്കേടാണെന്നോ മററുവല്ല വ്യാജമോ പറഞ്ഞ് യജമാനനെ തൃപ്തിപ്പെടുത്താൻ രാമദുലാലനു കഴിയുമായിരുന്നു. എന്നാൽ ആയാൾ കളവുപറയാതെ സത്യം പറഞ്ഞതുകൊണ്ട് യജമാനന് അയാളുടെ നേരെ വളരെ പ്രീതി തോന്നി. അന്നുമുതൽക്കു രാമദുലാലൻ തൻെറ സ്വന്തസുഖത്തിൽ ദൃഷ്ടിവെയ്ക്കാതെ എജമാനൻെറ കാര്യങ്ങളിൽ മാത്രം പ്രത്യേകം ദൃഷ്ടിവെച്ചുപോന്നു.

ആദ്യം മദനമോഹൻ രാമദുലാലനെ തൻെറ ആപ്പീസ്സിൽ "ബിൽപിരിവുകാര"നായി നിശ്ചയിച്ചു. മദനമോഹൻ ധനികനും പ്രസിദ്ധനായ കച്ചവടക്കാരനുമായിരുന്നു. അദ്ദേഹത്തിൻെറ ആപ്പീസ്സ വളരെ വലുതായിരുന്നു. കല്ക്കത്തയിലും അതിന്നടുത്തുള്ള പ്രദേശങ്ങളിലും അദ്ദേഹത്തിന്ന് അനേകം കൊള്ളക്കൊടുക്കയുണ്ടായിരുന്നു. രാമദുലാലന് ദിവസംപ്രതി എന്നപോലെ ടിടെഗോഡയിലേയ്ക്കും ബാരാകപൂരത്തിലേയ്ക്കും (Barrackpore) കാൽനടയായി പോകേണ്ടിവന്നിരുന്നു. ഒരു ദിവസം അയാൾ അനേകായിരം ഉറപ്പികയുടെ ഒരു ബില്ലുംകൊണ്ടു ദമദമയിലുള്ള ഒരു സായ്പിൻെറ അടുക്കൽ പണം വാങ്ങാനായിച്ചെന്നു. സായ്പ് സന്ധ്യക്കു പണം കൊടുത്തു. അയാൾ ആ പണവുംകൊണ്ടു കല്ക്കത്തയിലേയ്ക്കു മടങ്ങി. അക്കാലത്തു ദമദമാപ്രദേശത്തു ദിപട്ടിക്കൊള്ളക്കാരുടെ ഉപദ്രവം നന്നെയുണ്ടായിരുന്നു. പ്ലാസിയുദ്ധത്തിന്നുശേഷം കുററക്കാരാണെന്ന നിലയിൽ പിരിച്ചുവിട്ടിരുന്ന ഭടന്മാരാണു ഈ പ്രദേശത്തെ കൊള്ളയിട്ടിരുന്നതു്. രാത്രികാലത്തു് ഇത്ര അധികം പണവുംകൊണ്ടു യാത്രചെയ്യുന്നതു് അപകടമാണെന്നു രാമദുലാലന് തോന്നി. അയാൾ ഒരു ഗോസായിയുടെ വേഷംധരിച്ച് ഒരു വൃക്ഷത്തിൻെറ ചോട്ടിൽ കിടന്നു. അയാൾക്കു ലേശം ഉറക്കമുണ്ടായില്ല. പണസ്സഞ്ചി തലയ്ക്കൽ വെച്ചു രാത്രിമുഴുവനും കഴിച്ചുകൂട്ടി പിറേറന്നു രാവിലെ എണീട്ട് അയാൾ ഈശ്വരനെ വന്ദിച്ചു യാത്ര പുറപ്പെട്ടു. മദനമോഹൻെറ ഭവനത്തിൽ ചെന്നു് അദ്ദേഹത്തോടു സകല വിവരങ്ങളും പറഞ്ഞു. ആ

യാളുടെ ബുദ്ധിയും വിവേകവും കണ്ടു മദനമോഹനന്ന് രാമദുലാലന്റെ പേരിൽ ഏററവും സന്തോഷം ജനിച്ചു.

### രാമദുലാലന്റെ കൃതജ്ഞത.

രാമദുലാലൻ ആദ്യം 5ക ശമ്പളത്തിൽ മദനമോഹന്റെ ആപ്പിസ്സിൽ ബിൽപിരിവുകാരനായി പണിഎടുത്തിരുന്നു. ആയാൾ കുട്ടിക്കാലം മുതല്ക്കുതന്നേ പണം പിശുക്കിച്ചിലവുചെയ്യിരുന്നതുകൊണ്ട് 5ക ശമ്പളത്തിൽനിന്ന് അല്പാല്പം മുതൽക്കൂട്ടി 100ക സമ്പാദിച്ചു. ആ പണം ആയാൾ ബാഗബജാറിൽ വിറകുകച്ചവടത്തിന്ന് ഉപയോഗിച്ചു. എല്ലാദിവസവും വൈകുന്നേരം അവിടെപ്പോയി ലാഭം കിട്ടിയ സംഖ്യയുംകൊണ്ട് വീട്ടിലേക്ക് മടങ്ങിയിരുന്നു ആലാഭം തന്റേ അഞ്ചുവയസ്സുമുതല്ക്ക് തന്നേയും തന്റേ അനുജനേയും സോദരിയേയും പോററിരക്ഷിച്ച വൃദ്ധരായ മുത്തച്ഛനും മുത്തിശ്ശിക്കും കൊടുത്തു. തന്റേ സ്വന്തം സുഖത്തിന്നു വേണ്ടി അയാൾ ആ പണം ഉപയോഗിച്ചില്ല.

### രാമദുലാലന്റെ ഉന്നതി

രാമദുലാലന്റെ കൃത്യനിഷ്ഠകണ്ട് സന്തോഷിച്ച് മദനമോഹൻ 10ക ശമ്പളത്തിന്മേൽ അയാളേ "കപ്പൽ വിഭാഗ"ത്തിൽ ഒരു ഉദ്യോഗസ്ഥനായി നിശ്ചയിച്ചു. ശമ്പളം കൂടിയെന്നുണ്ടെങ്കിലും കപ്പലിലേ കപ്പിത്താന്റേയും നാവികന്മാരുടേയും അടികിട്ടാതേ കഴിക്കാൻ കുറേ ഞെരുക്കമുണ്ടായിരുന്നു. എപ്പോഴും കപ്പലുകളിൽചെന്നു കപ്പിത്താനും മററുമായി അയാൾക്ക് സംഭാഷണം നടത്തേണ്ടിവന്നിരുന്നു. അയാൾക്ക് ഇംഗ്ലീഷ് എഴുതാനറിഞ്ഞിരുന്നില്ലെങ്കിലും സംസാരിക്കൻ കഴിഞ്ഞിരുന്നു. കപ്പലിലേ സാമാനങ്ങളെപ്പററി തക്കങ്ങൾ ഉണ്ടാകുമ്പോൾ രാരാമദുലാലന്ന് സായ്പുമാരുമായി ഇംഗ്ലീഷിൽ സംസാരിക്കാൻ കഴിഞ്ഞിരുന്നതുകൊണ്ട് പ്രഹരം കിട്ടാതേ കഴിഞ്ഞിരുന്നു. അയാൾക്ക് കൂടക്കൂടേ ഡയമണ്ട് ഹാർബറിലേക്ക് പോകേണ്ടിവന്നിരുന്നു. ഒരു ദിവസം അയാൾ കയറിയിരുന്ന വഞ്ചിമുങ്ങിപ്പോയതുകൊണ്ടു അയാൾക്ക് 7കാതം വഴിനീന്തിപ്പോരേണ്ടിവന്നു. അയാൾ വിദിരപുരത്തിൽചെന്ന് രക്ഷപ്രാപിച്ചു. വേറേ ഒരു ദിവസം അയാളും അയാളുടേ സ്നേഹിതനായ നന്ദകുമാരവസുവും വലിയ അപകടത്തിൽ പെട്ടു പുഴവക്കത്തുള്ള ഒരു മുക്കുവന്റേ കുടിയിൽ അഭയം പ്രാപിച്ചു. രാത്രിമുഴവനും അവിടേ കഴിച്ചുകൂട്ടി.

### രാമദുലാലന്റെ ഭാഗ്യോദയം

കപ്പൽസംബന്ധമായ കാൎയ്യങ്ങളിൽഎപ്പെട്ടു് രാമദുലാലൻ കപ്പലിനേസംബന്ധിച്ച് വളരേ അറിവു സമ്പാദിച്ചു. ഇപ്പോഴത്തേ

ലാല ദീഷിക്ക് തെക്കുഭാഗത്ത് ടല്ലോക്കമ്പനി (Tollo p co) ക്കാരുടേ ആപ്പീസ്സുണ്ടായിരുന്നു. അവിടേ പലസാധനങ്ങളും ലേലത്തിൽ വിററിരുന്നു. രാമദുലാലൻ തൻെറയജമാനൻെറ ആവശ്യത്തിന്നായി ഈ ആപ്പീസ്സിൽ പലപ്പോഴും പേയിരുന്നു. ലേലവില്പനക്കായ്യത്തിലും അയാറം നല്ല അറിവു സമ്പാദിച്ചു. ആയാറം ഒരു ദിവസം ഗംഗാതീരത്തിൽകൂടേ മോഹനഎന്ന ദ്വീപിലേക്കു പോകുമ്പോറം ഒരു കപ്പൽ മുങ്ങിക്കിടക്കുന്നതുകണ്ടു. അതുകണ്ടഉടനേ കപ്പൽ എങ്ങിനേയാണ് വെള്ളത്തിൽനിന്നു പൊക്കേണ്ടതു് എന്നും അതിൽ എന്തെല്ലാം സാമാനങ്ങളാണ് ഉള്ളതെന്നും അതിൽ എത്ര കണ്ട സാമാനങ്ങറം കേടുകൂടാതേ കിട്ടുമെന്നും അവയുടെ വില എന്തായിരിക്കുമെന്നും മററും ആലോചിച്ച് ഒടുക്കം ഇങ്ങിനെ തീച്ചപ്പെടുത്തി.

ഈ സംഭവത്തിന്ന് അല്പം ദിവസങ്ങറംക്കു ശേഷം യജമാനൻെറ പക്കൽ നിന്നു് കുറേപണം വങ്ങി മുമ്പുനോക്കിവെച്ചിരുന്ന ഒരു വസ്തു ലേലത്തിൽ കൊള്ളാനായി രാമദുലാലൻ ടല്ലോ കമ്പനിക്കാരുടേ ആപ്പീസ്സിലേക്ക്പോയി. എന്നാൽ താൻ ഉദ്ദേശിച്ചിരുന്നവസ്തു ലേലത്തിൽ വിററുപോയതായി ആയാറം അറിഞ്ഞു. എങ്കിലും അപ്പോറം തന്നേ വെള്ളത്തിൽ മുങ്ങിക്കിടക്കുന്ന ഒരു കപ്പൽ സാമാനങ്ങളടക്കം ലേലത്തിന്നു വെച്ചിരിക്കുന്നു എന്നു ആയാറം കേട്ടു. താൻമുമ്പു കണ്ട കപ്പലാണ് അത്എന്നു രാമദുലാലനു മനസ്സിലായി. ആയാറം അപ്പോറംതന്നേ ലേലം വിളിക്കുന്നസ്ഥലത്ത്പോയിതൻേറ എജമാനൻേറ പേരിൽ ആകപ്പലും സാമാനങ്ങളും 14000കക്ക് ലേലത്തിൽകൊണ്ടു. ആ സമയത്ത് ഒരു സായ്പ് ആ കപ്പൽ ലേലം വിളിക്കാനായി ബദ്ധപ്പെട്ടുവന്നു. ഒരു ബംഗാളി അത് ലേലത്തിൽ കൊണ്ടതായിസായ്പ് കേട്ടു. സായ്പ് കണ്ണു ചുവപ്പിച്ചു കൊണ്ടു് രാമദുലാലൻെറ അടുക്കൽവന്നു് അത്മടക്കിക്കൊടുക്കണമെന്നു് പറഞ്ഞു രാമദുലാലൻ പേടിപ്പൊണ്ണനായിരുന്നില്ല. തക്കതായ ലാഭം തന്നാൽ അതുമടക്കിക്കൊടുക്കാൻ സമ്മതമാണെന്നു് രാമദുലാലൻ സായ്പിനോടു പറഞ്ഞു. പിന്നേ അനേകം തക്കവിതക്കങ്ങറം കഴിഞ്ഞ ശേഷം അസ്സൽമുതൽ 14000കക്കു പുറമേ ഒരു ലക്ഷത്തോളം ഉറുപ്പിക ലാഭം കൊടുത്ത് സായ്പ് കപ്പൽ വിലക്കുവാങ്ങി.

രാമദുലാലനു് കളവുപറയാനോ വഞ്ചിക്കാനോ അറിഞ്ഞുകൂടായിരുന്നു. എന്തൊന്നു ആക്കു ചെല്ലേണ്ടതോ അത് അയാറംക്കുതന്നേ രാമദുലാലൻ കൊടുത്തിരുന്നു. രാമദുലാലനു വേണമെന്നുണ്ടെങ്കിൽ 14000ക എജമനനു് മടക്കിക്കൊടുത്ത് ലാഭംകിട്ടിയലക്ഷത്തോളം സംഖ്യ തനിക്കു സ്വന്തമായി എടുക്കാമായിരുന്നു. എന്നാൽ അങ്ങിനെ

ചെയ്യണമെന്നു് അയാൾക്കു് ലേശംപോലും ആഗ്രഹമുണ്ടായില്ല. അയാൾ പേടിച്ചുംകൊണ്ടു് യജമാനൻെറ അടുക്കൽ ചെന്നു് കാതരസ്വരത്തിൽ പറഞ്ഞു:—ഞാൻ ആപ്പീസ്സിലെത്തുന്നതിന്നു മുമ്പിൽതന്നേ അങ്ങ് ഉദ്ദേശിച്ചിരുന്ന വസ്തു ലേലത്തിൽ വിററുപോയി. പിന്നീടു വെള്ളത്തിൽ മുങ്ങിയിരുന്ന ഒരു പ്പൽ ലേലം വിളിച്ചപ്പോൾ ഞാൻ അങ്ങയുടെ സമ്മതംകൂടാതേ 14000കക്കു് അതു ലേലത്തിൽകൊണ്ടു. ഒരു സായ്പ ലക്ഷത്തോളം ഉറപ്പിക ലാഭം തന്നു് അതു എന്നോടു വിലക്കുവാങ്ങി. ഇപ്പോൾ അങ്ങ് ദയവുചെയ്തു് അസ്സൽ 14000കയും ലാഭം കിട്ടിയ ലക്ഷത്തോളം ഉറപ്പികയും സ്വീകരിക്കണം അത് അങ്ങയുടേ സ്വത്താണ് അങ്ങയ്ക്കുതന്നേ ഞാൻ തരുന്നു" മദനമോഹൻ പറഞ്ഞു:—"ലാഭംകിട്ടിയതു നിൻെറ ഭാഗ്യംകൊണ്ടാണ്. അതുകൊണ്ടു ലാഭം കിട്ടിയതു നീ തന്നെ എടുത്താലും" അപ്പോൾ സ്വാമിഭക്തനായ രാമദുലാലൻ ലാഭംകിട്ടിയ സംഖ്യ താൻ എടുത്തു് അസ്സൽ മുതൽ 14000ക യജമാനൻെറപക്കൽ കൊടുത്തു. അന്നുമുതല്ക്കു് രാമദുലാലൻെറ ഭാഗ്യോദയംതുടങ്ങി. ഏതൊരുത്തനു 5ക ശമ്പളത്തിന്മേൽ ബാരാകപുരംവരേ കാൽനടയായി നടക്കേണ്ടിവന്നിരുന്നുവോ? ഏതൊരുവനു 10ക ശമ്പളത്തിന്നുവേണ്ടി ഒരു ദിവസം 7 കാതംവഴി നദിയിൽ നീന്തേണ്ടിവന്നുവോ അവൻ ഒരു ദിവസംകൊണ്ടു് ലക്ഷപ്രഭുവായിത്തീൎന്നു.

രണ്ടുനാലുദിനംകൊണ്ടൊരുത്തനേ
തണ്ടിലേററിനടത്തുന്നതും ഭവാൻ

എന്നത് എത്രയും വാസ്തവംതന്നേ.

(തുടരും)

കണ്ണമ്പ്രകുഞ്ഞുണ്ണിനായർ ബി. എ. ബി. എൽ.

---

# ലീല.

(മഞ്ജരി.)

കൈവന്നു തങ്ങൾക്കു കാമ്യപദമെന്നു
പാവനശ്രീലസൽ പാദസ്സരം
സഞ്ചിതാനന്ദം ചെഞ്ചേവടിത്താർകളിൽ
പുഞ്ചിരിപൂണ്ടുകൊണ്ടുല്ലസിച്ചും,
ലാവണ്യപാഥോധിതൻതിരത്തള്ളലിൽ-
ഭാവവിലാസങ്ങൾ കാട്ടിക്കാട്ടി

ചട്ടററകാന്തികളിക്കുന്ന പച്ചപ്പൂ-
മ്പട്ടണിപ്പാവാടയൊട്ടുലഞ്ഞും
ജാക്കററതന്നെയും തള്ളിപ്പൊളിക്കുവാ-
നുക്കററയരുമപ്പോർകുചങ്ങൾ
"എന്തിനുനീ"യെന്നു നന്മുത്തുമാലത്തെ-
യന്തിയകററിയൂഞ്ഞാലാടിച്ചും,
കാളിന്ദിതന്നുടെയോളക്കളികാട്ടും
കാളിമകാളിനകാർകുന്തളം
കെട്ടഴിഞ്ഞൊട്ടിളകീടുംനിതംബത്തിൽ
തട്ടിത്തിളങ്ങിക്കളിയാടിയും,
പൊന്മണികങ്കണകംപാണമുയരുമാ-
റമ്മഞ്ജുകൈത്തലംകൊണ്ടുമേന്മേൽ
പന്തടിച്ചീടവേ, കണ്ടില്ല'ലീല'ത-
ന്നന്തികമെത്തിയ കാമുകനെ.
"എന്നെയുംകൂടിക്കളിക്കുവാൻ ചേൎക്കുമോ?"
എന്നുള്ള കാമുകവാക്യംകേൾക്കെ,
ചെന്തളിർക്കൈകൊണ്ടടിയേല്ക്കാൻ പിന്നെയും
പൊന്തിടുംപന്തിനെ വിട്ടുടനെ
പിൻതിരി,ഞ്ഞുള്ളം നിറഞ്ഞുള്ളരാഗത്തിൻ
കാന്തിപൂരമേതെളിയുംപോലെ,
പൊൻപനീർപ്പൂവൊളിപ്പൂങ്കവിൾതൻതുടു-
പ്പമ്പിൽവളൎന്നുള്ള വക്ത്രംതാഴ്ത്തി,
കാലിൻപെരുവിരൽകൊണ്ടുധരണിയിൽ
ചേലിലെഴുതിയും കാമലേഖം,
നിന്നാളത്തന്വിയാൾ, പൊട്ടിപ്പുറപ്പെട്ട
മന്ദസ്മിതപ്പുതുപ്പാൽക്കടലിൽ
ആറാടാനാശിച്ച കാന്തൻനിരാശയാം
വാരാശിതന്നിൽ നിമഗ്നനാകെ.
നാനാവികാരപരിഭ്രാന്താന്തരംഗൻ
മൌനത്തെഭഞ്ജിച്ചാൻ "ബാലൻ"പിന്നെ:-
"ജീവിതസൎവ്വസ്വ—അയ്യയ്യോ"മാപ്പരുൾ-
കിവേലക്കാരൻ ചെറുക്കനായ്യേ!
"വേക്കംപോയ് കാപ്പിതിളപ്പിച്ചുകൊണ്ടുവാ
നില്ലാ"തെന്നാജ്ഞയരുളുകനേ,

വാലിയക്കാരനെക്കാണുമ്പോളിങ്ങിനെ
നീലജ്ജിച്ചെന്തിനു നില്പൂ ദേവി!
ഞാനൊരുദാസിതൻ പുത്രനത്രേ,നീയോ
മാനമെഴും പ്രഭുപുത്രിയാളും.
പെററപ്പോൾതന്നെ കഴിഞ്ഞു 'രമേശൻെറ'
കററക്കിടാവപ്പോളീയിവനെ-
ഭൃത്യതൻ പുത്രനെ—പ്പോററിയതാണത്രെ
സത്യം ഞാനിന്നു ഗ്രഹിച്ചതുള്ളു.
അപ്രഭുതൻെറ മുതലിന്നവകാശ-
മല്പവുമില്ലെനിക്കോർക്കണം നീ.
കോകിലക്കൂട്ടിൽ വളർന്നാകിൽ കിട്ടുമോ
കാകക്കിടാവിനു കമ്രനാദം?
രാജകുമാരന്മാർക്കൂടികൊതിച്ചിട്ടും
രാജീവലോചനേ, നിൻപ്രണയം
വാലിയക്കാരിതാൻ പെററവള്ളപൈതലാം
ബാലനിൽനിന്നുവീപിൻവലിക്കൂ.
മാനിനിമാർമണേ, ദാസിതൻസൂനുവാം
ഞാനിനിനിൻപ്രണയാർഹനല്ല.
കാക്കപ്പൊൻകൊണ്ടാണോ കെട്ടുകവേണ്ടതാ-
ശ്രീക്കുവിളങ്ങുവാം പത്മരാഗം?
താനേവിടരുമിത്തുമലരിൻതെളി-
തേനേതുമാസ്വാദിച്ചില്ലിബ്ഭൃംഗം.
രാജഹംസക്കുമലഭ്യമിപ്പൊന്മലർ
വ്യാജമായ്ച്ചെന്നുമുകരുകയോ?
ഭൃത്യതൻപുത്രനാണെന്നാകിലെന്തതി-
ലത്യുഗ്രവഞ്ചകൻകൂടിയായ്ഞാൻ.
എൻമനമെൻെറയല്ലെൻ പ്രാണനെൻെറയ-
ല്ലെന്നാത്മാവെൻെറയല്ലില്ലൊന്നുമേ.
എന്തിനു ഞാൻ!"—പിന്നെയോതുവാനൊന്നും
പൊന്താതെനിന്നാൻതരുണനവൻ.
മുന്നമാലജ്ജവന്നാഴ്ത്തിയവക്ത്രത്തെ-
യുന്നമിപ്പിച്ചാളാലീല വേഗം
നീണ്ടുവിടർന്നുള്ള കണ്ണുകൾരണ്ടിലു-
മാണ്ടുള്ളനാനാവികാരത്തോടും

ഓതിത്തുടങ്ങിനാൾ:—ഹാ! കഷ്ട! മിവണ്ണ-
മോതൊല്ലമൽപ്രാണൈകാധാരമേ!
ഭൃത്യതൻപുത്രനോവൃത്രാരിപുത്രനോ
ചിത്തമണഞ്ഞതിബ്ബാലകൽമേ
ഭൃത്യനാണെങ്കിലോഞാനൊരുഭൃത്യയും
പൃഥ്വീശനെങ്കിലോ രാജ്ഞിയാളും.
മാമകപ്രേമസാമ്രാജ്യത്തിലങ്ങൊരു
ഭൂമണ്ഡലേശ്വരൻതന്നെ നൂനം
ആരമേശൻറമുതലവകാശിയി-
ലാരക്തയായില ലീല പണ്ടേ
കല്ലിൽകണക്കെൻറയുള്ളിൽ പതിഞ്ഞുള്ളൊ
രല്ലിത്താർബാണനെൻകാന്തൻബാലൻ
ലീലയെത്തൊററിദ്ധരിച്ചല്ലോതൽപ്രിയൻ
മാലതേ മാനസത്തിങ്കലുള്ള.
"ആരുടെപുത്രനാണെത്രമുതലുണ്ടി-
ന്നാരെല്ലാം വന്നു ബഹുമാനിക്കും"
എന്നൊന്നും നോക്കുകയില്ലല്ലോ സൽപ്രേമം
എന്നെന്നുംനില്ക്കുമതേകമട്ടിൽ.
സന്താപംസന്തോഷമാക്കിച്ചമപ്പതും,
അന്തകനെക്കൂടിവെല്ലുന്നതും
ചെന്തീയിൻജ്വാലയെച്ചെന്താരിൻമോട്ടായി-
ച്ചിന്തിച്ചെട്ടത്തു ചൂടുന്നതും,
വങ്കടലാറാക്കഴയാക്കിടുന്നതും
മൺകട്ട പൊൻകട്ടയാക്കുന്നതും
പ്രേമമാ,ണായതിന്നാജ്ഞകേൾക്കാതെയി-
ബ്ഭൂമിയിലൊന്നുംനടക്കയില്ല.
അമ്മഹാശക്തിതാൻ പാലിച്ചുവഴ്കവേ
നമ്മളെയെന്തൊന്നു വേർപിരിക്കും?
എന്തിനുവല്ലതും ചൊല്ലുന്നു നാഥ,നെ-
ന്നന്തരംഗത്തെപ്പരീക്ഷിക്കയോ."
ശ്വാസംനിവത്തിനാ,ളപ്പോഴങ്ങുണ്ടായി
ഭാസുരപ്രേമത്തിൻ ദീപ്തിയെങ്ങും.

പണ്ഡിതർ വെള്ളാട്ടുൽ ഗോവിന്ദമേനോൻ.

# കുസുമസന്ദേശം

(ഇംഗ്ലീഷിൽനിന്നു്)

വസന്തലക്ഷ്മി ഉദ്യാനങ്ങളെ കുസുമിതങ്ങളാക്കി. ഭഗവാൻ കിരണമാലി വസുന്ധരാദേവിയെ സുവർണ്ണകഞ്ചുകമണിയിച്ചു. പ്രകൃതിഭഗവതിയുടെ വൈതാളികന്മാർ—ദ്വിജസമൂഹം മനോഹരഗാനങ്ങളാരംഭിച്ചു. മന്ദപവനാലിംഗനത്താൽ വല്ലീസമൂഹം ഉൽപുളകമാകുകയും ചെയ്തു.

പരമോത്സവദായകമായ അന്നത്തെ വിഭാതവേളയിൽ, സമീപവർത്തിയായ അടവീതടത്തിൽ സകൗതുകം വിഹരിച്ചിരുന്ന ഞാൻ അനന്യാദൃശമോഹനമായ ഒരു കുസുമത്താൽ ആകൃഷ്ടനായിച്ചമഞ്ഞു. പറിക്കുവാൻ എന്റെ കരങ്ങൾ അതിനോടു സമീപിച്ചു. എന്നാൽ അതു തൽക്ഷണം വിറച്ചു ഭയംകൊണ്ടെന്നപോലെ നടുങ്ങി.

ഞാൻ സസംഭ്രമം ആ കുസുമപ്രകാണ്ഡത്തിന്റെ അന്തരാത്മാവിലേയ്ക്കുതന്നെ ദൃഷ്ടികളെ ഉന്മുഖമാക്കിക്കൊണ്ടു നിന്നു.

എന്റെ ഹൃദയാന്തർഭാഗത്തുനിന്നു് ഒരു ശബ്ദം പുറപ്പെട്ടുതുടങ്ങി. "എന്റെ കുഞ്ഞേ! നിന്റെ കണ്ണുങ്ങളേയോ നാസികയേയോ വിച്ഛേദിക്കാൻ യാതൊരുവർക്കും അധികാരമില്ലാത്തതുപോലെ, നിനക്കു് ഈ ചെടിയിൽനിന്നു് ഈ പുഷ്പത്തെ ഛേദിക്കാനും അധികാരമില്ല. അതു് അവിടെ തനിയേ നിന്നുകൊള്ളട്ടെ. അതിന്റെ സൌരഭ്യംകൊണ്ടു തൃപ്തിപ്പെട്ടുകൊള്ളുക.

ഈ വാക്കുകൾ ശ്രവിച്ചപ്പോൾ എന്റെ ബാഹുക്കൾ തളർന്നുപോയി. പക്ഷെ എന്റെ കുമതി വാദിക്കാൻ തുടങ്ങി. "എന്തായാലും—ഇന്നല്ലെങ്കിൽ നാളെ ഈ പുഷ്പം വാടി നശിച്ചുപോകും. ഞാൻ പറിച്ചില്ലെങ്കിൽതന്നെയും നാളെ ഇതു ഭൂമിദേവിയെ ആലിംഗനംചെയ്യുന്നതു കാണാം. നിശ്ചയമായും ഇതു തളർന്നു നശിക്കുമെങ്കിൽ എന്തുകൊണ്ടെനിക്കു് ഇപ്പുഷ്പത്തെപ്പറിച്ചുകൂടാ! അനുഭവിച്ചുകൂടാ!

വീണ്ടും എന്റെ അന്തരാത്മാവു (സുമതി) ഉപദേശിച്ചുതുടങ്ങി:"—എന്നാൽ ശ്രദ്ധിക്കുക— നീയും ഇന്നോ നാളെയോ മരിക്കുകതന്നെ വേണം. നീ ഇപ്പോൾ എന്തുകൊണ്ടു വധിക്കപ്പെട്ടുകൂടാ. ശാരീരികമായി ഇന്നോ നാളെയൊ നീ മരിക്കുമെന്നുള്ളതുകൊണ്ടു നിന്നെ ഇപ്പോൾ കൊല്ലാനാർക്കെങ്കിലുമധികാരമുണ്ടോ? അതുകൊണ്ടു് അല്ലയോ സ്നേഹിത! ദൈവികനിയമത്തോടു പിണങ്ങേണ്ട! അതു് അതിന്റെ വഴിയെ പൊയ്ക്കൊള്ളട്ടേ!

അപ്പോഴും എൻെറ നയനങ്ങൾ ആ മനോഹരമായ ചെറുപുഷ്പത്തിൽതന്നെയുറച്ചിരുന്നു. എന്നാൽ അറിയാതെതന്നെ ഞാൻ എൻെറ ജാനുക്കളെ വളച്ചുതുടങ്ങി! അനഘമായ ആ ചെറുപുഷ്പത്തിൻെറ പാദത്തിൽ മുട്ടുകുത്തികൊണ്ടു ഞാൻ ഇങ്ങനെ ഉദ്ഗിരണംചെയ്തു.

“അല്ലയോ പരിപാവനമായ പുഷ്പമേ! ഏതൊരു ശക്തിയാണോ അങ്ങയെ നിർമ്മിച്ചതു് ആ ശക്തിതന്നെയാണ് എന്നെയും നിർമ്മിച്ചതു്. നമ്മൾ രണ്ടുപേരുടേയും സൃഷ്ടികർത്താവു് അദ്ദേഹംതന്നെയാണ്. എനിക്കു് അങ്ങയെ ഈ ശാഖയിൽനിന്നു വേർപെടുത്താനോ, നശിപ്പിക്കാനോ യാതൊരധികാരവുമില്ല. ഹാ! ചെറുപുഷ്പമേ! ഞാൻ യാചിക്കുന്നു:—എനിക്കു മാപ്പുതരിക. നീ എത്രനാൾ ജീവിക്കുവാൻ അദ്ദേഹം ഉദ്ദേശിച്ചുവോ, അത്രയും നാൾ തപസ്വിനിപവർത്തികളാകാൻ ഭാഗ്യമുണ്ടാകുന്നവൎക്കെല്ലാം സൌരഭ്യത്തെ പകൎന്നുകൊടുത്തുകൊണ്ടു ജീവിക്കുക. ദൈവമനുഗ്രഹിക്കട്ടെ!”

ഈ നിസ്സാരസംഭവം എൻെറ അന്തഃകരണത്തിൽ അഗാധമായ ഒരു വികാരമുളവാക്കി. പിന്നീടു ഞാൻ പുഷ്പാപചയത്തിനു തുനിഞ്ഞിട്ടേയില്ല. എന്നാലും ഞാൻ പുഷ്പങ്ങളെ സ്നേഹിക്കുന്നു! അല്ലാ, ആരാധിക്കുന്നു! അല്പം ദൂരത്തുവെച്ചാണെന്നു മാത്രം.

ഈ അനുഭവത്തെ ഞാനിവിടെ പ്രത്യക്ഷീകരിച്ചതുകൊണ്ടു് ആരും ഇനിമേൽ പുഷ്പങ്ങൾ പറിക്കരുതെന്നോ ഉപയോഗിക്കരുതെന്നോ ഒരു വിളംബരം ചെയ്യാനുദ്ദേശിക്കുന്നതായി ആരും വിചാരിച്ചുപോകരുതു്. എന്തെന്നാൽ പ്രതി നവഭിന്നന്മാരായ ജനങ്ങൾ ഓരോരുത്തൎക്കും ഞാനല്ലല്ലോ ആദൎശം; ഇവകൾ എൻെറ വിചാരങ്ങളും വികാരങ്ങളും മാത്രമാകുന്നു.

എന്നാലും കുസുമങ്ങളോടു എനിക്കുള്ള സ്നേഹബഹുമാനങ്ങൾ കൊണ്ടു്, പ്രകൃതി പ്രണയികളായ ജനങ്ങളോടു ഞാനപേക്ഷിക്കുന്നു:— പറിച്ചു് അവയുടെ മൃദുജീവിതത്തിൻെറ സൌന്ദൎയ്യം നശിപ്പിക്കാതെ അവയെ പൂജിക്കുക”

ഈ ഭാരതഖണ്ഡത്തിൽ, പ്രഭാതസായാഹ്നങ്ങളിൽ ക്ഷേത്രംതോറും, ഓരോ കുട്ടപുഷ്പങ്ങളാൽ ചിലേടത്തു വണ്ടികൾ നിറയെ പുഷ്പങ്ങളാൽ ഈശ്വരൻ ആരാധിക്കപ്പെടുന്നു!

ഏതാദൃശമായ ബാഹ്യപൂജയെ ദൈവമിഷ്ടപ്പെടുമെന്നു് നിങ്ങൾക്കു തോന്നുന്നുണ്ടോ? ഈശ്വരൻ വസിക്കുന്നതെവിടെയാണ്. അദ്ദേഹം ഈ ചെറുപുഷ്പങ്ങളുടെ അന്തരാത്മാവിൽ തന്നെ സ്ഥിതിചെയ്യുന്നില്ലേ. പിന്നെയെന്തിനാണ് ഈശ്വരൻെറ പ്രേമപൂൎണ്ണമായ സന്നിധാനത്തെ ഇ

6

ങ്ങനെ ദൂഷിപ്പിയ്ക്കുന്നതു്? എന്തിന് ബാഹ്യപ്രതിമകളുടെ മേൽ അവയേ എറിയുന്നു? ബാലരായിരിയ്ക്കുമ്പോൾ നാം പല നിസ്സാര സംഗതികളും ചെയ്യുക്കാം. എന്നാൽ നാം വളരുമ്പോൾ നാം നമ്മുടെ ബുദ്ധിയേയും ജ്ഞാനത്തേയും ഉപയോഗിച്ച് ഈ ബാലിശസംഗതികൾക്കുമുപരി ഉയരണം. ഞാൻ ഒരു ശിശുവായിരുന്നപ്പോൾ, ശിശുവിനേപ്പോലെ സംസാരിച്ചു; ശിശുവിനേപ്പോലെ മനസ്സിലാക്കി; ശിശുവിനേപ്പോലെ വിചാരിച്ചു; എന്നാൽ, ഞാനൊരു പുരുഷനായപ്പോൾ ഈ ബാലിശസംഗതികൾ മിയ്ക്കവാറും ദൂരതഃപരിത്യജിച്ച്, ആരോ ഈശ്വരനുമാത്രമേ പുഷ്പങ്ങൾ നിർമ്മിയ്ക്കാൻ കഴിയൂ, എന്നാൽ തന്നേപ്പോലെയുള്ള മറയന്മാക്കും കവിതകൾ ഉണ്ടാക്കാം എന്നു പറഞ്ഞിട്ടുണ്ടു്. നാമെല്ലാം മൂഢന്മാരെന്നു സമ്മതിച്ചാൽ തന്നെയും എന്തിന് ഈശ്വരൻെറ അനഘ കുസുമങ്ങളേ നശിപ്പിയ്ക്കണം.

അതേ ഈശ്വരൻ കുസുമങ്ങളേ ഇഷ്ടപ്പെടുന്നു. എന്നാൽ ചേതോഹരങ്ങളായ ഈ ബാഹ്യകുസുമങ്ങളെയല്ലാ അദ്ദേഹം നമ്മുടെ അന്തർഭാഗത്തിലുള്ള പുഷ്പങ്ങളേയാണിഷ്ടപ്പെടുന്നതു്. പരിപാവനമായ ഭക്തികുസുമംകൊണ്ടു നാം അദ്ദേഹത്തെ സ്നേഹിയ്ക്കണം; അനഘമായ ശാന്തികുസുമംകൊണ്ടു് അദ്ദേഹത്തെ ആരാധിയ്ക്കണം; അനുഗ്രഹിതമായ നൈർമ്മല്യ കുസുമത്താൽ അദ്ദേഹത്തെ ബഹുമാനിയ്ക്കണം; മധുരങ്ങളായ നിഷ്കളങ്കതാകുസുമങ്ങളപ്പിച്ചുകൊണ്ടു് അദ്ദേഹത്തിൻെ പാദാംബുജങ്ങളിൽ നമസ്കരിക്കണം. സർവ്വോപരി ദിവ്യമായ സമാധി പുഷ്പംകൊണ്ടും അദ്ദേഹത്തിൽ നാം ലയിയ്ക്കുകയും വേണം!

അന്തഃസുമനസ്സുകളെ അദ്ദേഹത്തിൻെറ ആരാധനയിൽ അപ്പിക്കാതെ പലരും കാമക്രോധാഹംകാരാദികൾക്കു് വശംവദരായി കുസുമാച്ഛനംകൊണ്ടു് ഈശ്വരൻെറ കണ്ണിൽ മണ്ണിടാൻ ശ്രമിയ്ക്കുന്നു!

ഇനിയും മറെറാരു കുസുമം പറിയ്ക്കുന്നതിനു മുമ്പു നാം ആത്മശുദ്ധി നേടുകതന്നെ വേണം. ഹൃദയശുദ്ധിയുള്ളവക്കുമാത്രമേ അദ്ദേഹത്തെ ആരാധിക്കാൻ അധികാരമുള്ളു. ഈ കുസുമത്തെ മലിനഹൃദയത്തോടും, കറപുരണ്ട കരങ്ങളോടും കൂടി സ്പശിച്ചിട്ടു്, ഈശ്വരസാന്നിധ്യത്തെക്കൂടിയെന്തിനു മലിമസമാക്കുന്നു!

"യഥാത്ഥകുസുമം വെളിയിലല്ല. ഉള്ളിലാണു്" എന്നു ശാസ്ത്രം ഘോഷിയ്ക്കുന്നു. അതാണു ഹൃദയാംബുജം. ശാന്തിയ്ക്കും മനഃശുദ്ധിയ്ക്കും വേണ്ടി ഈ അരവിന്ദത്തെ വേണം ഈശ്വരാംഘ്രികളിലപ്പിയ്ക്കുവാൻ. ഒരിയ്ക്കലും നശ്വരങ്ങളായ ബാഹ്യകുസുമങ്ങളെയല്ല.

ഈ അനഘദ്രവ്യം കൊടുക്കാൻ തയ്യാറില്ലാത്തവർ .. സ്വന്ത ഹൃ

ദയമിശ്വരനിലർപ്പിയ്ക്കാൻ മനസ്സില്ലാത്തവർ ആരാണ്, അവർ അദ്ദേഹത്തെ ഈ ബാഹ്യചിഹ്നങ്ങളെക്കൊണ്ടും, ബാഹ്യകർമ്മങ്ങൾകൊണ്ടും പൂജിയ്ക്കുവാൻ സന്തതം ധൃതിയുള്ളവരായിക്കാണപ്പെടുന്നു.

കുസുമങ്ങളെപ്പററിയുള്ള ഈ ആത്മീയവിചാരങ്ങൾ കണ്ടു നിൎത്തി, പ്രേമപരിപൂൎണ്ണമായ അവയുടെ സന്ദേശത്തെ മനസ്സിലാക്കാൻ നമുക്ക് അവയെ സമീപിയ്ക്കാം.

ഹാ! അനഘ-മധുര-മനോഹരകുസുമങ്ങളെ! ഞാൻ പ്രാൎത്ഥിയ്ക്കുന്നു:—നിങ്ങളുടെ സന്ദേശത്തേയരുളിച്ചെയ്യാലും ഈ ലോകത്തിന്-ഈശ്വരപ്രതിമകൾക്ക്-നിങ്ങളുടെ സന്ദേശമെന്താണ്?

കുസുമങ്ങൾ പറഞ്ഞു:—"സൌരഭ്യംതന്നെയാണ് ഞങ്ങളുടെ സന്ദേശം. ഞങ്ങൾ ഞങ്ങളുടെ സന്ദേശത്തെ-ചൈതന്യവിഹീനങ്ങളായ വിചാരങ്ങൾ നിറഞ്ഞ അന്തസ്സാരശൂന്യങ്ങളായ വാക്കുകളിൽകൂടി നൽകുന്നില്ല. നിങ്ങൾ, ഞങ്ങളുടെ സന്ദേശത്താൽ-അതെ സൌരഭ്യത്താൽ-പൂൎണ്ണവും ആവൃതവുമത്രെ.

ഞങ്ങളുടെ സമീപത്തുകൂടി നിങ്ങൾ പോകുമ്പോൾ, സൌരഭ്യത്തെ-അസ്മൽസന്ദേശത്തെ-അറിയാതിരിക്കാൻ സാധിക്കയില്ല. പാതകളുടെ പാൎശ്വങ്ങളിൽ അജ്ഞാതസ്ഥലങ്ങളിലായി ചിന്നിച്ചിതറി വിടൎന്നുനില്ക്കുമ്പോഴും ഞങ്ങൾ പലരിൽനിന്നും "ആ മധുരങ്ങളായ കുസുമങ്ങളെ നോക്കുക" എന്നുള്ള വാക്കുകൾ ശ്രവിച്ചിട്ടുണ്ട്.

ഞങ്ങൾ ഞങ്ങളുടെ അന്തൎഭാഗത്തിൽകന്നെ കേന്ദ്രിഭവിയ്ക്കുന്നു. ഞങ്ങൾ ജീവിതം-സൌരഭ്യത്തോട് അവിയുക്തമായി ഏകീകൃതമായ ഒരു ജീവിതം-നയിയ്ക്കുന്നു. അതുകൊണ്ട്, ക്ഷണം കൂടാതെതന്നെ ജനങ്ങൾക്ക് ഞങ്ങളെ അവലോകനംചെയ്യാതിരിയ്ക്കാനും അത്ഭുതപ്പെടാതിരിയ്ക്കാനും ശക്യമല്ലതന്നെ.

അതുപോലെ, ഈശ്വരസന്താനമായിരുന്നുകൊണ്ട് എത്രനാളാണ് ഭവാൻ അജ്ഞാനാന്ധകാരത്തിലുള്ള ഈ നിദ്രയാൽ തൃപ്തിപ്പെടാൻ പോകുന്നതു്? അദ്ദേഹത്തിൻെറ ആരാധനയ്ക്കെന്നുപറഞ്ഞു, ഞങ്ങളെ (പുഷ്പങ്ങളെ) ഇങ്ങിനെ നശിപ്പിച്ചുകൊണ്ട് ഈശ്വരനെ നിങ്ങൾ എത്രനാൾ തൃപ്തിപ്പെടുത്തും?

ഞങ്ങളെ അദ്ദേഹത്തിനൎപ്പിയ്ക്കണമെന്ന്, ലോകപിതാവാഗ്രഹിയ്ക്കുന്നില്ല. അദ്ദേഹം ഞങ്ങളിൽതന്നെയുണ്ട്. അദ്ദേഹം ആവശ്യപ്പെടുന്നതു നിങ്ങളുടെ ഹൃദയകുസുമത്തെയാണ്. സൎവ്വശക്തനായ ജഗദീശ്വരന് സ്വന്തം ഹൃദയത്തെത്തന്നെ അൎപ്പിയ്ക്കണമെന്നുള്ള നിശ്ചയത്തോടുകൂടി ഉണരേണ്ടകാലം അതിക്രമിച്ചിരിയ്ക്കുന്നു.

നിങ്ങളുടെ ഹൃദയാരവിന്ദത്തെ നിർമ്മലികരിച്ച ലോകപ്രഭുവിനെ പ്രീതിപ്പെടുത്തുക. ബാഹ്യകുസുമങ്ങളാലോ, കൃത്രിമകുസുമങ്ങളാലോ ഈശ്വരൻ തൃപ്തിപ്പെടുകയില്ല; നിങ്ങളുടെ ഹൃദയകുസുമംകൊണ്ടുള്ള അവിയുക്തവും കേന്ദ്രീകൃതവുമായ ആരാധനംകൊണ്ടു മാത്രമേ അദ്ദേഹം തൃപ്തിപ്പെടുകയുള്ളു.

സ്നേഹിത! ഇപ്പോഴെങ്കിലും കണ്ണുതുറക്കുക. ആത്മീയ ജീവിതമാരംഭിക്കുക; ഈ നിമിഷത്തിൽ തന്നെ തുടങ്ങുക. നിങ്ങളുടെ ഹൃദയദളങ്ങൾ വികസിക്കട്ടെ! വിസ്തൃതിയെ പ്രാപിക്കട്ടെ! ആ അരവിന്ദം ഐശ്വരപ്രണയംകൊണ്ടു പൂർണ്ണവുമാകട്ടെ!

സർവ്വശക്തനെ—നിങ്ങളുടെ ഹൃദയനളിന നിവാസിയെ—തൃപ്തിപ്പെടുത്താൻ ലഘുവും അവക്രവുമായ മാർഗ്ഗം ഇതേയുള്ളു. ചില നിമിഷങ്ങളിലോ, പ്രത്യേകതിഥികളിലോ അല്ല അദ്ദേഹത്തെ ആരാധിക്കേണ്ടതു്. നിങ്ങളുടെ ജീവിതത്തിലെ ഓരോ നിമിഷത്തിലും, ഓരോ ഹൃദയസ്പന്ദനവും ഈശ്വരാർപ്പിതമായ ഓരോ വിശുദ്ധകുസുമമാണെന്നു് അറിഞ്ഞുകൊണ്ടു് അദ്ദേഹത്തെ ആരാധിക്കുക.

നിർമ്മലമായ പ്രണയപാശംകൊണ്ടു് ഈശ്വരനോടു ബന്ധിതനാകാൻ, ഇതേയുള്ളു വാസ്തവമായ ആരാധനം. അദ്ദേഹത്തെ ഇടവിടാതെ ഇങ്ങിനെയാരാധിക്കുമ്പോൾ, നിങ്ങളുടെ ആ അരവിന്ദപുഷ്പം വികസിച്ചു് അതിൻെറ സൌരഭ്യം സർവ്വ ദിക്കുകളിലും വ്യാപിപ്പിക്കാൻ തുടങ്ങും. നിങ്ങൾ പ്രസംഗിക്കുകയോ പഠിപ്പിക്കുകയോ വേണ്ട. ആചാര്യപീഠത്തെ ആരോഹണം ചെയ്യുകയും വേണ്ട! നിങ്ങളുടെ പ്രശാന്തജീവിതംതന്നെ ഒരനുഗ്രഹമായിരിക്കും. ലോകത്തിനു നിങ്ങളുടെ സാന്നിദ്ധ്യം തന്നെ ഒരു മഹച്ഛക്തിയുടെ വിളയാട്ടമാണ !

ഈ വിധം ജീവിച്ചാൽ മതി. ലോകമെല്ലാം നിങ്ങളുടെ പ്രണയസൌരഭ്യത്തിൽ നിമ്മഗ്നമായിത്തീരും. നിങ്ങളിൽനിന്നും അരുവികളായിട്ടും തരംഗിണികളായിട്ടും പ്രേമമൊഴുകിത്തുടങ്ങും.

ഈ പ്രേമകുസുമത്തെ മുറുകെപ്പിടിക്കുക. എന്തെന്നാൽ ഈശ്വരൻ പ്രേമമല്ലാതെ മററൊന്നുമല്ല. സർവ്വ ലോകവും നിങ്ങളുടെ അനഘപ്രണയത്തെ—നിങ്ങളുടെ മൌനത്തിൽ—നിങ്ങളുടെ സാന്നിദ്ധ്യംകൊണ്ടുതന്നെ മനസ്സിലാക്കട്ടെ.

അതുകൊണ്ടു്, അല്ലയോ സ്നേഹിത! ബാഹ്യകുസുമങ്ങളായ ഇവ ഞങ്ങൾ, നിങ്ങളുടെ തന്നെ ആന്തരകുസുമങ്ങളുടെ—സർവ്വ വ്യാപിയായ പ്രേമത്തിൻെറ—പ്രതിച്ഛായകളല്ലാതെ വേറൊന്നുമല്ലെന്നു് ഇനിയുമെങ്കിലും മനസ്സിലാക്കുക!

"വികസിയ്ക്കുക; നിങ്ങളുടെ ഹൃദയദളങ്ങളെ തുറക്കുക. പ്രേമസൌരഭ്യം സർവ്വത്ര വ്യാപിപ്പിയ്ക്കുക". ഇതാണു ലോകത്തിനു—മനുഷ്യലോകത്തിനു—ഞങ്ങളുടെ സന്ദേശം.

അന്തസ്സോഭജനകങ്ങളും, എന്നാൽ ലളിതങ്ങളുമായ ഈ മധുരവചനങ്ങളെ ശ്രവിച്ചപ്പോൾ ഞാൻ ഒരു സമാധിയിൽ ലയിച്ചു. ആ അവസ്ഥയിൽ ആ മനോഹരകുസുമങ്ങളും ഞാനുമൊന്നായതുപോലെ തോന്നി!

ആ സുരഭിലസുമനസ്സുകളുടെ ഇടയിൽ ഞാനും ഒരു പുഷ്പമായിത്തീർന്നു. ഹാ! അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ഓരോ ചെറുപുഷ്പത്തിന്റേയും ഹൃദയത്തിൽ ഉണ്ടെന്നും, എല്ലാ വശങ്ങളിൽനിന്നും ആ ജഗദീശസൌന്ദര്യത്തിന്റെ സൌരഭ്യം വിശ്വസിയ്ക്കാമെന്നും അറിയുമ്പോഴുള്ള ആനന്ദം വാചാമഗോചരം തന്നെയാണ്. കുസുമങ്ങളുടെ ഇടയിൽ ഒരു മധുരകുസുമമാകുന്നതുതന്നെയാണ് ജീവിതത്തിൽ സാധിയ്ക്കേണ്ടതായുള്ളത്!

ഹൃദയത്തെ ഒരുദ്യാനമായും, വിചാരങ്ങളെ പുഷ്പങ്ങളായും, വർണ്ണിച്ചിട്ടുള്ള ഒരു കവിത എനിയ്ക്കോർമ്മവന്നു:—

"ഹൃത്തൊട്ടൊരുദ്യാന;മതിങ്കലല്ലോ
വിചാരപുഷ്പങ്ങൾ വളർന്നിടുന്നു
നാമോർത്തിടും ചിന്തകളാണു,നമ്മൾ
വിതച്ചിടും വിത്തുകൾ ജീവിതത്തിൽ"

സ്വഹൃദയത്തെ സുരഭിലസുമനസ്സമ്പൂർണ്ണമായ ഒരുദ്യാനമാക്കുവാൻ കഴിയുന്നവർ അനുഗൃഹീതന്മാർ തന്നെയാണ്. ഏതാദൃശമായ ഒരു മനോഹരോദ്യാനത്തിലധിവസിയ്ക്കുവാൻ നിങ്ങൾ അഭിലഷിയ്ക്കുന്നില്ലേ? പരിശുദ്ധഹൃദയങ്ങളിൽ അധിവസിയ്ക്കുവാൻ പ്രത്യേകമൊരു സ്വാതന്ത്ര്യംതന്നെ വേണം. അതുകൊണ്ടു സ്വർഗ്ഗരാജ്യം ഹൃദയശുദ്ധന്മാരുടെയാണ്. എന്തെന്നാൽ അവിടെ—ശുദ്ധഹൃദയത്തിൽ—അത്രേ സർവ്വശക്തൻ വിളങ്ങുന്നത്.

തൽസൌരഭ്യത്തെ ശ്വസിച്ചുകൊണ്ടും, ലാവണ്യനൈർമ്മല്യങ്ങളേയാലോകനം ചെയ്തുകൊണ്ടും ഈ പ്രഭാതത്തിൽ ഞാൻ പുഷ്പങ്ങളുടെ സമീപത്തുക്കൂടിപ്പോയപ്പോൾ ഓരോ കുസുമവും എന്റെനേരെ തലയാട്ടിത്തുടങ്ങി. അവയുടെ വന്ദനങ്ങളേയും, സ്നേഹത്തെയും, പരിചയഭാവത്തേയും സ്വീകരിച്ചുകൊണ്ട് ഞാൻ എത്ര തൃപ്തിപ്പെട്ടു! ആനന്ദിച്ചു! ലോകത്തിനുവേണ്ടി അവയുടെ സന്ദേശം ഞാനെഴുതുന്നത്. അവയറിഞ്ഞോ എന്നു ഞാനത്ഭുതപ്പെട്ടു! മന്ദഹാസസമന്വിതം "ശരിതന്നെ; നിങ്ങൾ ഞങ്ങളു സന്ദേശമെഴുതുന്നത് ഞങ്ങൾ അറിയുന്നു" എന്ന് അവയരുളിച്ചെയ്യുന്നതുപോലെയെനിയ്ക്കുതോന്നി!.

ഓരോരോ കുസുമങ്ങളുമായി നമ്മുടെ വിചാരങ്ങളെ പകരുകയും, അവയുടെ പ്രേമവും സൌരഭ്യവും അനുഭവിച്ചുകൊണ്ടു സംസാരിക്കുകയും ചെയ്യാൽ—ആ ജീവിതമെത്ര സന്തോഷപ്രദമായിരിക്കണം! നമുക്കു കാണുവാൻ കണ്ണുകളും വിചാരിക്കുവാൻ ഹൃദയവുമുണ്ടായാൽ എല്ലായിടത്തും, ലോകം മുഴുവനും നമുക്കു സ്നേഹിതന്മാരുണ്ടു്. എന്തെന്നാൽ ആ ദിവ്യസന്നിധാനം (ഈശ്വരൻ) പവിവിധമാർഗ്ഗത്തിലും, രൂപത്തിലും, എവിടെയും വ്യാപിച്ചു സ്ഥിതിചെയ്യുന്നുണ്ടു്.

പ്രിയപ്പെട്ടവായനക്കാര! കുസുമസന്ദേശത്തെ, ഈ പരിമിതവാക്കുകളിൽ എനിക്കു വെളിപ്പെടുത്താൻ കഴിയാത്തവയറിയുവാൻ നിങ്ങളേത്തന്നെ ഞാൻ ചുമതലപ്പെടുത്തുന്നു. ദയവുചെയ്തു് അവയെ സമീപിക്കുക. ഹൃദയത്തെ പ്രണയപത്മിനിയിലെ ഒരു സരോരുഹമാക്കി, നല്ലവണ്ണം വിടർത്തി, അവയേ ആലിംഗനം ചെയ്യുക. ഈ 'മധുരസുരഭിലകുസുമ'ങ്ങളുടെ കൂടെ ദിവസവും ഏതാനും നിമിഷങ്ങൾ കഴിച്ചുകൂട്ടുന്നതു് ഒരിക്കലും സമയനഷ്ടമാകുകയില്ല. നമുക്കാവശ്യമുള്ളതു് യുക്തിയല്ല, പരിശീലനമാണു്. വാക്കുകളല്ല, പ്രേമമാണു്!

ഇനിയും നമ്മുടെ ഹൃദയസാമ്രാജ്യനാഥനു്, എല്ലാഋതുക്കളിലുമുള്ള അനഘകുസുമങ്ങളുമായുള്ള മധുരസംഗമത്തിന്റെ സ്മരണയ്ക്കുവേണ്ടി കൃതജ്ഞതയേ പ്രദർശിപ്പിക്കാം.

“അല്ലയോ ആരാധ്യമായ സന്നിധാനമേ! കുസുമത്തിന്റെ സൌരഭ്യവും, പക്ഷികളുടെ കളനിനാദവും, ശിലകളുടെ കാഠിന്യവും, വൃക്ഷങ്ങളുടെ ചൈതന്യവും, നക്ഷത്രങ്ങളുടെ തേജസ്സും മനുഷ്യരുടെ ആത്മാവുമായ പ്രാണനാഥ! ഞങ്ങളുടെ ദിവ്യമായ പരമ്പരാവകാശധനവും, ഹൃദയത്തിന്റെ അടിത്തട്ടിൽ പ്രശാന്തമായി നടനം ചെയ്യുന്നതുമായ അവിടുത്തേ അനന്തമായ കരുണാപ്രവാഹത്തിന്റെ കണികകൊണ്ടു് അടിയങ്ങളേയനുഗ്രഹിച്ചാലും!

ലോകപ്രദീപമായ വിഭാകരദേവനെ അഭിമുഖീകരിച്ചു് സൂര്യകാന്തിപ്പൂക്കൾ ദളങ്ങളേ വിടുർത്തുന്നതുപോലെ, ഞങ്ങളുടെ ഹൃദയദളങ്ങളും, അസ്മജ്ജീവിതവും ആത്മാവുമായ അവിടത്തെ സാന്നിദ്ധ്യത്തിൽ പ്രഫുല്ലമാകുകയും പ്രശോഭിക്കയും ചെയ്യട്ടെ! ഞങ്ങളുടെ ജീവിതത്തിന്റെ സൌരഭ്യവും പ്രകാശവും പ്രേമവും, വികസ്വരങ്ങളായ അസ്മദ് ഹൃദയങ്ങളിൽ നിന്നും ധാരധാരയായി സചരാചരങ്ങളിലേക്കും പ്രവഹിക്കട്ടെ! എന്നുമാത്രമാണു് അവിടുത്തോടു് അടിയങ്ങൾക്കു യാചിക്കാനുള്ളതു്.”

പി. കെ. ഗോവിന്ദപ്പിള്ള ശാസ്ത്രി. ഹരിപ്പാട്ട്

# കുറിപ്പുകൾ.

(കേരളീപ്രവർത്തകന്മാർ)

കൊച്ചി തിരുവിതാംകൂർ രാജ്യങ്ങളുടെ പൊളിററിക്കൽ ഏജന്റ് മിസ്റ്റർ കെയിററർ കഥകളിയിൽ അത്യുത്സുകനായിട്ടുണ്ടെന്നു കാണുന്നുണ്ട്. കഥകളിയുടെ സങ്കേതങ്ങളെല്ലാം അദ്ദേഹം വഴിപോലെ ഗ്രഹിച്ചിരിക്കുന്നു. ഇത്രയും മാനസോല്ലാസകരമായ നാട്യകല വേറെയില്ലെന്നാണത്രേ അദ്ദേഹത്തിന്റെ അഭിപ്രായം.

---

ലണ്ടനിൽവെച്ചു അടുത്ത അവസരത്തിൽ യോഗം ചേരുന്ന ആ "വട്ടമേശസ്സമ്മേളന"ത്തിൽ സംബന്ധിക്കുവാൻ മഹാത്മാഗാന്ധി പോകുന്നുണ്ടെന്നു കേട്ടതോടുകൂടി അദ്ദേഹം ഏതു കപ്പലിൽ ഏതുതരം യാത്രക്കാരനായിട്ടാണു പോവുന്നതെന്നും അങ്ങു ചെന്നാൽ എവിടെയാണു പാർക്കുകയെന്നും മററും അറിയുവാൻ ലോകം ഏററവും ഉൽകണ്ഠരായിരുന്നുണ്ട്. ഇതിനെപ്പററിയുള്ള ചില വിരവങ്ങൾ ദൽഹിയിൽനിന്നു പുറപ്പെടുന്ന "ഹിന്ദുസ്ഥാൻ ടൈംസ്" എന്ന പത്രത്തിൽ പ്രസിദ്ധം ചെയ്യുകാണുന്നു. തീവണ്ടിയിൽ ഗാന്ധിജി മൂന്നാം ക്ലാസ്സു മുറിയിൽ മാത്രമേ കയറുകയുള്ളു വെന്നു നിർബ്ബന്ധമുണ്ടല്ലോ. അവ്വണ്ണംതന്നെ കപ്പൽയാത്രയിലും അദ്ദേഹം മൂന്നാം ക്ലാസ്സു യാത്രക്കാരുടെ ഇരിപ്പിടമായ "ഡക്കി"ൽ കഴിച്ചുകൂട്ടുവാനാണത്രേ തീർച്ചയാക്കിയിരിക്കുന്നതു്. ലണ്ടനിൽ എത്തിയാൽ ഗാന്ധിജി താമസിക്കുന്നതു് ഈസ്റ്റ് എൻഡിലെ കിങ്സ്‌ലിഹാൾ എന്ന കെട്ടിടത്തിലായിരിക്കുമത്രേ. ലണ്ടനിലെ "ദരിദ്രനാരായണ"ന്മാരുടെ ആവാസഭൂവാണു ഈസ്റ്റ്എൻഡ് ആഢ്യരും ധനികരും അവിടെ പ്രവേശിക്കുകയേ ഇല്ല. അവിടെ പാവങ്ങൾക്കും അനാഥർക്കും പാർക്കുവാനായിട്ടുള്ള കെട്ടിടമാണു "കിങ്സ്‌ലിഹാൾ" മഹാത്മജി അതിൽ അനാഥരോടൊപ്പം വസിക്കുന്നതായിരിക്കും.

---

റഷ്യയിലെ ഇപ്പോഴത്തെ "ബോൾഷവിക്കു" ഭരണത്തെക്കുറിച്ചു കേൾക്കുമ്പോൾ ആ രാജ്യം സംസ്കാരത്തെ നിശ്ശേഷം അവഗണിച്ചു കേവലം ഉദരംഭരണത്തിനു പ്രാധാന്യം നൽകിക്കൊണ്ടാണു മുന്നോട്ടു പോവുന്നതെന്നു തോന്നാം. എന്നാൽ ലോകത്തിന്റെ ജ്ഞാനവിജ്ഞാനഭണ്ഡാഗാരമായി ചിരകാലം പ്രശോഭിച്ചിട്ടുള്ള മോസ്കോനഗരിയിലെ ഗ്രന്ഥശാല

യും ചരിത്രസാമഗ്രികളും ഇന്നും അന്യൂനമായിത്തന്നെ സംരക്ഷിക്കപ്പെട്ടിരിക്കുന്നതായി ദിക്സഞ്ചാരികൾ വിവരിച്ചുകാണുന്നുണ്ട്. റഷ്യയിലെ മഹാവിപ്ലവം നടന്ന സന്ദർഭത്തിൽപ്പോലും ഗ്രന്ഥശാലയ്ക്കോ മ്യൂസിയത്തിന്നോ യാതൊരു ഹാനിയുമുണ്ടായിട്ടില്ലത്രേ. എന്നുമാത്രമല്ല, വിപ്ലവകാരികളാൽ നിഹതരായ രാജാക്കന്മാർ പ്രഭുക്കന്മാർ മുതലായവർ ശേഖരിച്ചുവെച്ചിരുന്ന ഒട്ടേറെ ചരിത്രസാമഗ്രികൾകൊണ്ടു സർക്കാർ മ്യൂസിയം ഇപ്പോൾ പരിപുഷ്ടമായിട്ടുമുണ്ട്. ആ ഗ്രന്ഥാലയവും മ്യൂസിയവും റഷ്യയിലെ പണ്ഡിതവര്യന്മാർക്കു യഥേഷ്ടം ഉപയോഗിക്കുവാനായി ഒഴിച്ചുകൊടുത്തിരിക്കയാണ്. വിപ്ലവപരങ്ങളായ പരിവർത്തനങ്ങൾ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും നടന്നുകൊണ്ടിരിക്കവേ തന്നെ പണ്ഡിതന്മാർ ആ സരസ്വതീനികേതനത്തിലിരുന്നുകൊണ്ട് ഓരോ നിരീക്ഷണങ്ങളും പരീക്ഷണങ്ങളും നടത്തുന്നുണ്ട് അവയിൽനിന്നു സമുത്ഭൂതമാകുന്ന സംസ്കാരപരമ്പരയാൽ റഷ്യാരാജ്യം അവിദൂരമായ ഭാവിയിൽ പ്രഖ്യാതമാകുമെന്നാണു പറയപ്പെടുന്നതു്.

---

വാഴ്ചയൊഴിഞ്ഞ കൊച്ചി വലിയതമ്പുരാൻ തിരുമനസ്സിലെ ഔദാര്യഫലമായി തൃശ്ശിവപേരൂരിൽ സ്ഥാപിതമായിട്ടുള്ള മലയാളഭാഷാപോഷണക്കമ്മിററിയിലെ പഴയ മെമ്പർമാരെ പിരിച്ചുവിട്ടു ഗവൎമ്മേണ്ടു പുതിയ മെമ്പർമാരേയും ഉദ്യോഗസ്ഥന്മാരേയും നിയമിച്ചിരിക്കുന്നു. മഹാമഹിമശ്രീ രാമവൎമ്മ അപ്പൻ തമ്പുരാൻ തിരുമനസ്സുകൊണ്ടാണ് അദ്ധ്യക്ഷൻ, സിക്രട്ടരി രാജശ്രീമാൻ പുത്തേഴത്തു രാമൻ മേനോൻ അവർകളുമാണ്. മെമ്പർമാരും ഉദ്യോഗസ്ഥന്മാരും എല്ലാം ഭാഷാപോഷണത്തിന്നായി വേണ്ടതെല്ലാം പ്രവൎത്തിപ്പാൻ ശക്തിയുള്ളവർതന്നെ. ഈ വിധം പുതിയ കമ്മിററിയെ ഏററവും സമുചിതമാംവണ്ണം സംഘടനം ചെയ്തതിൽ ഗവൎമ്മേണ്ടിനെ സാഹിത്യപ്രണയികളെല്ലാം അഭിനന്ദിക്കാതിരിക്കയില്ല. എന്നാൽ കമ്മിററിക്കു മൂലധനത്തിന്റെ പലിശയായിട്ടു കൊല്ലംതോറും കിട്ടിവരുന്ന 1500-കയിൽനിന്നു ശമ്പളം അലവൻസു മുതലായവ നീക്കിയാൽ 400 ക മാത്രമേ ബാക്കിയുണ്ടാകയുള്ളുവത്രേ. സാഹിത്യപരിശ്രമത്തിനും സാഹിത്യസഹായത്തിന്നും എല്ലാംകൂടിയുള്ള വക അതേയുള്ളു. ഗവൎമ്മേണ്ടു കാലംതോറും ഒരു നിശ്ചിതസംഖ്യ ഈ കമ്മിററിക്കു സഹായധനമായിട്ടു നൽകിയോ മറേറാ അതിനെ കൂടുതൽ പ്രയോജനപ്രദമാക്കിത്തീൎത്തില്ലെങ്കിൽ ഇപ്പോൾ കമ്മിററിയിലെ അംഗങ്ങളായി നിയമിച്ചിട്ടുള്ള സാഹിത്യപ്രണയികളുടെ പരിശ്രമത്തിന്നു പറയത്തക്ക ഫലമുണ്ടാകുവാൻ പ്രയാസമുണ്ട്.

—:0:—